1219

പ്രേമവിജയം

ഒരു സാമുദായിക നോവൽ

ഗ്രന്ഥകർത്താ,
പെരിങ്ങര
പി. ഗോപാലപിള്ള,
തിരുവല്ലാ.

പ്രകാശകൻ,
കെ. നാരായണൻ,
വിദ്യാരംഭം പ്രസ്സ് & ബുക്ക്ഡിപ്പോ,
മല്ലപ്പള്ളി, ആലപ്പുഴ.

Distributors
KATTOOKAREN BOOK STALL
BROADWAY ERNAKULAM

ഒന്നാംപതിപ്പ്
കാപ്പി 1000.

കാപ്പിറൈറ്റ്
പ്രകാശകനിൽ.

'വിജ്ഞാനപോഷിണി' പ്രസ്സ്, കൊല്ലം.

വില അണ 12.

1122.

പ്രേമവിജയം

1219

ഒന്നാം അദ്ധ്യായം.

ആനന്ദ രാവിലെ മണി എട്ടടിച്ചുതീയുള്ളൂ. തപാൽ ശിപായി കരുണക്കോട്ടമായി പൂമംഗലത്തു വന്നുചേർന്നു. വരാന്തയിൽ നിന്നിരുന്ന പാറുക്കുട്ടി അത്യന്തം കൗതുകത്തോടും ഉത്കണ്ഠയോടുംകൂടി ആ കവർ വാങ്ങിച്ചു പൊട്ടിച്ചു. അവൾ ആവേശത്തോടെ ആ കത്തു വായിക്കുവാൻ തുടങ്ങി. വായിക്കുംതോറും അവളുടെ മുഖമണ്ഡലത്തിൽ കാർകൊണ്ടലിവന്നു മൂടുവാനാരംഭം തുടങ്ങി. അവളുടെ കൈകളും വിറച്ചു. മുഖത്തു സ്വേദബിന്ദുക്കളും പൊടിച്ചു. അവൾ ഒരു ദീർഘനിശ്വാസത്തോടെ കത്തു വായിച്ചുതീർത്തും ഗതപ്രജ്ഞയായി നിലം പതിച്ചുമൊന്നിച്ചു കഴിഞ്ഞു. അതുകണ്ട സമീപത്തു നിന്നിരുന്ന കൊച്ചുണ്ണിനായർ വാവിട്ടു നിലവിളിച്ചു. നിലവിളികേട്ടു മാധവിയമ്മ ഓടിയെത്തി. അതുവരെ ഉല്ലാസവതിയായിരുന്ന മകളുടെ ഈ അവസ്ഥാന്തരം കണ്ടു മാതാവു പരിഭ്രാന്തയായി. അവർ മകളുടെ അടുക്കൽ ചെന്നിരുന്ന് അവളെ വിളിച്ചു. പലതവണ വിളിച്ചു. അവൾ വിളികേൾക്കുന്നില്ല. അവൾ തൽക്കാൽ അവളുടെ ശിരസ്സുതാങ്ങി മടിയിൽവച്ചു. അവർ വീശിത്തുടങ്ങി. രവീന്ദ്രൻ ഓടിച്ചെന്നു കുറെ ശുശ്രൂഷചെയ്തുവന്നു. അതു് അവളുടെ മുഖത്തും ദേഹത്തും തുടച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ അവൾ മെല്ലെ കണ്ണുതുറന്ന് അമ്മയുടെ മുഖത്തേക്കു നോക്കി. അവൾ നെടുകെ ഒന്നു വീർപ്പിട്ടു. അമ്മ ചോദിച്ചു "കുഞ്ഞേ! നിനക്കെന്തുപറ്റി." അവൾ ഏതോ പറ

യാൻ ചുണ്ടുകൾ അനക്കി. പക്ഷേ വാക്കുകൾ ഇടയ്ക്കു തടയപ്പെട്ടു. രവി ഇയ്യോകേറിപ്പറഞ്ഞു. "അമ്മേ! ചേച്ചിക്ക് ഒരൈഴുത്തുവന്നു. അതു വായിച്ചപ്പോഴാണു ചേച്ചി ഉറക്കെ വീണതു്. അതാ കിടക്കുന്നു ആ എഴുത്തു്. മാധവിയമ്മ അടുക്കൽക്കിടന്ന ആ കത്തെടുത്തു വായിച്ചു. അവരുടെ കണ്ണുകളിൽനിന്നും രണ്ടശ്രുകണങ്ങൾ അടർന്നു താഴെവീണു. അവരും തേങ്ങിത്തേങ്ങി കരയാൻ തുടങ്ങി. അസഹ്യമായ ശോകഭാരം ചെറുവാചകങ്ങളായി പുറത്തേക്കു നിർഗ്ഗളിച്ചു. 'ഹാ! ദൈവമേ! ഞാനെന്താണീ വായിച്ചതു്. എന്താണിതിൽ എഴുതിയിരിക്കുന്നതു്. സോമൻ! അതേ, എന്റെ സോമൻ മരിച്ചെന്നോ? ഇല്ല ഞാനെങ്ങിനെ വിശ്വസിക്കും. അവൻ പോയിട്ടു് ഇപ്പോൾ എത്രയാണ്ടു് ഞങ്ങൾകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനകം എത്രയെത്ര എഴുത്തുകളും കമ്പികളും ഞങ്ങൾക്കു കിട്ടി. അന്നെല്ലാം ഞങ്ങളെത്രയോ ആഹ്ലാദിച്ചു; ആനന്ദിച്ചു. അവൻ ഇന്നുവരും നാളെവരും എന്നു വിചാരിച്ചു് ഞങ്ങൾ എത്ര നാളുകളായി കാത്തിരിക്കുന്നു. എന്റെ മകനേ—അടുത്തുവാൻകൂടിവയ്യ. അവനും ഈ സങ്കടം എങ്ങിനെ സഹിക്കും. എത്രനാൾ സഹിക്കും. അവളുടെ ആ മനോവല്ലഭൻ അന്നു ബിലാത്തിയിലേക്കു പോകുമ്പോൾ എന്തെല്ലാം ആശകളും ആശംസകളുമാണു് അവർക്കു നൽകിയതു്. അതെല്ലാം പാഴിലാകയോ? കരിക്കട്ടയും അങ്ങിനെ ഉരില്ല. എന്റെ സോമൻ മരിക്കയില്ല. അവൻ എന്റെ മകനുവേണ്ടിയെങ്കിലും അതെ, അവന്റെ ആ പ്രേമഭാജനത്തിനുവേണ്ടി നിശ്ചയമായും ജീവിക്കും.

സോമനെന്നും മരിച്ചെന്നും മറ്റുമുള്ള വാക്കുകൾ അടുത്തുനിന്നിരുന്ന രവിയെ വല്ലാതെ വേദനിപ്പിച്ചു. അവൻ അമ്മയുടെ സമീപത്തേക്കു മാറിനിന്നു ചോദിച്ചു. "അമ്മേ! സോമൻചേട്ടനു് എന്തുപറ്റി."

"കഞ്ഞേ! അവൻ മരിച്ചെന്നു് എഴുത്തുവന്നിരിക്കുന്നു."

"അയ്യോ! എന്റെ ചേട്ടനോ? അമ്മേ! ആ ചേട്ടനു മരിക്കാനുള്ള പ്രായമൊന്നും ആയിട്ടില്ലല്ലോ."

"കഞ്ഞേ! മരിക്കാൻ പ്രായമാകണമെന്നില്ല. ചെറുപ്പക്കാരും മരിക്കാറുണ്ടു്."

"ആ ചേട്ടനു് എന്നോടും എന്റെ ചേച്ചിയോടും എത്രമാത്രം സ്നേഹമുണ്ടായിരുന്നു. എന്തൊരു വാത്സല്യമായിരുന്നു. ചേച്ചിക്കു മാസത്തിൽ രണ്ടെഴുത്തുവീതം അയയ്ക്കും. അതിലെല്ലാം കൊച്ചനുജനേപ്പറ്റി എന്തെല്ലാം കായ്യങ്ങളാണു് ചോദിക്കാറുള്ളതു്. അടുത്തുതന്നെ വന്നു ചേരുമെന്നും അപ്പോൾ എനിക്കൊരു റിസ്റ്റവാച്ചും ഒരു ബൈസിക്കിളും കൊണ്ടുവരുമെന്നും കഴിഞ്ഞമാസത്തിൽ എഴുതിയയച്ചിരുന്നു. ഇനിയും ആരാണു് എനിക്കതൊക്കെ കൊണ്ടുവന്നു തരാൻ."

പാറുക്കുട്ടി ഒരു ദീർഘനിശ്വാസത്തോടെ തല അല്പമൊന്നുയർത്തി ചേച്ചിയെ നോക്കിക്കൊണ്ടു് താണസ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "കഞ്ഞേ! ചേട്ടൻ വരുമ്പോൾ ചേച്ചിക്കു തരുന്നതിനു് ഒരു വിശേഷപ്പെട്ട മാലകൂടെ കൊണ്ടുവരുമെന്നു് എഴുതിയിരുന്നു" അവളുടെ ശിരസ്സു് വീണ്ടും മാതാവിന്റെ മടിയിലേക്കു താണു. അവളുടെ ഉറങ്ങുന്നായ കണ്ണുകളിൽ വീണ്ടും അശ്രുക്കണം നിറഞ്ഞു. അവളുടെ ഹൃദയാന്തരം തുടരുന്നായ ദീർഘനിശ്വാസങ്ങളായി പുറത്തേക്കു പാഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു് അസ്പഷ്ടമായി അവൾ ഇങ്ങനെ മന്ത്രിച്ചു. "എന്റെ സോമൻ. ഞാൻ സദാനേരവും മനസ്സുകൊണ്ടാരാധിച്ചുവന്ന ആ പുണ്യവിഗ്രഹം. അതേ, എന്റെ ജീവിതേശ്വരൻ. അല്ലേഹം എന്നിൽനിന്നും അല്ല ഈ ലോകത്തിൽനിന്നും എന്നെ

ന്നേക്കുമായി മറഞ്ഞുപോയിരിക്കുന്നു. എന്റെ ജീവിതം അതെ, നിർഭാഗ്യകരമായ ഈ ജീവിതം എനിക്കിനി എന്തിനു?"

മാധവിയമ്മ മകളുടെ ശിരസ്സുയർത്തി പതുക്കെ മാറോടണച്ചു് അവളെ ചാരിയിരുത്തി. മകളുടെ ദുഃഖഭാരവശ്യം അടിക്കടി വർദ്ധിക്കുന്നതുകണ്ടു ദുഃഖാധീനയെങ്കിലും ധൈര്യം അവലംബിച്ചുകൊണ്ടു മാധവിയമ്മ സാന്ത്വനോക്തികളാൽ മകളെ ആശ്വസിപ്പിക്കുവാൻ തുടങ്ങി.

"കുഞ്ഞേ! മരിച്ചുപോയ ആളിനെക്കുറിച്ചു് എത്തന്നെ ദുഃഖിച്ചാലും പ്രയോജനമുണ്ടോ? നമ്മളും ഇതുപോലെ ഇന്നല്ലെങ്കിൽ നാളെ മരിക്കാനുള്ളവരല്ലേ? ജനനവും മരണവും പ്രകൃതിനിയമമാണു്."

മകൾ പറഞ്ഞു:—"അമ്മേ! ഇതെല്ലാം എനിക്കറിയാം. പക്ഷേ, ആ സോമൻചേട്ടനെ കണ്ടുമുട്ടുമ്പോൾ അമ്മ പറഞ്ഞ 'അടങ്ങൊതു'മൊന്നും എന്റെ മനസ്സിനെ സമാധാനിപ്പിക്കുന്നില്ല. അദ്ദേഹം എനിക്കു മാത്രമുള്ള നമുക്കെല്ലാവർക്കുമതെ എത്രമാത്രം പ്രിയപ്പെട്ടവനായിരുന്നു. അമ്മ ഒരുദിവസം എത്ര തവണ ആ ചേട്ടനെപ്പറ്റി പറയാറുണ്ടു്. രവി സ്വപ്നത്തിൽപോലും എത്രതവണ സോമൻചേട്ടനെ വിളിക്കാറുണ്ടു്. അഞ്ചുകൊല്ലം മുൻപു് എന്നോടു യാത്രചോദിച്ചു പോകുമ്പോൾ കണ്ട ആ മോഹനരൂപം ഇന്നും എന്റെ കൺമുൻപിൽ നിൽക്കുന്നതുപോലെ തോന്നുന്നു. ഹാ! ഞാൻ ആ തേജോവിഗ്രഹത്തെ എങ്ങിനെ മറക്കും."

രണ്ടാം അദ്ധ്യായം.

ആഭിജാത്യംകൊണ്ടും സമ്പൽസമൃദ്ധികൊണ്ടും മികച്ച ഒരു നായർഭവനമായിരുന്നു പൂമംഗലം. ഈ ഭവനത്തിന്റെ ഉടമസ്ഥനും ഒരു റിട്ടയാർഡു് ദിവാൻപേഷ്കാരുമായിരുന്ന രാമുണ്ണിമേനവൻ ദിവംഗതനായിട്ടു് നാലുവർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രേയസിയാണു് മാധവിയമ്മ. ഇവർക്കു് ഒരു പുത്രനും ഒരു പുത്രിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരത്രേ രവീന്ദ്രനും പാറുക്കുട്ടിയും.

രാമുണ്ണിമേനവനു പൈതൃകമായും സ്വാർജ്ജിതമായും രണ്ടുമൂന്നു ലക്ഷം ഉറുപ്പികയുടെ സ്വത്തുക്കളുണ്ടായിരുന്നു. ഭർത്താവിന്റെ മരണശേഷം ഈ വൻപിച്ച കുടുംബത്തിന്റെ ഭരണം മാധവിയമ്മതന്നെയാണു നിർവ്വഹിച്ചുവന്നതു്. വിദ്യാസമ്പന്നയും കുലീനയുമായിരുന്ന മാധവിയമ്മയ്ക്കു ഗൃഹഭരണത്തിൽ അത്യധികമായ സാമർത്ഥ്യം ഉണ്ടായിരുന്നു. തന്നിമിത്തം ആ കുടുംബകാര്യങ്ങൾ മേനോൻ ജീവിച്ചിരുന്ന കാലത്തേപ്പോലെ ഭംഗിയായി നിർവ്വഹിക്കപ്പെട്ടുവന്നു. ശമ്പളക്കാരുണ്ടായിരുന്നെങ്കിലും വസ്തുക്കളുടെ ആദായം ഇടാക്കുന്നതിലും, ചെലവുകൾ വേണ്ടവിധം നിയന്ത്രിക്കുന്നതിലും മാധവിയമ്മയുടെ സൂക്ഷ്മായ മേൽനോട്ടം എപ്പോഴുമുണ്ടായിരുന്നു. അതുകൊണ്ടു പ്രായപൂർത്തിയെന്ന പുരുഷന്മാർ ഇല്ലാത്തതുകൊണ്ടുള്ള ദോഷം ആ കുടുംബത്തെ ബാധിച്ചില്ല. പുരാതനമായ തറവാടിത്വത്തിന്റെ സർവ്വലക്ഷണങ്ങളും ആ കുടുംബത്തിൽ കാണാമായിരുന്നു. സ്വത്തുക്കളുടെ കായ്യത്തിൽ മാത്രമല്ല പുത്രീപുത്രന്മാരുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപീകരണത്തിലും ഗൃഹനായികയുടെ അസാമാന്യശ്രദ്ധ പതിഞ്ഞിരുന്നു. ഇങ്ങനെയുള്ള പല കാരണങ്ങൾകൊണ്ടു് പൂമംഗ

ലക്ഷ്മിയമ്മയെക്കുറിച്ചു മുകുന്ദപുരം നാട്ടുകാക്കെല്ലാം വളരെ മതിപ്പും ബഹുമാനവുമുണ്ടായിരുന്നു.

പാറുക്കുട്ടിക്ക് ഇരുപത്തൊന്നു വയസ്സു പ്രായംവരും. അവൾ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായിട്ടുണ്ട്. സംഗീതം, ചിത്രമെഴുത്ത്, തുന്നൽപ്പണി മുതലായ ലളിതകലകളിലും അസാമാന്യമായ വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നു. കുടുംബകാര്യങ്ങളിൽ അമ്മയെ സഹായിക്കേണ്ടിയിരുന്നതിനാൽ മേൽപ്പറഞ്ഞവയ്ക്ക് അധികസമയം ലഭിച്ചുവന്നില്ല. എങ്കിലും വർത്തമാനപ്പത്രങ്ങളും രസകരങ്ങളായ പുസ്തകങ്ങളും വായിച്ചു വിജ്ഞാനസമ്പത്തു വർദ്ധിപ്പിക്കുന്നതിൽ അവൾ ജാഗരൂകയായിരുന്നു.

ശ്വേതസ്സുമാകൃഷ്ടമായ ഒരു കൃശഗാത്രം, തങ്കവർണ്ണം, പിൻഭാഗത്തെ അടിമുടി മറയ്ക്കുന്ന ഇരുണ്ടുനീണ്ട തലമുടി, പ്രശാന്തകോമളവും എന്നാൽ കുലീനതപം വഴിഞ്ഞൊഴുകുന്നതുമായ മുഖകമലം, ചൈതന്യപൂർണ്ണങ്ങളായ നേത്രങ്ങൾ ഇവയായിരുന്നു പാറുക്കുട്ടിയുടെ സാമാന്യമായ രൂപം.

സമ്പത്തുകൊണ്ടും, പ്രതാപംകൊണ്ടും മികച്ച ഒരു കുടുംബത്തിലെ ഏകസന്താനമല്ലിയാണ് പാറുക്കുട്ടി. എന്നാൽ അത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രായേണ കണ്ടുവരാറുള്ള അഹങ്കാരമോ, ആഡംബരഭ്രമമോ അവൾക്കുണ്ടായിരുന്നില്ല. ലളിതമായ ഒരു ജീവിതമാണ് അവൾ നയിച്ചിരുന്നതു്. സാധുക്കളോടു പ്രത്യേകിച്ചു് അവൾക്കു കാരുണ്യമുണ്ടായിരുന്നു. അവളുടെ ശാന്തമധുരമായ വാക്കുകളും ഔദാര്യപൂർണ്ണമായ പെരുമാറ്റവും സാമാന്യജനങ്ങളുടെ ഹൃദയത്തെ അത്യധികം വശീകരിക്കുന്നതിനു് പര്യാപ്തങ്ങളായിരുന്നു. പൂമംഗലത്തെ കുഞ്ഞമ്മയുടെ ഔദാര്യം അനുഭവിക്കാത്തവരായി ആ നാട്ടിൽ ഒരു ദരിദ്രകുടുംബവും അന്നുണ്ടായിരുന്നില്ല. ആ ഗൃഹത്തിലെ ഭൃത്യജന

ങ്ങൾക്കെല്ലാംതന്നെ അവളോട് അളവറ്റ ആദരവും അത്മാർത്ഥമായ സ്നേഹവും ഉണ്ടായിരുന്നു. സ്വന്തംകേക്കി നിറയ്ക്കുകയും, സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും മാത്രമല്ല ധനത്തിന്റെ ഉപയോഗമെന്നു പറഞ്ഞുകൊടുത്തു വേണ്ടവിധം മനസ്സിലാക്കുകയും, തന്റെ എല്ലാ പ്രവൃത്തിയിലും അതു പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുവനാം.

അച്ഛന്റെ തനിപ്പകർപ്പായിരുന്ന രവിക്ക് പന്ത്രണ്ടു വയസ്സു പ്രായംവരും. അവന്റെ കൃശഗാത്രവും, ധവളവർണ്ണവും, സദാ പ്രസരിപ്പും പ്രസന്നതയും കളിയാടുന്ന വദനവും, തേജോമയങ്ങളായ കണ്ണുകളും അവനെ നയനാനന്ദമായ ഒരു വളരെ വശീകരിച്ചിട്ടുണ്ട്. അവന്റെ പ്രായത്തിൽ കവിഞ്ഞ നീളവും ആരെയും വശീകരിക്കുന്ന സംഭാഷണചാതുര്യവും കണ്ടു് അവനെ "കൊച്ചുപോഷ്യരാജാവ്" എന്നു ചിലർ പറയാറുണ്ട്. അമ്മയുടേയും ചേച്ചിയുടേയും ആജ്ഞ അനുസരിക്കുന്നതിലും, ഗുരുക്കന്മാരേയും അതിഥികളേയും ബഹുമാനിക്കുന്നതിലും രവിക്കുണ്ടായിരുന്ന നിഷ്ഠ അന്യാദൃശമായിരുന്നു. അവൻ ഇപ്പോൾ സമീപത്തുള്ള ഒരു ഹൈസ്കൂളിൽ തേഡ് ഫാറത്തിൽ പഠിക്കുകയാണു്.

മൂന്നാം അദ്ധ്യായം.

ഭാസ്കരമേനോൻ കച്ചേരികഴിഞ്ഞു് ആഫീസിൽ വന്നിട്ടു് ഒരു മണിക്കൂർകഴിഞ്ഞു. ഗുമസ്തന്മാരും കക്ഷികളും യാത്രപറഞ്ഞു പിരിഞ്ഞുപോയി. മേനോൻ പിന്നെയും വക്കീലാഫീസിൽ സ്വന്തം മുറിയിൽ ഒരു ചാരുകസാലയിൽ കിടക്കുകയാണു്. അദ്ദേഹം എന്തോ ഗാഢമായി ആലോചിക്കുന്നതുപോലെ കാണികൾക്കു തോന്നും. മേനോ

അഞ്ചടിച്ചുലേടനെ ടെന്നീസ്കോർട്ടിലേക്ക പോകാറുള്ള അദ്ദേഹം മണി ആറായിട്ടും ആ കസാലയിൽനിന്നും ഇളകുന്നില്ല; വീട്ടിലേക്ക പോകുവാൻ തിടുക്കം കാണിക്കുന്നുമില്ല. നാഴികമണി അതിന്റെ ജോലി മുറയ്ക്ക നടത്തിക്കൊണ്ടിരുന്നതിനാൽ സമയം മുറയ്ക്ക മുൻപോട്ടുപോയതും മേനോൻ അറിഞ്ഞിട്ടില്ല. അദ്ദേഹം ഏകനായിരുന്ന് ഇത്ര ഗൗരവമായി ആലോചിക്കുന്നത് എന്തിനേക്കുറിച്ചായിരിക്കണം? അടുത്തദിവസം നടത്തേണ്ടുന്ന വല്ല കേസിനെക്കുറിച്ചും ആലോചിക്കുകയാണോ? അങ്ങിനെവരാൻ തരമില്ല എന്തെന്നാൽ കേസുകെട്ടുകളോ, ലാപുസുകളുങ്ങളോ അദ്ദേഹം നോക്കുന്നില്ല. മാത്രമല്ല മുഖത്ത് ഏതോ ഒരസുഖത്തിന്റെ ലക്ഷണം കാണുന്നുമുണ്ട്.

മേനോൻ ടെന്നീസ്കോട്ടിലേക്ക ചെല്ലാതിരുന്നതു് ഒരപ്രതീക്ഷിതസംഭവമായിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ ആത്മമിത്രമായ കേശവൻനായർ ടെന്നീസ്കോട്ടിൽനിന്നും നേരെ മേനോന്റെ ആഫീസിലേക്ക വന്നു. കേശവൻനായരെ കണ്ടയുടനെ തന്റെ മനോവിചാരങ്ങളെ വെളിപ്പെടുത്തരുതെന്നു കരുതി തന്റെ മുഖഭാവം മാറ്റി പുഞ്ചിരിതൂകിക്കൊണ്ടു് മേനോൻ കേശവൻനായരെ സ്വീകരിച്ചു് ഉപവിഷ്ടനാക്കി. എങ്കിലും പ്രഥമവീക്ഷണത്തിൽത്തന്നെ സമർത്ഥനായ കേശവൻനായർക്ക് മേനോന്റെ മുഖത്തിൽ നിഴലിച്ചിരുന്ന ചിന്താഭാരമാശ്ചര്യം മനസ്സിലാക്കുവാൻ കഴിഞ്ഞു. നായർ ചോദിച്ചു.

"മി: മേനോൻ! നാളെ വല്ല കൊലക്കേസ്സോ മറ്റോ വിസ്തരിക്കുവാനുണ്ടോ? നിങ്ങൾ വലിയ ആലോചനയിൽ മുഴുകിയിരുന്നതായി തോന്നുന്നല്ലോ"

മേനോൻ:—ഇല്ല. ഞാൻ മറെറാരു കാര്യത്തെക്കുറിച്ച് ആലോചിക്കയായിരുന്നു.

നായർ:—എന്താ വല്ല വിവാഹസംഗതിയുമാണോ? ഞങ്ങൾക്കെല്ലാം അടുത്തുതന്നെ ഒരു സദ്യകിട്ടുമെന്നു വിശ്വസിക്കട്ടെയോ.

മേനോ:—നല്ല കളിയാക്കൽ. വിവാഹമെന്നും സദ്യയെന്നും ഉള്ള കാര്യമേ നിങ്ങൾക്കൊക്കെയുള്ളൂ.

നായർ:—എന്റെ സ്നേഹിതനു് അങ്ങനെയുള്ള കാര്യങ്ങളിലൊന്നും ഭ്രമമില്ലെന്നു് എനിക്കറിയാം. എന്നാൽ പിന്നെ ഇത്രവളരെ തലകാഞ്ഞാലോചിക്കുന്നതു് എന്തിനെപ്പറ്റിയാണു്?

മേനോൻ:—എനിക്കു മറ്റെന്തെല്ലാം കാര്യങ്ങൾ ആലോചിക്കാനുണ്ടു്.

നായർ:—ആ കാര്യങ്ങളൊന്നും എനിക്കിപ്പോൾ അറിയണ്ട. നിങ്ങൾ എന്തോ കലശലായ ചിന്താഭാരംകൊണ്ടു പരവശനായിരിക്കുന്നു. അതിന്റെ കാരണം മാത്രം അറിഞ്ഞാൽമതി.

മേനോൻ:—ഞാൻ സ്വന്തം ഒരു കാര്യത്തെക്കുറിച്ചു് അല്പമൊന്നാലോചിക്കുകയായിരുന്നു.

നായർ:—കൊള്ളാം. അതുതന്നെയാണു് എനിക്കും കേൾക്കേണ്ടതു്. ഏതു രീതിയെക്കുറിച്ചായിരുന്നു നിങ്ങളുടെ ആലോചന?

മേനോൻ:—എനിക്കാലോചിക്കാൻ അഹ്നതയുള്ള രീതിതന്നെ.

നായർ:—ഓഹോ! അമ്മാവന്റെ മകനു. കൊള്ളാം. നിങ്ങളുടെ ആലോചന സല്ലാപത്തിൽതന്നെ.

മേനോൻ:—സ്നേഹിത! ആ പാവം കുട്ടി സുന്ദരിയും, സുശീലയുമായ ഒരു പെൺകുട്ടി. ദൂരത്തിച്ച സമ്പത്തു്. വിനയം, ദയാശീലം, ചാരിത്ര്യം മുതലായ സദ്ഗുണങ്ങൾക്കു്

വിളനിലം അവരും എന്റെ അമ്മാവന്റെ മകനും. ഏതു കൊണ്ടും എനിക്കവരുമായി കാശപ്പെടാവുന്ന ഒരു വിവാഹം. എന്താ എന്റെ അഭിപ്രായത്തിൽ വല്ല തെറ്റുമുണ്ടെങ്കിൽ പറയണം.

നായർ:—നടന്നാൽ നല്ല വിവാഹം. പുമംഗലത്തു് ഇന്നുള്ള ആളും അർത്ഥവുമെല്ലാം ചേർന്നാരുദ്യോഗത്തിന്റെ വകയാണു്. നിങ്ങളും അദ്ദേഹത്തിന്റെ അനന്തരവൻ. ഇതു പൊരുത്തമുള്ള ഒരു വിവാഹം നിങ്ങൾക്കു ലഭിച്ചാൽ നിങ്ങളും അതീവ ഭാഗ്യവാൻതന്നെ.

മേനോൻ:—നിങ്ങളുടെ സംഭാഷണത്തിൽ സംശയത്തിന്റെ ഒരു നേരിയ നിഴലാട്ടം കാണുന്നല്ലോ.

നായർ:—ഛെയ്, അങ്ങിനെയൊന്നുമില്ല. നിങ്ങൾക്കു ധൈര്യസമേതം ആലോചിക്കാവുന്നതും, ആശിക്കാവുന്നതുമായ ഒരു കായ്മണിയാണു്. നിങ്ങളും ഇപ്പോഴത്തെ ബന്ധുക്കളുമാണല്ലോ. ഇതായിരുന്നെങ്കിൽ ഇത്ര വളരെ നേരം ആലോചിച്ചാലോചിച്ചു തല പുണ്ണാക്കേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല.

മേനോൻ:—ഞങ്ങളും ബന്ധുക്കളാണെങ്കിലും അവരുടെ സമ്മതം മുഖച്ചു വന്നുകൂടെന്നുണ്ടോ?

നായർ:—നിങ്ങളുടെ അഭിപ്രായം അവരെ അറിയിച്ചാൽ അവർ പൂർണ്ണമനസ്സോടെ സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം.

മേനോൻ:—നേരിട്ടു പറയയോ? എനിക്കതു വളരെ പ്രയാസം.

നായർ:—എനിക്കു കേസു കൊടുക്കാനല്ലോ. ഞാനീ കേസു പിടിച്ചോളാം. ഫീസിന്റെ കാര്യം പറഞ്ഞേക്കു.

മേനോൻ:—വളരെ വന്ദനം. ഇന്നത്തെ സ്നേഹത്തിനു പുറമെ നാളത്തെ നന്ദിയുംകൂടി ഫീസായി സ്വീകരിച്ചു കൊള്ളൂ.

മേനവന്റെ മനസ്സു് അല്പമൊന്നു തെളിഞ്ഞു. ഈ വിവാഹസംഗതിക്കു് തന്റെ ആത്മസുഹൃത്തായ കേശവൻനായർ ഔത്സുക്യം വഹിക്കാമെന്നു സമ്മതിച്ചതു മേനവനു കൂടുതൽ ഇഷ്ടപ്പെട്ടു. എന്തെന്നാൽ മറ്റുള്ളവരെ വശീകരിച്ചു് കാര്യംനേടാൻ കേശവൻനായർ സമർത്ഥനായിരുന്നു. കഴിയുന്നതും വേഗം അവരോടെന്റെ് വിവരം താങ്കളെ അറിയിക്കാമെന്നു പറഞ്ഞിട്ടു കേശവൻനായർ യാത്രയായി. മേനവനും വീട്ടിലേക്കു തിരിച്ചു.

നാലാം അദ്ധ്യായം.

പൂമംഗലത്തുനിന്നും സുമാർ രണ്ടുനാഴിക ദൂരെ മംഗലശ്ശേരി എന്നു സുപ്രസിദ്ധമായ ഒരു നായർകുടുംബം സ്ഥിതിചെയ്തിരുന്നു. ആ കുടുംബത്തിലുൾപ്പെട്ട പലരും പരമ്പരയാ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നതുകൊണ്ടു് കൂടിലുമുത്തു കൊട്ടാരംവരെ ആ കുടുംബം അറിയപ്പെട്ടിരുന്നു. ധാരാളം ധനസമ്പത്തും, ആൾജാത്യവും, പ്രതാപവും ആ കുടുംബത്തെ അലങ്കരിച്ചിരുന്നു. അതായിരുന്ന പേഷ്കാർ രാമുണ്ണിമേനവന്റെ കുടുംബം. അദ്ദേഹത്തിന്റെ മൂത്തസഹോദരി ഈശ്വരിയമ്മയും സന്താനങ്ങളുമാണു് ഇപ്പോൾ അവിടെ താമസിക്കുന്നതു്. ഈശ്വരിയമ്മയുടെ ഭർത്താവു് ആ നാട്ടിലെ ഒരു വലിയ ധനാഢ്യനായ ഗോവിന്ദൻകുത്താവായിരുന്നു. ഇവരുടെ പ്രഥമപുത്രനാണു ഭാസ്കരമേനോൻ. നിയമബിരുദം സമ്പാദിച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങിയിട്ടു് ആറേഴു വർഷമാ

യെങ്കിലും കുടുംബത്തിൽ തന്നെ താമസിച്ചു നിത്യവൃത്തി കഴിക്കാമായിരുന്നതു കൊണ്ടു് ഒരു കേസില്ലാവക്കീലിന്റെ വിഷമമൊന്നും മേനോൻ അറിഞ്ഞിരുന്നില്ല. വക്കീലാഫീസിന്റെ വാടകപോലും കൊടുക്കുന്നതിനു് അദ്ദേഹം പലപ്പോഴും പിതാവിനെ ആശ്രയിക്കേയാണതു പതിവു്. ടെന്നീസു്, ചതുരംഗം മുതലായ വിനോദങ്ങളിൽ മേനോനു വലിയ ഭ്രമമായിരുന്നു. ഏതുതരത്തിലുള്ള ക്രൂട്ടുകെട്ടിലും അദ്ദേഹം ചേരാറുണ്ടു്. അതുകൊണ്ടു ഭിന്നസ്വഭാവത്തിലുള്ള അനവധി ക്രൂട്ടുകാരും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ ഔദാര്യത്തെക്കുറിച്ചു് എല്ലാവരും പുകഴ്ത്തിപ്പറയണമെന്നു മേനോൻ താല്പര്യപ്പെട്ടിരുന്നു. അതു് ആ നാട്ടിലുള്ള അനേകം യുവാക്കന്മാർ ധരിച്ചിരുന്നതുകൊണ്ടു് അവർ മേനോന്റെ അനേവാസിത്വം സ്വീകരിക്കുകയും അദ്ദേഹത്തിൽനിന്നു ധാരാളം മുതലെടുക്കുകയും ചെയ്തിരുന്നു.

മേനോനു പ്രായം മുപ്പതോടടുക്കും. എന്നാൽ അദ്ദേഹത്തിന്റെ കൃത്രിമബുദ്ധിക്കു് അതിലേറെ പ്രായവും വികാസവും സംഭവിച്ചിട്ടുണ്ടു്. അദ്ദേഹം വക്കാലത്തുപിടിക്കാറുണ്ടായിരുന്ന ചുരുക്കംചില കേസ്സുകളുംതന്നെ അദ്ദേഹത്തിന്റെ വക്രതയ്ക്കു് ഒരു മതിലിവായിരുന്നു. ധനക്കൊഴുപ്പുകൊണ്ടുള്ള അഹങ്കാരവും ദുർമ്മാർഗ്ഗികളിച്ചുള്ള രതിപത്തിയും നിമിത്തം തന്റെ കുടുംബമഹിമയ്ക്കു് അനുയോജ്യമല്ലാത്ത ഒരു ജീവിതരീതിയാണു മേനോൻ കൈക്കൊണ്ടിരുന്നതു്. പക്ഷേ, വേണ്ടത്ര സുഖസൗകര്യങ്ങളോടുകൂടി ആഡംബരപൂർവമായി ദിനരാത്രങ്ങളെ നയിക്കാൻ സാധിച്ചിരുന്നതുകൊണ്ടു മാനസികമായ തന്റെ അധഃപതനത്തെക്കുറിച്ചു മേനോൻ ഒട്ടുംതന്നെ അറിഞ്ഞിരുന്നില്ല.

കേശവൻനായരെ യാത്രയാക്കിയിട്ടു മേനോൻ വീട്ടിലേക്കു തിരിച്ചെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മേനോൻ സ്വഗൃഹത്തിലെത്തി അകത്തെഴ

മൂന്നും കഴിഞ്ഞു കുറേനേരം പത്രവായനയിൽ കഴിച്ചുകൂട്ടി. അപ്പോഴും അദ്ദേഹത്തിന്റെ ശരീരംമാത്രം അവിടെയും മനസ്സു പൂമംഗലത്തും ആയിരുന്നു.

മേനവന്റെ കുടുംബസ്ഥിതിക്കും, വിദ്യാഭ്യാസത്തിനും അനുയോജ്യമായ സ്വഭാവഗുണംകൂടി അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ മാധവൻ ജീവിച്ചിരുന്ന കാലത്തുതന്നെ അനന്തരവനെക്കൊണ്ടു തന്റെ പുത്രിയെ വിവാഹം ചെയ്യിക്കുമായിരുന്നു. അമ്മാവൻ അതിനു വഴിപ്പെടാതിരുന്നതിന്റെ പരമാർത്ഥം ഏറെക്കുറെ അറിയാമായിരുന്നതുകൊണ്ടാണു ഭാസുരമേനവന്റെ ഉദ്ദേശം അന്നു വെളിപ്പെടുത്താതിരുന്നിട്ടുള്ളതു്. രാമുണ്ണിമേനോൻ മരിച്ചുപോയതിനാൽ അങ്ങിനെയൊരു പ്രതിബന്ധം ഉണ്ടാകാനിടയില്ലെന്നു മേനവൻ വിശ്വസിച്ചു. എങ്കിലും അമ്മാവനു ഹിതമില്ലായിരുന്നെ ഈ വിവാഹത്തിൽ അമ്മാവിയും മറ്റും വഴിപ്പെടുമോ എന്നുള്ള ശങ്കയാണു് ആ യുവാവിനെ ക്ഷണനേരം ചിന്താധീനനാക്കിയതു്. താൻ ഇതിനു മുമ്പു് നടത്തിയ വിവാഹത്തിനുദ്ദേശിച്ചതും അവസാനത്തെപോയതും മേനവനു് ഓർമ്മയുണ്ടായിരുന്നു. ആ സംഗതി പൂമംഗലത്തും അറിവുള്ളതാണു്. പാറുക്കുട്ടിയുടെ സ്വഭാവശുദ്ധിയും വിനയാന്വിതമായ ലളിതജീവിതവും പരിഗണിക്കുമ്പോൾ വിപരീതഗുണത്തോടുകൂടിയ തന്നെ അവർ ഭർത്താവായി സ്വീകരിക്കുമോയെന്നുള്ള വിചാരഗതിയും മേനവനെ വല്ലാതെ പീഡിപ്പിച്ചു. ഇതിനു മുൻപു സംഭവിച്ചിട്ടുള്ളതുപോലെ ഈ ആലോചനയും വിഫലമാകുന്നപക്ഷം അതു തന്റെ ജീവിതത്തെ വളരെ ക്ഷതപ്പെടുത്തുമെന്നു മേനവൻ കരുതി. ഇങ്ങനെയുള്ള വിചാരപരമ്പരകൾ അദ്ദേഹത്തെ അസ്വസ്ഥനാക്കിയതിനാൽ അന്നത്തെ രാത്രി ഒരുവിധം ശിവരാത്രിയായിത്തന്നെകഴിഞ്ഞു.

അഞ്ചാം അദ്ധ്യായം.

അടുത്തദിവസം രാവിലെ മേനോൻ വക്കീലാഫീസിലേക്കു പോയി. അന്നു കേസൊന്നും ഇല്ലായിരുന്നതിനാൽ ആഫീസിൽ കക്ഷികളും ആരുംതന്നെ ഉണ്ടായിരുന്നില്ല. മേനോൻ തന്റെ മുറിയിൽ പോയിരുന്നു തലേദിവസത്തെ ആലോചനകൾ ആവർത്തിച്ചു. പാറുക്കുട്ടിയുടെ സ്വഭാവഗുണത്തേക്കാൾ മേനവനെ ആകർഷിച്ചതു് അവളുടെ രൂപലാവണ്യമാണെന്നു്. അവളുടെ സുകുമാരകളേബരം മേനവന്റെ മനോദർപ്പണത്തിൽ സദാപി നിഴലിച്ചുകൊണ്ടിരുന്നു. പൂഗലത്തെ കായ്ക്കാതികം അനേഷിക്കുന്നതിനു പ്രായപൂർത്തിയുള്ള പുരുഷന്മാർ ഇല്ലാത്ത സ്ഥിതിക്കു തന്റെ സഹായം അവർക്കു് അനപേക്ഷണീയമാണെന്നും അതുകയാൽ തന്റെ വിവാഹാലോചന നിരസിക്കാനിടയില്ലെന്നും മേനോനു തോന്നി. ആ വിവാഹം നടന്നാൽ തനിക്കു ലഭ്യമാകാവുന്ന ജീവിതസുഭാഗ്യങ്ങളേക്കുറിച്ചു മേനോൻ സ്വപ്നം കാണുവാൻ തുടങ്ങി. അതെയോ പ്രതീക്ഷിക്കുന്നതുപോലെ ക്രൂട്ടെക്കുടെ അദ്ദേഹം വെളിയിലേക്കു നോക്കുന്നുണ്ടു്. അപ്പോൾ ഗുമസ്തൻ ഗോവുകടന്നകത്തേക്കു വന്നു. മേനോൻ ഒരസുഖഭാവത്തിൽ ഇങ്ങനെ പറഞ്ഞു. "ഹേ! ഇന്നിവിടെ കേസൊന്നുമില്ലല്ലോ. നിങ്ങൾക്കു വേണമെങ്കിൽ നേരത്തെ പോകാം. നിങ്ങളം വന്നവഴി അതാ കേശവൻനായരെ കാണുകയുണ്ടായോ? വക്കീലിന്റെ ഈ ഭാവഭേദത്തിനുള്ള കാരണം ഗുമസ്തനു മനസ്സിലായില്ല. അയാൾ പറഞ്ഞു. "കച്ചേരിക്കു പോകേണ്ട സമയം കഴിഞ്ഞിരിക്കുന്നു. കേസില്ലെങ്കിലും ബഞ്ചിൽ പോകാവുന്നല്ലോ. ഇന്നെന്താണു് പോകാതെ ഇവിടെ തനിയെ ഇരിക്കുന്നതു്."

"മി: കേശവൻനായർ ഇങ്ങോട്ടു വരുമെന്നു പറഞ്ഞിരുന്നു. അയാളം വന്നിട്ടു് ഒരു കാര്യം അറിയാനുണ്ടു്."

"അദ്ദേഹത്തിനിന്നു രണ്ടുമൂന്നു കേസ്സുകളുണ്ടു്. നേരത്തെ കച്ചേരിക്കു പോയിരിക്കും"

"എന്നാൽ താൻ ചെന്നു് ഇങ്ങോട്ടു വരണമെന്നു പറയൂ."

"ഇതെന്തു നേരപോക്കാണു്. അദ്ദേഹം കേസു കഴിയാതെ വരുമോ?"

"അതൊന്നും തന്നോടു ചോദിച്ചില്ല. പറഞ്ഞാലുടനെ കേട്ടില്ലെങ്കിൽ—"

വക്കീലിന്റെ പതിവില്ലാത്ത സംഭാഷണരീതിയും ധൃതഗതിയും കണ്ടു ഗ്രന്ഥകർത്താവു് ഏതോ പ്രത്യേക സംഗതിയാൽ മേനോന്റെ തലയ്ക്കു നല്ലതുപോലെ ചൂടുപിടിച്ചിരിക്കുന്നതായി അയാൾക്കു തോന്നി. "ഞാൻ വക്കീലദ്ദേഹത്തിനെ കണ്ടു് വേഗം വരാം പായം" എന്നു മേനവനെ സമാധാനിപ്പിച്ചിട്ടു ഗ്രന്ഥകർത്താവു് രംഗത്തുനിന്നു നിഷ്ക്രാന്തനായി.

മേനോൻ പിന്നെയും കുറേനേരംകൂടി അവിടെ ഇരുന്നു. എന്നിട്ടും കേശവൻനായർ വന്നുചേരായ്കയാൽ അങ്ങോട്ടു പൊയ്ക്കളയാമെന്നു കരുതി അദ്ദേഹം കച്ചേരിയിലേക്കു തിരിച്ചു. കേശവൻനായർ സ്നേഹിതനെക്കണ്ടു് ഒന്നു പുഞ്ചിരിതൂകിയതല്ലാതെ കേസുകായ്യത്തിൽ വ്യാപൃതനായിരുന്നതിനാൽ ഒന്നും തന്നെ പറഞ്ഞില്ല. മേനോൻ തന്റെ വിചാരഗതി മുഖത്തു പ്രത്യക്ഷപ്പെടുത്താതെ വക്കീലിന്റെ ഗൗരവമായത്തിൽ തന്നെ കേസുവിസ്താരത്തിൽ ഉത്സുകനായി ഇരുന്നിരുന്നു വളരെനേരം കഴിച്ചുകൂട്ടി. അപ്പോഴേക്കു മണി അഞ്ചടിച്ചതിനാൽ മേനോൻ ടെന്നീസ്കോർട്ടിലേക്കു പോയി. കോടതിപിരിയാൻ അല്പസമയംകൂടി വേണ്ടിവന്നതിനാൽ കേശവൻനായർ കുറെ താമസിച്ചാണു് അന്നു ടെന്നീസ്കോട്ടിലെത്തിയതു്. എല്ലാവരും കൂടിയി

ലും വിനോദങ്ങളിലും ഏർപ്പെട്ടു. എന്നാൽ മേനവനു പതിവുപോലെയുള്ള ഉത്സാഹമോ, ഉന്മേഷമോ ഉണ്ടായിരുന്നില്ല. കേശവൻനായർ ഇടയ്ക്കിടയ്ക്ക് ആ സംഗതി സൂക്ഷിച്ചു വീക്ഷിക്കുകയും മേനവന്റെ വികാരഭാവത്തെ ഊഹിച്ചറിയുകയും ചെയ്തു.

കളികഴിഞ്ഞു് എല്ലാവരും പിരിഞ്ഞു. മേനോനും കേശവൻനായരുംകൂടി വക്കീലാഫീസിലേക്കു യാത്രയായി. മേനോൻ അക്ഷമനായി ഇങ്ങനെ ചോദിച്ചു. "എന്തായി ഇന്നലെ പറഞ്ഞ കാര്യം."

"നിങ്ങളേപ്പോലെ ആ കാര്യത്തിൽ എനിക്കും ധിറുതിയില്ലെന്നറിഞ്ഞുകൂടെ. അല്ലെങ്കിൽത്തന്നെ ഇന്നലെ വല്ലൊ ഇരുട്ടിയിട്ടാണു് നാംതമ്മിൽ പിരിഞ്ഞതു്. ഇന്നു രാവിലെ കേസുകാരും മറ്റുമായി ഒരുപാടു് ആവശ്യങ്ങളുണ്ടായിരുന്നു. അതുകൊണ്ടു നിങ്ങളുടെ കാര്യത്തിനു പോകാൻ സമയം കിട്ടിയില്ല.

"അതു വലിയ തെറ്റായിപ്പോയി. അനുകൂലമായ മറുപടിയുംകൊണ്ടു നിങ്ങൾ വരുന്നതു കാണാൻ ഇന്നു രാവിലെ മുതൽ ഞാൻ കാത്തിരിക്കയായിരുന്നു."

"ഇതെന്തൊരു വെമ്പലാണു്. വിവാഹസംഗതിയും മറ്റും ഓടിച്ചെന്നു പോലിച്ചറിയേണ്ട ഒരു കാര്യമാണോ? ഒരു സമയം അവൾക്കു മനസ്സില്ലെങ്കിൽത്തന്നെ അവളെ നമ്മുടെ അഭിപ്രായഗതിക്കു് വിധേയരാക്കാൻ എത്രയെല്ലാം വാദമുഖങ്ങൾ എടുത്തു പ്രയോഗിക്കേണ്ടിവരും. വിവാഹമെന്നതു് ഒരു വക്കീലിന്റെ ജോലിയേക്കാൾ ഉത്തരവാദിത്വമേറിയതാണു്."

"അതുകൊണ്ടല്ലേ ഞാനൊരു നല്ല വക്കീലിനു വക്കാലത്തു തന്നതു്."

"ഓഹോ! ഈ പ്രശംസകൊണ്ടു് എന്റെ പണമെല്ലാം നീറഞ്ഞുകഴിഞ്ഞു"

"നിങ്ങൾക്കു പണത്തെക്കുറിച്ചുള്ള ചിന്തയുള്ളപ്പോൾ പണം വരും, പോകും. ഞാൻതന്നെ ഇതേപോലെ പല്ലു പണം കളഞ്ഞിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ."

"പക്ഷേ അതിനു് അച്ഛനും അമ്മാവന്മാരും സമ്പാദിച്ചു വച്ചിരുന്നു. എനിക്കു് എന്റെ വിയർപ്പുള്ളികളാണു പണമുണ്ടാക്കുന്നതു്."

"നിങ്ങൾക്കിപ്പോൾതന്നെ ധാരാളം പണമുണ്ടല്ലോ. ഇനിയും ഒരു വലിയ വ്യാപാരത്തിൽക്കൂടി സമ്പാദിക്കുവാൻ കഴിഞ്ഞാൽ—"

സംഭാഷണം ഇത്രയുമായപ്പോൾ അവർ മേനോന്റെ ആഫീസിൽ എത്തിക്കഴിഞ്ഞു. രണ്ടുപേരുംകൂടി അവിടെയിരുന്നു വിവാഹമോചനരജിസ്റ്റിയായി നടത്തി ഈ കാര്യം പ്രമാണിച്ചു് മേനോനിൽനിന്നും ഒരു സമ്മാനം കിട്ടിയെടുക്കണമെന്നായിരുന്നു അയാളുടെ ഉദ്ദേശം.

അടുത്തദിവസം ഒരു ഞായറാഴ്ചയാണു്. അന്നു കോടതിയിൽ പോകേണ്ട ആവശ്യമില്ലാത്തതിനാൽ പൂമംഗലത്തേക്കു പോകുന്നതായിട്ടു മേനോൻ ചോദിച്ചു. അതിനു കേശവൻനായർ ഇങ്ങനെ മറുപടി പറഞ്ഞു. "നാളെ ഒരു വലിയ സംഗതി നാധിക്കാനുണ്ടു്. ഒരിടപാടുകാരൻ നാളെ വരാൻ പറഞ്ഞിരിക്കുകയാണു്. അയാൾക്കു് 1500 ഉറുപ്പിക നാളെ കൊടുക്കണം. കൈവശം പണമൊന്നും ഇരിപ്പില്ല. ആരോടെങ്കിലും കടം വാങ്ങി നാളെത്തന്നെ ആ ഇടപാടു തീർക്കണം. അതുകൊണ്ടു പൂമംഗലത്തേക്കുള്ള യാത്ര അടുത്ത ഞായറാഴ്ച ആയിക്കൊള്ളട്ടെ"

മേനോൻ: — ഇപ്പോൾ കടം വാങ്ങേണ്ട ആവശ്യം ഞാൻ കാണുന്നില്ല. പിന്നെ ഇതൊക്കെപ്പറയുന്നതു് എന്റെ കാര്യത്തിനുപകരം നല്ല തുക്കിപ്പിച്ചുവാങ്ങിത്തരുവാനായിരിക്കും.

നായർ:—ഹെയ്, നിങ്ങളുടെ കായ്യം എന്റെ കായ്യ മല്ലേ. എനിക്കതിൽ ഉപേക്ഷ വരുമോ? ഇത്രയും പണം നാളെ നേരത്തെ കിട്ടിക്കഴിഞ്ഞാൽ നാളെ തെവകിട്ടതന്നെ പൂമംഗലത്തേക്ക് പോയേക്കാം.

മേനോൻ:—നിങ്ങടെ ഏർപ്പായാലും പണം കടം വാങ്ങുകയാണെല്ലോ. നാളെ രാവിലെ ആ മംഗലോദയം ബാങ്കിൽ ചെന്നാൽ എത്ര പണം വേണമെങ്കിലും വാങ്ങിക്കാം. പണത്തിനുവേണ്ടി ഒരിടത്തും ഓടിനടക്കണമെന്നില്ല.

നായർ:—എനിക്കപ്പോങ്കാരുമായി ഒരിടപാടുമില്ല. മാനേജരുമായി നല്ല പരിചയവുമില്ല. ആ നിലയ്ക്ക് ഒരു നല്ല സംഖ്യ കടം ചോദിക്കുന്നതെങ്ങിനെ?

മേനോൻ:—അതിനു മാർഗ്ഗമുണ്ട്. ആ ബാങ്കിൽ എന്റെ അച്ഛന്റെ ധാരാളം ഷെയറുണ്ട്. വളരെ നിക്ഷേപങ്ങളുമുണ്ട്. മാനേജർക്ക് എന്നെ വലിയ കായ്യവുമാണ്. ഞാനപ്പോഴുള്ളതന്നെയയ്ക്കാം. രാവിലെതന്നെ അവിടെ ചെന്ന് പണം വാങ്ങിച്ചുകൊള്ളുക. ഇനിയും നാളെ വൈകിട്ട് എന്റെ കായ്യത്തിനു പോകാമെന്നു സമ്മതിക്കുക.

നായർ:—അതു സംശയമോ? നാളെ ഈ സമയത്തു് ഞാൻ പൂമംഗലത്തിരുന്നു നിങ്ങൾക്കുവേണ്ടി വാദിക്കുകയായിരിക്കും. എന്നാൽ നമുക്കിപ്പോൾ പിരിയാം.

This is a book

ആറാം അദ്ധ്യായം.

സോമന്റെ മരണവൃത്താന്തം ധരിച്ചപ്പോൾ മുതൽ പാറുക്കുട്ടിയുടെ ഹൃദയം നീറിത്തുടങ്ങി. കൂട്ടുതൻ കൂട്ടുതൽ മെലിഞ്ഞുവന്ന അവളുടെ ശരീരംതന്നെ ഇതിനു തെളിവായിരുന്നു. സുപ്രസന്നമായിരുന്ന അവളുടെ മുഖകമലത്തിൽ ദുഃഖത്തിന്റെ കരിനിഴൽ വ്യാപിച്ചുകൊണ്ടിരുന്നു. ഉന്മേഷവും ഉത്സാഹവുമൊക്കെ അവളെ വിട്ടുപിരിഞ്ഞു. ഗൃഹഭരണകാര്യങ്ങളിൽ പങ്കെടുക്കുന്നതിലും അവൾ വിമുഖത കാണിച്ചുവന്നു. സദാചാരപരങ്ങളും, ഭക്തിനിഷ്ഠങ്ങളുമായ പുരാണകഥകൾ പാരായണംചെയ്തും ധ്യാനനിമഗ്നങ്ങളിൽ താല്പര്യം പ്രദർശിപ്പിച്ചും അവൾ ദിനരാത്രങ്ങൾ നയിക്കാൻ തുടങ്ങി.

മകളുടെ ഭാവപ്പകർച്ചയും ദിവസേന ക്ഷീണിക്കുടിവന്ന ശരീരക്ഷീണവും കണ്ട മാധവിയമ്മ വല്ലാതെ പരിഭ്രമിച്ചു. ഈ നില തുടരുന്നപക്ഷം മകൾക്ക് അകാലചരമംതന്നെ സംഭവിച്ചേക്കുമോ എന്നു വിചാരിച്ചു മാധവിയമ്മ മകളെ സമാധാനിപ്പിക്കുന്നതിനും, അവളെ വീണ്ടും ഉല്ലാസവതിയാക്കുന്നതിനും വളരെയൊക്കെ പണിപ്പെട്ടുനോക്കി. അതു പ്രയത്നങ്ങളെല്ലാം വിഫലമാകുകയാണു ചെയ്തത്. ഒടുവിൽ യോഗ്യനായ ഒരു ഭർത്താവിനെ കിട്ടിക്കഴിയുമ്പോൾ ഈ അസ്വാസ്ഥ്യങ്ങൾക്കു ശമനമുണ്ടായേക്കുമെന്നു മാധവിയമ്മ വിചാരിച്ചു. എന്നാൽ ഈ സംഗതി മകൾക്കു കൂടുതൽ അനിഷ്ടത്തിനിടവരുത്തുമോ എന്നുള്ള ശങ്കയാൽ ആകാര്യം പുറത്തുവിടാതെ കഴിച്ചുകൂട്ടി. ഇങ്ങനെയുള്ള സന്ദർഭത്തിലാണു സോമന്റെ വിവാഹൈതൃവുംകൊണ്ടു കേശവൻനായരുടെ പുറപ്പാട്.

താൻ ആഗ്രഹിച്ചതിലധികം പണം കിട്ടിയതിനാൽ സന്തുഷ്ടചിത്തനായ കേശവൻനായർ വാശാനം നിറ

റോറാൻ അടുത്തടിവസം രാത്രിതന്നെ പൂമംഗലത്തു ചെന്നുചേർന്നു. കേശവൻനായരെക്കണ്ടു കുശലം കേട്ടും നല്ല പരിചയമുണ്ടായിരുന്ന മാധവിയമ്മയെയും ചോദിച്ചും സ്വീകരിച്ചു സല്ലപിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം കേശവൻനായർ ഇങ്ങനെ പറഞ്ഞു. "പോഷ്ടാദ്ദേഹം മരിച്ചതിൽപിന്നെ ഇവിടുത്തെ കായ്ക്കളെല്ലാം മാധവിയമ്മതന്നെ നടത്തി വിഭാഗിക്കുകയാണല്ലോ. ഈ സ്ഥിതിക്കു യോഗ്യനായ ഒരു പുരുഷനെ സഹായത്തിനും മകനുംകൂടി വേണ്ടി സ്വീകരിക്കേണ്ടതു് ആവശ്യമാണെന്നറിയുന്നതു നന്നു. എന്താ മാധവിയമ്മയുടെ അഭിപ്രായം?"

"നിങ്ങളുടെ അഭിപ്രായം ശരിയാണു്. പക്ഷേ തക്കതായ ഒരു പുരുഷനെ കിട്ടേണ്ടേ."

കേ: നായർ:—അതിനാണോ നിങ്ങൾക്കു പ്രയാസം. നിങ്ങൾക്കു വേണ്ട ഉപദേശം നൽകുന്നതിനും സഹായിക്കുന്നതിനും പോഷ്ടാദ്ദേഹത്തിന്റെ അനന്തരവൻതന്നെയുണ്ടല്ലോ.

"ഓഹോ! ആ ഭാസ്കരൻ. അദ്ദേഹം ജീവിച്ചിരുന്നകാലത്തു് അനന്തരവന്റെ പല കഥകളും പറഞ്ഞിട്ടുണ്ടു്. അവന്റെ നടത്തയും, സ്വഭാവവും അദ്ദേഹത്തിനു് ഒട്ടും ഇഷ്ടമില്ലായിരുന്നു. അവനെ കൂട്ടുപിടിച്ചാൽ ഈ കുടുംബം അവൻ നശിപ്പിച്ചുകളയും."

നായർ:—അതൊക്കെ പഴയ കായ്ക്കളല്ലേ. മേനോൻ ഒരഡ്വക്കേറ്റാണു്. നല്ല പണക്കാരനാണു്. കുടുംബനിലയും മെച്ചംതന്നെ. ആളോ സുകുമാരകളേബരൻ.

മാധ:—നിങ്ങൾ പറഞ്ഞ വിശേഷണങ്ങളെല്ലാം എനിക്കുമറിയാം. പക്ഷേ, ഇതെല്ലാം സ്വഭാവസംസ്കാരത്തിന്റെ പിന്നിലാണു്. ആ കായ്ക്കളിൽ മേനോനെപ്പറ്റി നിങ്ങൾക്കുള്ള അഭിപ്രായം എന്താണു്?

നായർ:—എനിക്ക് മേനോനെ നല്ലവണ്ണമറിയാം. അദ്ദേഹം ഒരു ധൂർത്തനും, ദുർവ്യയനുമാണെന്നു് മറ്റാളുകൾ പറയുന്നതെങ്കിലും എനിക്കതു ബോദ്ധ്യമില്ല. ആർക്കും എന്തുവേണമെങ്കിലും കൊടുക്കുന്ന ശീലമാണു്. അതിനെ അസൂയയുള്ള ചില ആളുകൾ മേനോനെപ്പറ്റി പല ആരോപണങ്ങളും പറഞ്ഞു പരത്തുന്നുണ്ടാവും. അതൊന്നും കൂട്ടാക്കാനില്ല.

മാധ:—കൊടുക്കുന്ന ശീലം നല്ലതാണു്. അതു സാധുസേവനമാകണമെന്നേയുള്ളു. പക്ഷേ, കൂട്ടുകുടിനടത്തുപല ദുർവ്യയപരികർമ്മങ്ങൾക്കുവേണ്ടി കുടുംബസ്വത്തു താറുമാറാക്കുന്ന മേനോന്റെ നടപടിയെ ഔദാര്യമെന്നു പറയാമോ? ഈ കാര്യം അങ്ങോടിപ്പിള്ളേടെ ഇടയിലും പാട്ടായിരിക്കുന്നുണ്ടു്.

കേ:നായർ:—അങ്ങിനെയാണെങ്കിൽത്തന്നെയും അതൊക്കെ നിങ്ങളോടുള്ള സംസർഗ്ഗംകൊണ്ടും പാറുക്കുട്ടിയുടെ സ്വഭാവവിശേഷംകൊണ്ടും മാറാവുന്നതും മാറാവുന്നതുമാണല്ലോ. മാത്രമല്ല പോഷ്യാരദ്ദേഹത്തിന്റെ അനന്തരവൻ എന്തു നിലയിലും മേനോന്റെ നിങ്ങളോടുള്ള പെരുമാറ്റം ഹൃദയംഗമമായിരിക്കുമെന്നു തീർച്ചയാണു്.

സംഭാഷണം ഇങ്ങനെ നടന്നുകൊണ്ടിരിക്കുമ്പോൾ പാറുക്കുട്ടി അകത്തിരുന്നു ഭഗവദ്ഗീതാപാരായണം ചെയ്കയായിരുന്നു. കേശവൻനായർ അവിടെവന്നു കുറേനേരമായിട്ടും അവൾ പുറത്തേക്കു വരികയോ, അതിഥിയെ സത്കരിക്കയോ ചെയ്യാതിരുന്നതു് അപമര്യാദയായി മാധവിയമ്മയ്ക്കു തോന്നി. അതുകൊണ്ടു് അവർ അല്പം ഉച്ചത്തിൽ മകളോടു ചോദിച്ചു.

"കുഞ്ഞേ! വായന നിറുത്തി ഇങ്ങോട്ടു വരാറായില്ലേ?"

"എന്തിനമ്മാ?"

"ഇവിടെ ഒരതിഥി വന്നിട്ടുണ്ടു"."

"ഞാനിതാ വരുന്നു" എന്നു പറഞ്ഞു പാറുക്കുട്ടി ഒവ്വിയിൽ വന്നു. അതിഥിയെ കണ്ടിട്ട് അവൾ ചെറുതായൊന്നു മന്ദഹസിച്ചതു് അതിഥിയോടുള്ള ആദരവിനെ കാണിക്കാൻ മാത്രമായിരുന്നു. പക്ഷേ ശോകസങ്കലിതമായിരുന്ന അവളുടെ മുഖത്തു നിമിഷനേരം കൊണ്ടു മിന്നിപ്പൊലിഞ്ഞ ആ ചെറുമിന്നൽപ്പിണർ മാധവിയമ്മയ്ക്കു് അല്പം സന്തോഷത്തെ പ്രദാനംചെയ്തു. അവൾ വളരെ ക്ഷീണിച്ചിരുന്നതിനാൽ അതിന്റെ കാരണം കേശവൻനായർ ചോദിച്ചറിയുന്നതിനുമുൻപു് "അവൾക്കു തീരെ സുഖമില്ലാതിരിക്കുകയാണു്" എന്നു മാധവിയമ്മ പെട്ടെന്നൊരു പ്രസ്താവനചെയ്തു. കേശവൻനായർ തലകുലുക്കി ആ പ്രസ്താവനയെ അംഗീകരിച്ചുവെങ്കിലും അയാൾ പാറുക്കുട്ടിയെ ആപാദചൂഡം ഒരു പരിശോധനനടത്തി. താൻ മുൻപു പലപ്പോഴും കണ്ടിരുന്ന മനോഹാരിണിയായ ആ പാറുക്കുട്ടി എവിടെ? തന്റെ മുൻപിൽ നില്ക്കുന്ന അസ്ഥിമാത്രശരീരയായ ഈ യുവതിയെവിടെ എന്നു കേശവൻനായർ അത്ഭുതപ്പെട്ടു.

നായർ അനന്തരവപൂവ്വം പറഞ്ഞു. "മകൾക്കു സുഖക്കേടാണെന്നു കണ്ടാൽത്തന്നെ അറിയാം. വളരെ ക്ഷീണിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഏതു ഡോക്ടരുടെ ചികിത്സയിലാണു്?"

മാ:—ഡോക്ടരും, വൈദ്യനും വേണമെന്നില്ല. ശരീരത്തിനു ക്ഷീണമുണ്ടെന്നല്ലാതെ സ്ഥായിയായ സുഖക്കേടൊന്നും ഇല്ല. ക്ഷീണംതീരാൻ ഒരു ലേഹ്യമുണ്ടാക്കിക്കൊടുക്കുന്നുണ്ടു്.

നായർ:—ഏതെങ്കിലും നല്ല ഡോക്ടരേക്കൊണ്ടു ചികിത്സിപ്പിച്ചാൽ ശരീരസ്ഥിതി പെട്ടെന്നു മാറിക്കിട്ടും. വി

വാഹാലോചനയും അടുത്തുവന്നിരിക്കുന്ന സന്ദർഭവുമാണെല്ലോ.

തനിക്കു പറയാൻ പ്രയാസമെന്നു തോന്നിയിരുന്ന വിവാഹസംഗതി കേശവൻനായർതന്നെ പ്രസ്താവിച്ചതു മാധവിയമ്മയ്ക്കു വളരെ ഇഷ്ടമായി. മകളുടെ ഭാവമറിയുന്നതിനു് ഉൽക്കണ്ഠയാടുക്കടി അവർ അവളുടെ മുഖത്തേക്കു നോക്കി. അവിചാരിതവും, അപ്രസക്തവുമായ ആ വാചകംകേട്ട മാത്രയിൽ കോപതാപങ്ങൾമുഖം അവളുടെ ഹൃദയം ഞെരിഞ്ഞുപോയി. അവൾ സംഭ്രമത്തോടെ അമ്മയോടു പറഞ്ഞു. "അമ്മ! ഇദ്ദേഹം വന്ന കാര്യം ഛോദിച്ചിട്ടു വേഗം യാത്രയാക്കണം. വിവാഹാലോചനക്കാരൻ അതിനാവശ്യമുള്ളിടം നോക്കി പോകട്ടെ. അമ്മ ഇവരുടെ അഭിപ്രായത്തെ ഇങ്ങോട്ടു താമസിപ്പിക്കേണ്ട. എനിക്കു ഗീത കുറേക്കൂടി വായിക്കാനുണ്ടു്. ഞാനിതാ അകത്തേക്കു പോകുന്നു അമ്മ അദ്ദേഹത്തെ യാത്രയാക്കുക." അമ്മയോടു പറഞ്ഞു.

പാവക്കുട്ടി പെട്ടെന്നു പൊയ്ക്കളഞ്ഞതു കണ്ടിട്ടു കേശവൻനായർ ഒട്ടും നിരുത്സാഹനായില്ല. ഇതൊക്കെ സ്ത്രീസഹജമായ ലജ്ജാഭിനയമാണെന്നും അതു ക്രമേണ മറിക്കൊള്ളുമെന്നും കേശവൻനായർ വാദിച്ചു. മറാരേയുംകാൾ പോഷ്ടാരദ്ദേഹത്തിന്റെ അനന്തരവൻ എന്ന നിലയിൽ പൂർവ്വാധികം വിശ്വസിച്ചു പാവക്കുട്ടിയോടും മേനാനനങ്ങാകാനിടയുള്ള സ്നേഹാദരങ്ങളും വിസ്തരിച്ചുകൊണ്ടിരുന്നതു മാധവിയമ്മയെ പ്രസാദിപ്പിക്കുകയും ചെയ്തു. മകളുടെ അഭിപ്രായം ഗ്രഹിച്ചിരുന്നു വിവരം അറിയിക്കാമെന്നു തൽക്കാലം മറുപടി പറഞ്ഞു കേശവൻനായരെ യാത്രയാക്കി.

വ്യാഴാഴ്ച അഭ്യാസം.

അടുത്ത ദിവസം കോടതിയുള്ള ദിവസമായിരുന്നു. അതുകൊണ്ടു് അന്നു നേരത്തെ മേനോനെ കാണാൻ കേശവൻനായർക്കു് സാധിച്ചില്ല. വൈകുന്നേരം ടെന്നീസ് കോർട്ടിൽവച്ചു് അവർതമ്മിൽ കണ്ടു. നേരത്തെ കളിമതിയാക്കി പൂമംഗലത്തേക്കു പോയ കാര്യത്തെക്കുറിച്ചു് അവർ സംഭാഷണംനടത്തി. മേനോൻ വളരെഉത്സാഹത്തോടെ പറഞ്ഞു, "എന്റെ വക്കീൽ വളരെ സമർത്ഥനാണെന്നു പ്രസിദ്ധമാണു്. ഞാൻ ചുമത്തപ്പെട്ടതിൽനിന്നു കേസു വേണ്ടപോലെ വാദിച്ചു് അനുകൂലമായ വിധി സമ്പാദിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

നായർ:—പ്രശംസ കുറെ കടന്നുപോയി. എങ്കിലും ഞാനിന്നലെ പൂമംഗലത്തുവച്ചുനടത്തിയ വാദത്തിനു് ഈ പ്രതിഫലം ഒട്ടും മതിയാകുകയില്ല.

മേനോൻ:—നിങ്ങൾക്കെന്തെടുത്താലും പ്രതിഫലം വേണം. ആ കാര്യം എങ്ങനെയും ഇരിക്കട്ടെ. പോയകാര്യം എന്തായെന്നുപറയൂ.

നായർ:—പോയിട്ടു് അവിടെ ചെന്നു.

മേനോൻ:—നിങ്ങൾ ഒരു രസംകൊല്ലിയാണു്. ഒരു കാര്യമറിയാൻ ക്രുതൽ താല്പര്യപ്പെട്ടപ്പോൾ അതുമിതും പറഞ്ഞു നേരം കളയുന്നു.

നായർ:—നേരം കുറച്ചു പോകട്ടെ. അതു ധരികയും പോകയും ചെയ്യും.

മേനോൻ:—കാര്യം സാധിക്കുമോ എന്നു പറഞ്ഞിട്ടു നേരമ്പോക്കു് എന്തു വേണമെങ്കിലും പറഞ്ഞോളൂ. അനവസരത്തിൽ ഇങ്ങനെ നേരമ്പോക്കു പ്രയോഗിച്ചാൽ അതു കേൾക്കാൻ വല്ല രസവുമുണ്ടോ?

നായർ:—കായ്മയിട്ട് ഒന്നും പറയാനില്ലാഞ്ഞിട്ടു കറേ നേരമ്പോക്കെങ്കിലുമാകട്ടെ എന്നു വിചാരിച്ചു പ്രയോഗിച്ചതാണു്.

മേനോൻ: — എന്താ, ഒന്നും പറയാനില്ലെന്നോ?

നായർ:—ഉണ്ടു്. പക്ഷേ, കാച്ചു ദിവസംകൂടി കഴിയണം.

മേനോൻ:—അവർ തീർത്തു മറുപടി പറഞ്ഞില്ലേ?

നായർ: —തീർത്തുപറഞ്ഞു, വിവരം പിന്നീടറിയിക്കാമെന്നു്.

മേനോന്റെ ജിജ്ഞാസ വർദ്ധിപ്പിക്കുന്നതിനാണു ചതുരനായ കേശവൻനായർ ഇങ്ങനെ വളച്ചുകെട്ടി പറഞ്ഞതു്. കേശവൻനായരുടെ കടുവില്ലത്ത മറുപടി കേട്ടു മേനോൻ വിമനസ്കനായി. തന്റെ പ്രതീക്ഷപോലെ പെട്ടെന്നൊരു സമ്മതം കിട്ടാതെ വന്നപ്പോൾ കാര്യം സാദ്ധ്യത്തിൽത്തന്നെ അദ്ദേഹത്തിനു സംശയം തോന്നി. എങ്കിലും ഉൽക്കണ്ഠാകുലനായ മേനോൻ വീണ്ടും ചോദിച്ചു.

"നിങ്ങടെ അവിടെ ചെന്നിട്ടു പാറുക്കുട്ടിയെ കണ്ടോ?"

നായർ:—കണ്ടു; പക്ഷേ ഞാൻ മുൻപു കണ്ടിട്ടുള്ള പാറുക്കുട്ടിയേയല്ല.

മേനോൻ:—അതെന്താണു്.

നായർ: — യൗവനം നശിച്ചു് വാർദ്ധക്യത്തിലേക്കു കാലുവച്ചു തുടങ്ങിയ ഒരു പാറുക്കുട്ടിയേയാണു് ഞാനവിടെ കണ്ടതു്. അമ്മയ്ക്കോ, മകൾക്കോ പ്രായക്കൂടുതൽ എന്നു സംശയിച്ചുപോയി.

മേനോൻ:—എന്തു"? അവർക്കെന്തു സംഭവിച്ചു? കഷ്ടിച്ചു് ഇരുപത്തൊന്നു വയസ്സിനകമേ പ്രായമായിരിക്കയുള്ളൂ.

നായർ:—എന്റെയും കൊമ്മ അതാണു്. എന്തോ മാനസികമായ അസുഖം അവർക്കു തട്ടിയിരിക്കണം.

മേനോൻ:—ഈ വിവാഹം നടന്നുകഴിഞ്ഞാൽ എല്ലാ അസുഖങ്ങളും നീങ്ങിപ്പോകുമെന്നു നിങ്ങൾക്കു പറയാമായിരുന്നില്ലേ?

നായർ:—കൊള്ളാം. ഞാനതും അതിൽ കൂട്ടുതലും പറഞ്ഞു. മേനോനെ അവർക്കു ലഭിച്ചാൽ അതൊരു മഹാഭാഗ്യമായിരിക്കുമെന്നും ഞാൻ തട്ടിവിട്ടു.

മേനോൻ:—അപ്പോൾ അവളുടെ ഭാവം നിങ്ങൾ സൂക്ഷിച്ചുവോ?

നായർ:—സൂക്ഷിച്ചു. അല്പം ലജ്ജകലർന്നുള്ളതെവിടമ്മതമൊന്നും ഭാവിച്ചില്ല.

മേനോൻ:—അങ്ങിനെയാണെങ്കിൽ മുപടിക്കു താമസം നേരിട്ടാലും അനുകൂലമായിരിക്കുമെന്നു് ഊഹിക്കാമെല്ലോ?

നായർ:—അതേയതേ. മുപടി കിട്ടുന്നതുവരെ അങ്ങിനെതന്നെ ഉദ്ദേശിച്ചിരിക്കാം.

മേനോൻ:—അതുകട്ടെ. അവർ എന്നോടുവരി എന്തു നേപഷിച്ചു? ഞാൻ കൂടക്കൂടെ കാര്യമന്വേഷിക്കാൻ അങ്ങോട്ടു ചെല്ലാഞ്ഞിട്ടു് അവർക്കു് പരിഭവം കാണേണം.

നായർ:—കുറച്ചുണ്ടു പരിഭവം പറഞ്ഞു. പക്ഷേ അമ്മയാണു്. നിങ്ങളെ ഇടയിടെ കാണാറില്ലെങ്കിലും കാര്യങ്ങളെല്ലാം അറിയാറുണ്ടെന്നു പറഞ്ഞു. ബന്ധുഗൃഹമാ

ണല്ലോ. അതുചെന്ന് അവരേയൊക്കെ ഒന്നു കണ്ടിട്ടു പോരണം.

മേനോൻ:—ഇതു ആലോചനയുള്ളപ്പോലം അങ്ങോട്ടു ചെല്ലാൻ അല്പം സംകോചമുണ്ട്. അവരുടെ മനപരിണ അറിയട്ടെ. അനുകൂലമാണെങ്കിൽ നമുക്കൊരുമിച്ചു അങ്ങോട്ടു പോകാമല്ലോ.

നായർ:—നിങ്ങൾക്കങ്ങിനെയൊന്നും നോക്കാനില്ല. അമ്മാവന്റെ ഭാഗ്യമേയും, കുട്ടികളേയും കാണുന്നതിനു് എപ്പോൾ വേണമെങ്കിലും നിങ്ങൾക്കവകാശമുണ്ടു്. മാത്രമല്ല പാറുക്കുട്ടിയുടെ സുഖക്കേടുനോക്കിച്ചും നിങ്ങൾക്കവിടെ ചെല്ലാമല്ലോ.

മേനോൻ:—പോയേക്കാമെന്നു് എനിക്കും തോന്നുന്നില്ലാതില്ല. പക്ഷേ ഇതു വിവാഹാലോചന അവരുടെ പക്കൽ ചെന്നിട്ടുള്ള സ്ഥിതിക്കു് ഈ അവസരത്തിൽ അങ്ങോട്ടു പോകുന്നതു് വിഹിതമാണോ?

നായർ:—നിങ്ങൾ അവർക്കു് ഇപ്പോഴും ഒരന്യനല്ലാത്ത സ്ഥിതിക്കു് അവിടെ പോകുന്നതുകൊണ്ടു് ന്യൂനതയൊന്നും വരാനില്ല.

മേനോൻ:—എന്നാൽ പോകാം. സ്നേഹിതൻക്രടി വരണം. സമയമുള്ള സമയം തീർച്ചപ്പെടുത്തിപ്പറയൂ.

നായർ:—നാളെ രാത്രിയിൽത്തന്നെ.

മേനോനെക്കുറിച്ചു് പൂമംഗലത്തുകാർക്കു നല്ല മതിപ്പില്ലായിരുന്ന വിവരം മേനോനു് അറിയാമായിരുന്നതുകൊണ്ടാണു് അവിടെ പോകാൻ അദ്ദേഹം മടിച്ചതു്. പാറുക്കുട്ടിക്കു സുഖമില്ലെന്നറിഞ്ഞതുകൊണ്ടും സ്നേഹിതന്റെ പ്രേരണകൊണ്ടും ഒടുവിൽ പോകാമെന്നു തീർച്ചയാക്കിയതാണു്. ആ യാത്ര ഒരു ക്ഷേമാന്വേഷിയുടെ നിലയിലേ

ആകാവു എന്നും താൻക്രൂടിയുള്ളപ്പോൾ വിവാഹാലോചന യേപ്പറ്റി ഒന്നുംതന്നെ പറയേണ്ടതില്ലെന്നും മേനോൻ കേശവൻനായരെ അറിയിച്ചു.

"അങ്ങിനെതന്നെ" എന്നു കേശവൻനായരും സമ്മതിച്ചു. അനന്തരം അവരോരോരുത്തരും വീട്ടിലേക്കു മടങ്ങി.

ഏട്ടാം അദ്ധ്യായം.

പാറുക്കുട്ടി പതിവുപോലെ കുളിയും നാമജപവും കഴിഞ്ഞു ദീനാപാരായണത്തിന് ഏർപ്പെട്ടിരിക്കുന്നു. കുളിച്ചുകുടിക്കേണ്ട സമയവും ഊണുകഴിക്കേണ്ട സമയവും അവൾ അറിയാതെതന്നെ കടന്നുപോയിരിക്കുന്നു. മകളുടെ സഭാസനകളെ തടയുന്നതിനു സുശീലയായ മാധവിഅമ്മയ്ക്ക് ഇഷ്ടമില്ലായിരുന്നെങ്കിലും സ്വതേ ക്ഷീണിച്ച ശരീരം വ്രതനിഷ്ഠാനങ്ങൾകൊണ്ടും, യഥാസമയം ഭക്ഷണം കഴിക്കാതെയും കൊണ്ടും അത്യധികം ക്ലേശിച്ചിക്കുന്നതു് മാധവിയമ്മയ്ക്കു് ഒരു ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അല്പം ഇഷ്ടഭോജനക്രമം മാധവിയമ്മ മകളുടെ മുറിയിലേക്കു കയറിച്ചെന്നു. അവൾ വായന നിർത്തി പെട്ടെന്നെഴുന്നേറ്റു് അമ്മയെ ആദരിച്ചു. മാധവിയമ്മ പറഞ്ഞു

"കുഞ്ഞേ ഇന്നു കാപ്പിയും ഊണും ഒന്നും വേണ്ടേ? ഇതെന്തിരിപ്പാണു്. നിന്റെ ശരീരം ക്ഷീണിച്ചുക്ഷീണിച്ചു് ഒരു ചുള്ളിക്കമ്പുപോലെയായല്ലോ.

പാറുക്കുട്ടി:—അമ്മേ! വായനയിൽ മുഴുകിയിരുന്നതുകൊണ്ടു നേരംപോയതറിഞ്ഞില്ല. വിശപ്പും തോന്നിയില്ല.

മാധ:—എന്നാൽ ഇനിയെങ്കിലും വന്നു് ഉടനെ കുളിക്കു്.

അവർ അമ്മയെ അനുഗമിച്ചു. അടുക്കളയിൽചെന്നു രണ്ടുപേരുംകൂടി ഉടനെതുടങ്ങി. മാധവിഅമ്മ ഭീവീണ്ടും ഇങ്ങനെ സന്തോഷണമാരംഭിച്ചു. "കുഞ്ഞേ! ഇങ്ങനെ ദുഃഖിക്കാവുണ്ടോ? മരിച്ച ഒരാളിനെ ഉദ്ദേശിച്ചു് നീ എത്രനാളാണു് ഇങ്ങനെ ദുഃഖിച്ചിരിക്കാൻ പോകുന്നതു്. നിന്റെ ശരീരം എത്രമാത്രം ക്ഷീണിച്ചെന്നും നിന്റെ ആകാരസൗഭാഗ്യം എത്രമാത്രം ക്ഷയിച്ചെന്നും നീ അറിയുന്നില്ല. സോമനേക്കുറിച്ചു് എനിക്കും ദുഃഖമുണ്ടു്. പക്ഷേ, നമ്മൾ ഇത്ര ദുഃഖിച്ചാലും അയാൾ തിരിച്ചുവരുമോ?"

"അമ്മേ! ആ സോമനെക്കുറിച്ചു ഞാനെത്രനേരം ദുഃഖിക്കാതിരിക്കും. അല്ലെങ്കിൽത്തന്നെ ആ സോമനെക്കുറിച്ചു് എന്നെപ്പോലെ ദുഃഖിക്കാൻ ഈ ലോകത്തിൽ ആരുണ്ടു്?"

മാധ:—നീ പറഞ്ഞതു ശരിതന്നെ. സോമനെ നിനക്കും, സോമനു നിന്നെയും അത്ര സ്നേഹമായിരുന്നുവെന്നു് ഞാൻ നല്ലവണ്ണം അറിയുന്നുണ്ടു്. പക്ഷേ നീ ഈ കുട്ടംബത്തിലെ ഏകസന്താനം നിന്റെ ജീവിതം മുഴുവനും ഇങ്ങനെ സോമനെക്കുറിച്ചു ദുഃഖിച്ചു പാഴാക്കിയാൽ മതിയോ?

പാവ:—പിന്നെന്തു വേണം? അദ്ദേഹം എന്റെ ആത്മാരാധകനായിരുന്നു. അദ്ദേഹത്തെ ജീവാവസാനംവരെ ഞാൻ മനസ്സിൽ ധ്യാനിച്ചുകൊള്ളട്ടെ.

മാധ:—നീ അങ്ങനെ സോമനെമാത്രം ധ്യാനിച്ചു ജീവിതം കഴിച്ചുകൂട്ടിയാൽ ഈ കുട്ടംബത്തിന്റെ ഐശ്വര്യത്തിനും, അഭിവൃദ്ധിക്കും ആരുണ്ടു്?

പാവ:—സോമനില്ലാതെ എന്നെ സംബന്ധിച്ചിടത്തോളം ഒരഭിവൃദ്ധിയും ഞാൻ കാണുന്നില്ല. ഞാൻ ആഗ്രഹിക്കുന്നുമില്ല.

മാധ: — ഇതൊരു ദുഷ്കാര്യമാണു്. സോമനെപ്പോലെ തന്നെ സൗന്ദര്യവും സ്വഭാവശുദ്ധിയുമുള്ള ഒരു യുവാവിനെ നിനക്കു കിട്ടുവാൻ പ്രയാസമില്ല. അങ്ങിനെ ഒരു യുവാവിനോടുകൂടി വിവാഹജീവിതത്തിലേപ്പെട്ടു് എന്റെ മകനും ആനന്ദമയമായ ഒരു ജീവിതം നയിക്കുന്നതു കാണാൻ എനിക്കതിയായ ആഗ്രഹമുണ്ടു്.

പാവ: — ഇല്ല എന്റെ ആനന്ദം സോമനോടുകൂടെ അസ്തമിച്ചുകഴിഞ്ഞു. ആ സ്ഥിതിക്കു് കൃത്രിമമായ ഒരാനന്ദത്തിനു് ഞാൻ വഴിപ്പെടുകയോ? അതൊരിക്കലുമില്ല.

മാധ: — ഇതു് വല്ലാത്ത മക്കടമുഷ്ടിയാണു്. നീ ഇങ്ങനെ നിർബന്ധംപിടിച്ചാൽ ഈ കുടുംബകാര്യങ്ങളെല്ലാം കുഴപ്പത്തിലാകും. നമുക്കൊരു പുരുഷന്റെ സഹായം അത്യാവശ്യമായിരിക്കുന്നു. ഇനിയും കാലം വൈകിയാൽ തക്കതായ ആളിനെ കിട്ടിയില്ലെന്നും വരും. അതുകൊണ്ടു ക്ഷമയോടുകൂടി അമ്മ പറയുന്നതു കേൾക്കൂ.

പാവ: — അമ്മ പറയുന്നതെല്ലാം വേദവാക്യംപോലെ ഞാൻ അനുസരിക്കാറുണ്ടല്ലോ. ഈ കാര്യംമാത്രം എന്നോടു പറഞ്ഞു് അനുസരണക്കേടു് എന്റെ തലയിൽ കെട്ടിവയ്ക്കരുതേ.

മാധ: — നിന്നെക്കൊണ്ടു സാധിക്കേണ്ട ഈ കാര്യം ഞാൻ മറ്റാരെക്കൊണ്ടു സാധിക്കും?

പാവ: — എന്നെക്കൊണ്ടുതന്നെ സാധിക്കണമെന്നുണ്ടെങ്കിൽ അമ്മ ആ സോമൻ വരാൻ പ്രാർത്ഥിക്കണം.

മാധ: — സോമനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്, അവന്റെ ആത്മശാന്തിക്കുവേണ്ടി. മരിച്ചുപോയ ആരും തിരിച്ചുവരുന്നതിനു വേണ്ടി പ്രാർത്ഥിക്കാൻ എനിക്കു ഭ്രാന്തില്ലല്ലോ.

പാ:—എന്നാൽ മറ്റു വിചാരങ്ങളെ പേക്ഷിച്ചു നമുക്കു സോമന്റെ ആത്മനിർവൃതിക്കായി പ്രാർത്ഥിക്കാം.

മകളുടെ അഭിപ്രായഗതി മാറുന്നതിനു മാധവിയമ്മ വീണ്ടും ചെയ്ത ശ്രമവും-ഇങ്ങനെ പരാജയപ്പെട്ടു. വിവാഹ-സംഗതിയിൽ കോംപ്രമൈസ് തന്നെ മകൾക്കു ഹിതമല്ലാതിരിക്കെ മേനോന്റെ വിവാഹാലോചന അവളുടെ മുൻപിൽ അവതരിപ്പിക്കുന്നതിനു മാധവിയമ്മ എങ്ങിനെ ശക്തയാകും? വല്ല വിധവും മകളെക്കൊണ്ടു് ഒന്നു സമ്മതം മൂളിക്കാൻ എന്താണു വഴിയെന്നു് അവർ ആലോചിച്ചു. പൂർവ്വബന്ധം പറഞ്ഞു ഭാസ്കരമേനോൻ ക്രമേണ വരികയും പരസ്യം നേരമ്പോക്കുമറവും പറഞ്ഞു സ്വരക്കെട്ടിലേർപ്പെടുകയും ചെയ്യുന്നതു് അവളുടെ ഇപ്പോഴത്തെ മനോഗതിയെ തിരിച്ചുകൊണ്ടുവരുന്നതിനു പ്രേരകമായേക്കുമെന്നും മാധവിയമ്മ ആലോചിക്കാതിരുന്നില്ല. മേനോൻ വരാൻ അങ്ങോട്ടയച്ചാലെന്താണെന്നുകൂടി അവർ ആലോചിച്ചു. മേനോൻ ഇവിടെ വരികയും, മകൾ വിവാഹത്തിൽ വിമുഖത ഭാവിക്കുകയും ചെയ്താൽ ആ യുവാവിനുണ്ടാകാവുന്ന നൈരാശ്യത്തെക്കുറിച്ചും മാധവിയമ്മ അവഗാഢം ആലോചിച്ചു. ഏതായാലും മകളുടെ ഇപ്പോഴത്തെ മനോഗതി മാറി കഴിയുന്നതുവരെ അവളെ ഭാവിജീവിതത്തിലേർപ്പെടുത്തുവാൻതന്നെ മാധവിയമ്മ നിശ്ചയിച്ചുറച്ചു. അതിനുവേണ്ട ശ്രമങ്ങളും മുറയ്ക്കു നടത്തി.

ഒൻപതാം അദ്ധ്യായം.

പാറുക്കുട്ടി:—ലീലേ, നി ഇന്നിത്ര താമസിച്ചതെന്താ ണ്ട്?

ലീല:—ഊണും കഴിഞ്ഞു കുറേനേരം കിടന്ന് ഉറങ്ങിപ്പോയി.

പാറു:—നിനക്ക് പകലുറക്കം പതിവില്ലല്ലോ.

ലീല:—ഞങ്ങളെല്ലാം ഇന്നത്തെ സിനിമാ കാണാൻ പോയിരുന്നു.

പാറു:—എന്താ, നല്ല സിനിമാ ആയിരുന്നോ?

ലീല:—അതേയതേ. ഈ അടുത്തകാലത്തു് ഇത്ര നല്ല പടം വന്നിട്ടില്ല. നാട്യകലയിലും, സംഗീതലോകത്തിലും അത്യുന്നതസ്ഥാനം വഹിക്കുന്ന ശാന്തകുമാരിയായിരുന്നു നായിക. നടനകലാസമ്രാട്ടായ വീരപാണ്ഡിമാ യിരുന്നു നായകൻ. ഹാസ്യരസപ്രധാനനായ മുരുകേശൻ മുതലായ മറ്റു നടന്മാരും പ്രശംസാർഹർതന്നെ. കഥ ആദ്യവസാനം വളരെ രസകരമായിരുന്നു. ഹാസ്യ നിലയെ അളകളും തിങ്ങിക്കൂടിയിരുന്നു.

പാറു:—അച്ഛനുള്ളപ്പോൾ ഞങ്ങൾ ക്കൂടെക്കൂടെ സിനിമാ കാണാൻ പോകാറുണ്ട്. ഇപ്പോൾ ഞങ്ങളെക്കൊണ്ടുപോകാൻ ആരുമില്ല. അല്ലെങ്കിൽത്തന്നെ എനിക്കു സിനിമായും മറ്റും കാണാവാനുള്ള തൽപ്പരവും കുറഞ്ഞു പോയി.

ലീല:—നിനക്ക് രമയും പകലും ജപവും, ധ്യാനവുമൊക്കെയാണല്ലോ. എന്റെ സ്നേഹിത ഒരു സന്ന്യാസിനിയാകാൻ പോകുകയാണെന്ന് എനിക്കുതന്നെ ചില പ്പോഴും തോന്നാറുണ്ട്.

പാറു:—നാമം ജപിക്കുന്നതും ഭഗവദ്ഗീതകം വായിക്കുന്നതും സന്യാസിയാകുവാൻ വേണ്ടിയാണോ? ഒരു മനുഷ്യന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്നതിനു് ഈശ്വരവിചാരംപോലെ മറ്റൊന്നിനു ശക്തിയുണ്ടു"?

ലീല:—അതു ചീത്തയാണെന്നു് ഞാൻ പറഞ്ഞില്ലല്ലോ. "അതി സർവ്വത്ര വർജ്ജയേൽ" എന്നുണ്ടു്. നാമൊക്കെ ലൗകികരാണു്. എപ്പോഴും ഈശ്വരവിചാരത്തിൽതന്നെ മുഴുകിയിരുന്നാൽ മതിയോ?

പാറു:—നിന്നക്കു് വിനോദങ്ങളിലും, ആഡംബരങ്ങളിലും വച്ചിയ ഭ്രമമാണെന്നു് അമ്മ പറയാറുണ്ടു്. നിന്നെ കൊണ്ടുപോകുന്നതിനും മറ്റും ആളുള്ളതുകൊണ്ടു നിന്റെ ഇഷ്ടമൊക്കെ സാധിക്കാൻ പ്രയാസമില്ല.

ലീല:—നിനക്കും ഇടയിടെ ആളുണ്ടാകുമെന്നു കേട്ടല്ലോ. അപ്പോൾ കാണാം ഈ മട്ടൊക്കെ മാറുന്നതു്. അന്നു നാടകവും, സിനിമയും മറ്റും കാണുവാൻ പാടുകഷ്ടി ഞങ്ങളുടെ മുന്നണിയിലായിരിക്കും.

പാറു:—ഈ വിശേഷം നിന്നോടാരു പറഞ്ഞു?

ലീല:—നിന്റെ ഭാവം ആരും കണ്ടും അറിയുന്നില്ലെന്നാണു്. ഈയിടെ കേശവൻനായർ ഇവിടെ വന്നിരുന്നതും രാസ്സുരമേനോനുവേണ്ടി വിവാഹാലോചന നടത്തിയതും എല്ലാവരും അറിഞ്ഞുകഴിഞ്ഞു.

പാറു:—ലീലേ, നീ പറയുന്നതു വസ്തുവാണോ? കേശവൻനായർ ഇവിടെ വന്നിരുന്നു എന്നുള്ളതു് പരമാർത്ഥംതന്നെ. മേനോനുവേണ്ടി വിവാഹാലോചന നടത്തിയതു് എനിക്കറിഞ്ഞുകൂടാ. ഞാൻ ഒരു കാര്യവും നിന്നെ ഒളിക്കാറില്ലല്ലോ. ഈ സംഗതി ഞാനറിഞ്ഞിരുന്നെങ്കിൽ ഇതിനു മുൻപുതന്നെ ഞാൻ നിന്നോടു പറയുമായിരുന്നു.

ലീല:—വിവാഹമേ വേണ്ടെന്നു പറയുന്ന ആളിനോടു ഈ സംഗതി തുറന്നു പറയാൻ ബന്ധപ്പെട്ടവർ മടിച്ചുതായിരിക്കും.

പാറു:—ആരു് അമ്മയോ? അമ്മ ഇയിടെ വിവാഹത്തപ്പറ്റി എപ്പോഴും എന്നോടു പറയാറുണ്ടു്. എനിക്കതിൽ താല്പര്യമില്ലെന്നു കണ്ടിട്ടായിരിക്കണം പേരു പറയാൻ മടിക്കുന്നതു്.

ലീല:—തന്റെ മകൾ അനുരൂപനായ ഒരു ഭർത്താവിനോടുകൂടി ജീവിക്കുന്നതു കാണുവാൻ അമ്മമാർക്കു് എത്ര മാത്രം ആഗ്രഹമുണ്ടെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണു്. നിന്റെ അമ്മയുടെ ആ ആഗ്രഹം സാധിച്ചുകൊടുക്കേണ്ട ചുമതല നിനക്കില്ലേ? ഈ വൻപിച്ച കുടുംബത്തിലെ കാര്യാദികൾ അന്വേഷിക്കുന്നതിനു സമർത്ഥനും, യോഗ്യനുമായ ഒരു പുരുഷന്റെ സഹായം അത്യന്താപേക്ഷിതമല്ലേ? ഈ നിലയ്ക്കു ശരിയായ ഒരു വിവാഹാലോചന വന്നാൽ അതു തള്ളിക്കളയുന്നതു് യുക്തമാണോ? ആ ഭാസ്കരമേനോൻ പേഷ്കാരദ്ദേഹത്തിന്റെ അനന്തരവൻ, കൊച്ചാലോഞ്ചിരുദ്യോഗി, സ്ഥലത്തു പ്രാക്ടീസുചെയ്യുന്ന ഒരഭിഭാഷകൻ, കാര്യത്തിൽ പരമയോഗ്യൻ. അദ്ദേഹം എല്ലാവിധത്തിലും നിനക്കനുയോജ്യൻതന്നെ. കഴിയുന്നതും വേഗം നിങ്ങളെ ദമ്പതിമാരായി കാണ്മാൻ ഞങ്ങളെല്ലാം അതിയായി ആഗ്രഹിക്കുന്നു.

പാറു:—ആഗ്രഹംനല്ലതുതന്നെ. പക്ഷേ, മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും അനുപോലെ സാധിക്കാറില്ലല്ലോ.

ലീല:—വിവാഹസംഗതിയിൽ മുൻപെങ്ങും കണ്ടിട്ടില്ലാത്ത ഈ വിരക്തി നിനക്കെങ്ങിനെ വന്നുചേർന്നു? ഇതല്പകാലംകൊണ്ടു വന്നുചേർന്നിട്ടുള്ള മാറ്റമാണല്ലോ. അതോ മേനോന്റെ ഈ വിവാഹാലോചനയിൽ നിനക്കിഷ്ടമില്ലെന്നുണ്ടോ?

പാറു:—ലീലേ, എനിക്കാരോടും വിരോധമില്ലെന്നു നിനക്കറിയാമല്ലോ. മറ്റുമല്ല ആ മേനോൻ എന്റെ അച്ഛന്റെ അനന്തരവനല്ലേ? എനിക്കദ്ദേഹത്തോടു അനിഷ്ടം തോന്നുമോ? വിവാഹജീവിതത്തിൽ ഞാൻ തികച്ചും ഭഗ്നോത്സാഹയാണെന്നു് അറിയിച്ചുകൊള്ളട്ടെ.

ലീല:—ഇത്ര ചെറുപ്പത്തിൽ ഇങ്ങനെ ഒരു മനോഭംഗമുണ്ടായതിനു് വല്ല പ്രത്യേകകാരണവുമുണ്ടെങ്കിൽ ദയവുചെയ്തു് എന്നോടു പറയൂ.

പാറു:—എന്റെ ലീലേ, ഞാനതെങ്ങിനെ പറയും. കുട്ടിക്കാലംമുതൽ ഒരുമിച്ചു കളിച്ചുരസിച്ചുനടന്ന ആ സോമൻ—

ലീല:—അങ്ങിനെ പറയൂ കായ്യം വെളിക്കുവരട്ടെ. നിന്റെ മനസ്സു സോമന്റെകൂടെ പോയിത്തിക്കുപോയോ?

പാറു:—ലീലേ, അതിനെപ്പറ്റി എന്തിനു പറയുന്നു എന്റെ മനസ്സുപോയതുപോലെ തിരിച്ചുപോന്നു. എന്റെ സോമൻ. എന്റെ ജീവിതത്തിനു് ആനന്ദവും ആശ്വാസവും നൽകുമെന്നു ഞാൻ ബലമായി വിശ്വസിച്ചിരുന്ന ആ മനോമോഹനൻ. അയ്യോ! അദ്ദേഹം ഇന്നെവിടെ?

ലീല:—എന്തു്? നമ്മുടെ സോമനു് എന്തുപറ്റി? വേഗം പറയൂ.

പാറു:—നീ അറിഞ്ഞില്ലേ? ആ പൂണ്ണപ്പൻ പാലാഴിത്തിരകൾക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു.

ലീല:—എനിക്കിതു് ഒരു കെട്ടുകഥപോലെ തോന്നുന്നു. ആ സോമൻ മരിച്ചെങ്കിൽ ആരെല്ലാം എവിടെല്ലാമിരുന്നു് ആ കായ്യം പറഞ്ഞാലും.

പാറു:—ലീലേ, ഇക്കായ്യം വളരെപ്പേർ അറിഞ്ഞിരിക്കയില്ല. അദ്ദേഹത്തിനു പറയത്തക്കവരായി ആരുമില്ലെ

ന്ന നിനക്കറിഞ്ഞുകൂടെ? പിന്നെ ഈ വിവരങ്ങളെല്ലാം ആരറിയുന്നു, ആരു പറയുന്നു.

ലീല:—സഖീ, പരിഭ്രമിക്കാതിരിക്കു. പുണ്ണ്യവാന്മാർ മറഞ്ഞുകൊള്ളട്ടെ. ക്ഷീണമനുസരിച്ചെങ്കിലും വീണ്ടും പ്രത്യക്ഷപ്പെടുകയും, അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നതു നാം കണ്ടറിഞ്ഞുള്ളേ ?

പാറു:—ലീലേ, അങ്ങനെ വരുമോ? എങ്കിൽ ഹാ! ലീല, ഞാനെത്ര ഭാഗ്യവതിയായി.

ഈ സന്ദർഭത്തിൽ മാധവിയമ്മ മകളെ അകത്തേക്കു വിളിക്കുകയാൽ അവർ സംഭാഷണം നിറുത്തേണ്ടിവന്നു. ലീല അടുത്തദിവസം വരാമെന്നു പറഞ്ഞിട്ടു പിരിഞ്ഞുപോയി.

പത്താം അദ്ധ്യായം.

ഭാസ്കരമേനോന്റെ ഉന്നതപദവിക്കനുരൂപമായ വലിയ വൈരുപ്യമുണ്ടായിരുന്നെങ്കിലും പൂർവ്വബന്ധം വിചാരിച്ചും, മകളുടെ ദുഃഖശാന്തിക്ക് ഒരു പ്രത്യുപായമായും മേനോനെക്കൊണ്ടുതന്നെ അവളെ വിവാഹം ചെയ്യിക്കാമെന്നു മാധവിയമ്മ വിചാരിച്ചു. ഈ കാര്യം സാധിക്കുന്നതിനു കേശവൻനായരുടെ സഹായം ലഭിച്ചതും അവർക്ക് ആശ്വാസകരമായിത്തോന്നി. എന്നാൽ വാഗ്ദാനമനുസരിച്ചു മറുപടി പറഞ്ഞയയ്ക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. പാറുക്കുട്ടിയുടെ സമ്മതം വാങ്ങുവാൻ പല വിധത്തിൽ ശ്രമിച്ചുനോക്കിയിട്ടും നിഷ്ഫലമായതേയുള്ളൂ. മേനോനെ അവിടെ വരുത്തി കാര്യാനേഷണങ്ങൾക്കു മുതലപ്പെടുത്തുകയും ക്രമേണ വിവാഹം നടത്തുകയും ചെ

യുന്നതു ബുദ്ധിപൂർവമായിരിക്കുമെന്നും അവർ ആലോചിച്ചു നിശ്ചയിച്ചു. പക്ഷേ ആളയയ്ക്കുന്നതിനു മുമ്പുതന്നെ മേനോൻ അവിടെ വന്നുചേർന്നു. അതുകൊണ്ടു മാധവിയമ്മ കൂടുതൽ കൃതാർത്ഥയായി. കേശവൻനായരുടെ അഭിപ്രായമനുസരിച്ചു് അയാളോടുകൂടി മേനോൻ അവിടെ എത്തിയതായിരുന്നു. അവരെ സ്വീകരിക്കുന്നതിനും, സല്ക്കരിക്കുന്നതിനും മാധവിയമ്മ പ്രദർശിപ്പിച്ച സന്തോഷം അവർണ്ണനീയമായിരുന്നു. കാപ്പികുടി കഴിഞ്ഞു് അതിഥികളും മാധവിയമ്മയുംകൂടി കുടുംബകാര്യങ്ങളെക്കുറിച്ചു പലതും സംസാരിച്ചു. ഇടയ്ക്കു മാധവിയമ്മ പറഞ്ഞു:

"ഭാസ്കരാ! അമ്മാവൻ മരിച്ചെങ്കിലും അദ്ദേഹത്തിന്റെ മക്കളല്ലേ ഇവിടെ താമസിക്കുന്നതു്. നിനക്കു കൂടക്കൂടെ ഇവിടെ വന്നു ഞങ്ങളെ അന്വേഷിക്കേണ്ട ചുമതലയില്ലേ? നീ ആ ചുമതലയിൽനിന്നും തെറ്റിമാറിയതു് കഷ്ടം തന്നായില്ല. അമ്മാവൻ ജീവിച്ചിരിക്കുമ്പോഴും അതിൽ പിന്നീടും നിനക്കഹിതമായി ഞങ്ങൾ ഒന്നുംതന്നെ ചെയ്തിട്ടില്ലല്ലോ. പിന്നെ എന്റെ കുട്ടനു് ഇങ്ങനെ തോന്നിയതു ഞങ്ങളുടെ മാഗ്യദോഷമായിരിക്കാം.

കേ: നായർ:—മാധവിയമ്മയുടെ മുഖം കണ്ണീർ നേർത്തിരിക്കുന്നു. കണ്ണടിയ്ക്കു് ഉത്തരംമുട്ടി കീഴ്പോട്ടു നോക്കിയിരിക്കുന്നതു്.

മേനോൻ:—അമ്മാവിയമ്മ ശകാരിക്കാൻ അർഹതയുണ്ടല്ലോ. ഞാനതെല്ലാം ഏറ്റുവാങ്ങിക്കാൻ ഇങ്ങു വന്നിരിക്കുകയാണു".

മാധ:—ഈ ഭംഗിവാക്കുകൊണ്ടു കാര്യമായില്ല. ഈ കുടുംബത്തിൽ കാര്യമന്വേഷിക്കാൻ ആരുമില്ലെന്നു് എന്റെ കുട്ടനു് അറിയാമല്ലോ ഭാഗ്യവശാൽ ഒരു നല്ല സ്ഥിതി ഞങ്ങൾക്കുണ്ടു്. പക്ഷേ അതു വേണ്ടപോലെ കൈ

കായ്യും ചെയ്യാൻ പ്രിയമുള്ള പുരുഷന്മാർ ഇല്ലാതെപോയി. ഈ സ്വത്തുക്കളെല്ലാം കുട്ടന്റെ അമ്മാവൻ സമ്പാദിച്ചു താണ്ട്. അദ്ദേഹത്തിന്റെ മൂന്നുപുത്രാദികളല്ലാതെ ഇവിടെ വേറെ അരുമില്ലാത്ത സ്ഥിതിക്ക് എത്രയോ മുൻപേതന്നെ അദ്ദേഹത്തിന്റെ അനന്തരവൻ ഞങ്ങളുടെ കായ്നാപേഷണം നടത്തേണ്ടതായിരുന്നു.

മേനോൻ: — ഞാനിതിൽ തെറ്റുകാരൻതന്നെ. എന്റെ തെറ്റിനെ പരിഹരിക്കാൻ ദയചെയ്തു സഹകരിക്കും.

അവരുടെ സംഭാഷണം കേട്ടുകൊണ്ടു പാറുക്കുട്ടി സമീപത്തിരിക്കുകയായിരുന്നു. മേനോന്റെ ആഗമനത്തെക്കുറിച്ചു സംഗ്രഹം ഗ്രഹിച്ചിരുന്നതുകൊണ്ടു് ഈ സംഭാഷണഗതി അവർക്കു രീരെ ഇഷ്ടപ്പെട്ടില്ല. എങ്കിലും അതിഥേയമര്യാദയെ ഉല്ലംഘിക്കരുതെന്നു കരുതി അവൾ ഉള്ളിലുണ്ടായ വിചാരത്തെ ഒട്ടെടുക്കിക്കൊണ്ടു ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "ഭാസിച്ചേട്ടാ! അമ്മ ഇങ്ങനെയൊക്കെപ്പറയും. അച്ഛൻ മരിച്ചെങ്കിലും ഇവിടെ കായ്നാപേഷണങ്ങൾക്കു യാതൊരു കുഴപ്പങ്ങളും നേരിട്ടിട്ടില്ല. അന്നത്തേപ്പോലെതന്നെ ഇന്നും കാര്യങ്ങൾ മുറയ്ക്കു നടക്കണം. ഇവിടെ കായ്നാപേഷണത്തിനു ആരുടേയും സഹായം വേണമെന്നില്ല. പിന്നെ ഭാസിച്ചേട്ടൻ ഞങ്ങളുടെ ബന്ധുവല്ലേ കൂടക്കൂടെ ഇവിടെ വരണമല്ലോ ഞങ്ങൾക്കെല്ലാം സന്തോഷംതന്നെ.

മാധു: — ഭാസ്കരാ! അവരുടെ രീതി സുഖമില്ലാതിരിക്കുകയാണ്. അതുകൊണ്ടു തന്നിഷ്ടവും അല്പം കൂടീട്ടുണ്ടു്. അതുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്. അതൊന്നും വകവയ്ക്കാനില്ല. അവളുടെ ആരോഗ്യം വീണ്ടുകിട്ടുമ്പോൾ ബുദ്ധിയും നേരേയായിക്കൊള്ളും.

പാറു:—എന്റെ ബുദ്ധി എങ്ങോട്ടും വളഞ്ഞുപോയിട്ടില്ല. പിന്നെങ്ങിനെയാണു" അതു നോക്കയാക്കുക.

മേനോൻ:—അതു കഴിക്കു് ആരോഗ്യം കായുമ്പോൾ വാക്കുകളുടെ മാർദ്ദവവും വളരെ കുറഞ്ഞുപോകും. അതാരുടേയും കുറവല്ല.

പാറു:—നല്ലവിധി അഡ്വക്കേറ്റുമുത്തു് ജഡ്ജിയായിക്കഴിഞ്ഞെന്നു തോന്നുന്നല്ലോ.

മേനോൻ:—എന്താ എനിക്കു ജഡ്ജിയായിക്കൂടെ? അങ്ങനെ വന്നാൽ പാറുക്കുട്ടിക്കു് ഒരു ജഡ്ജിയുടെ ഭാര്യയായി ജീവിതം നയിക്കാൻ ഭാഗ്യമുണ്ടാകുമല്ലോ.

പാറു:—നിങ്ങളെ ഭാഗ്യമെന്നു വർണ്ണിക്കുന്നതു് ഞാൻ എന്തായോ നിർഭാഗ്യമെന്നു വിചാരിക്കുന്നു.

മാധു:—ഛീ, മിണ്ടാതിരിക്കു്. നിന്റെ സംസാരം കുറേ കവിഞ്ഞുപോകുന്നു.

പാറു:—എന്താണമ്മ? ഞാനെന്തു പറഞ്ഞു?

മാധു:—നീ പറഞ്ഞതൊക്കെപ്പോരഞ്ഞു ഇനിയുമൊന്നും പറയാതിരുന്നാൽ മതി.

പാറു:—എന്റെ സംസാരം അമ്മയ്ക്കു കേൾക്കാൻ വയ്യെങ്കിൽ ഞാനിവിടെ ഇരിക്കുന്നില്ല. അകത്തുപോയി വല്ല പുസ്തകങ്ങളും വായിച്ചുകൊള്ളാട്ടെ. ഇഷ്ടമുള്ളവർ ഒന്നിച്ചിരുന്നു് ഇഷ്ടമുള്ള കാര്യങ്ങളെക്കുറിച്ചു് ആലോചിച്ചുകൊള്ളുവിൻ. ഞാൻ നിങ്ങൾക്കു പ്രതിബന്ധം ഉണ്ടാക്കുന്നില്ല.

അനന്തരം പാറുക്കുട്ടി നീരസഭാവത്തോടെ അവിടെനിന്നും പോയി. മേനോനും കേശവൻനായരും കുറേ രാത്രിയാകുന്നതുവരെ കുറേ കാര്യങ്ങളും പറഞ്ഞു് അവിടെ കഴിച്ചുകൂട്ടി. അപ്പോഴും കേശവൻനായർ പറഞ്ഞു.

"പാവക്കുട്ടിയുടെ ഇപ്പോഴത്തെ വിശ്വാസനില മാറിക്കൊള്ളും. മേനോൻ ക്രമേണ ഇവിടെ വരികയും കൂടുതൽ സംസർഗ്ഗത്തിനു സന്ദർഭം ലഭിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആലോചന ഫലസമൃദ്ധമായിത്തീരുമെന്നാണു് എന്റെ വിശ്വാസം. അമ്മയും മകളും തങ്ങളിൽ വെറുതെ ശണ്ഠയുണ്ടാക്കുന്നു". നമുക്കു വഴിയേ കാര്യം സാധിക്കാം.

മാധ:—അതുതന്നെയാണു ഞാനും ഉദ്ദേശിക്കുന്നതു്. ഇപ്പുമിപ്പുത്തെ കാര്യം പറഞ്ഞു് എപ്പോഴും അവളെ അലട്ടുന്നതു യുക്തമല്ലല്ലോ

മേനോൻ:—അതുമതി. "പയ്യെത്തിന്നാൽ പനയും തിന്നാം" എന്നാണല്ലോ പഴഞ്ചൊല്ലു്. ക്രമേണ പാവക്കുട്ടിയുടെ മനസ്സു് തിരിഞ്ഞുവന്നുകൊള്ളും.

മാധ:—കുട്ടൻ നാളെ വൈകിട്ടും ഇങ്ങോട്ടു വരണം. മേലാൽ ഇവിടത്തെ എല്ലാക്കാര്യങ്ങളും കുട്ടൻതന്നെ നോക്കിക്കാളണം. അവളുടെ ഇഷ്ടാനിഷ്ടങ്ങളെന്നും തുല്യഭാവം വകവയ്ക്കുന്നു". കുട്ടന്റെ അഭിപ്രായം പോലെ കാര്യങ്ങൾ നടത്തുന്നതിനു ഞാൻ സന്നദ്ധയായിരിക്കും.

മേനോൻ:—അങ്ങിനെ ചെയ്യാം. നേരം വളരെ ഇരുട്ടിയല്ലോ. ഞങ്ങൾ ഇപ്പോൾ പോകട്ടെ

മാധ:—എന്നാൽ അങ്ങിനെയാകട്ടെ.

പതിനൊന്നാം അദ്ധ്യായം.

ഭാസ്കരമേനോൻ പൂമംഗലത്തെ കാര്യവിചാരം തുടങ്ങിയിരിക്കുന്നു. വസ്തുക്കളുടെ പാട്ടം പിരിക്കുക, പണം കൊടുക്കേണ്ടവർക്കുള്ള നടത്തുക മുതലായ എല്ലാ കാര്യങ്ങളും മേനോന്റെ മുമ്പിലായിട്ടത്രെയാണ നടത്തുന്നതു്. വളരെ മിതമായി ചെലവു നടത്തിവന്നിരുന്ന ആ കുടുംബത്തിൽ ഇപ്പോൾ ചെലവു വളരെയേറെ വർദ്ധിച്ചു. മേനോൻ മിക്കവാറും പൂമംഗലത്തുതന്നെ സ്ഥിരവാസമാക്കി. അദ്ദേഹത്തെ കാണുന്നതിനു ക്ലേക്കുടെ പല സ്നേഹിതന്മാരും വരിക പതിവായിത്തീർന്നു. മേനോന്റെ ഭാര്യയും ആഗ്രഹിച്ചു് അവിടെ വരാറുണ്ടായിരുന്ന ആ സ്നേഹിതന്മാരെ തൃപ്തിപ്പെടുത്തുന്നതിനും മേനോന്റെ മറ്റു വീടുത്തിലുള്ള ആവശ്യങ്ങൾക്കും പൂമംഗലംവക മുതൽതന്നെ ധാരാളമായി ചെലവുചെയ്തുകൊണ്ടിരുന്നു. മാധവിഅമ്മ, മേനോനെ തന്റെ ജാമാതാവാക്കാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ നടപടികളും സൂക്ഷിക്കുകയും, വരുചെലവുകളുടെ കണക്കുകൾ ചോദിക്കുകയോ ചെയ്തിരുന്നില്ല. വല്ലവിധേനയും മകളുടെ വിവാഹം നടന്നുകണ്ടാൽ മതിയെന്നായിരുന്നു അവരുടെ വിചാരം. ഈവക സംഗതികളൊന്നുംതന്നെ പാറുക്കുട്ടിക്കു് ഇഷ്ടമായിരുന്നില്ല.

അന്നൊരു വലിയ നാടകം നടക്കുന്ന ദിവസമായിരുന്നു. അതിനെപ്പറ്റി മാനേജർ മേനോനെ വന്നുകണ്ടു് അഞ്ചുറുപ്പികയുടെ ടിക്കറ്റുകൾ അദ്ദേഹത്തെ ഏല്പിച്ചു. അഭിമാനിയായ മേനോൻ കമ്മീഷൻപോലുമെടുക്കാതെ അപ്പോൾതന്നെ മാനേജർക്കു പണവും എണ്ണിക്കൊടുത്തു. അഞ്ചുരൂപയും, മുന്നൂറുപയും മാറും വിലയുണ്ടായിരുന്ന ആ ടിക്കറ്റുകൾ യാതൊരു ക്രയവുംകൂടാതെ തന്റെ സഹചാരന്മാരായ സ്നേഹിതന്മാർക്കു അദ്ദേഹം സംഭാവനചെയ്തു.

അവരെല്ലാം അദ്ദേഹത്തിന്റെ സ്നേഹത്തെയും, ഔദാര്യത്തെയും, വാനോളം പുകഴ്ത്തി.

നേരം സന്ധ്യകഴിഞ്ഞു. "വേഗം അത്താഴം കഴിഞ്ഞു്, നമുക്കെല്ലാം നാടകം കാണാൻ പോകണം" എന്നു മേനോൻ ആജ്ഞാപിച്ചു. മാധവിഅമ്മയ്ക്കും നാടകംകാണാൻ പോകുന്നതിൽ വലിയ താല്പര്യമുണ്ടായിരുന്നു. അവർ ഈ വിവരം പാറുക്കുട്ടിയെ ധരിപ്പിച്ചു. അവൾ പറഞ്ഞു: "അമ്മയ്ക്കു നാടകംകാണാൻ താല്പര്യമുണ്ടെങ്കിൽ ഞാനതു വിലക്കുന്നില്ല. എനിക്കതിൽ അശേഷം ആഗ്രഹമില്ല. ഞാൻ വരുന്നുമില്ല"

മാധ:—നീ വരുന്നില്ലെങ്കിൽ ഞാനും പോകുന്നില്ല. നമുക്കെല്ലാവർക്കുംകൂടി അവിടെ ചെന്നിരുന്നു നാടകം കണ്ടാനന്ദിക്കാനല്ലേ അമേനോൻ പണംകൊടുത്തു നേരത്തെ ടിക്കറ്റു വാങ്ങിയതു്.

പാറു:—അമ്മേ, ഓർമിച്ചോട്ടെന്നോ? അമ്മ അദ്ദേഹത്തിന്റെ ഈ ഉദ്യമത്തെ തടയേണ്ടതായിരുന്നു.

മാധ: വല്ലതിനും തടയണം. നാടകം കാണാൻ പോകുന്നതു് അത്ര ചീത്തക്കാര്യമാണോ?

പാറു:—ചീത്തക്കാര്യമാണെന്നു ഞാൻ പറഞ്ഞില്ല. പക്ഷേ ഏതിനേക്കാളും ഇപ്പോൾ കായ്ക്കുകയും വലുതുണ്ടു്. ഇതനുവേണ്ടി ചെലവുചെയ്യുന്ന പണം ഇതിനേക്കാൾ നല്ല കായ്ക്കുംകൂടിയവേണ്ടി ചെലവുചെയ്താൽ അതു വലിയ ധർമ്മമായിരിക്കും.

മാധ:—നിന്റെ അഭിപ്രായം കൊള്ളാം. നിന്റെ അഭിപ്രായം പോലെയാണെങ്കിൽ ആരും നാടകം കാണാൻ ചെല്ലാതെ നാടകക്കമ്പനിക്കാർ ഇനിയും തെണ്ടിപ്പോകുമല്ലോ.

പാറു:—ഇല്ല, ഭാസിച്ചേട്ടനെപ്പോലെ ഒരാളും, പൂമ്പഗലംപോലെ സ്ത്രീയുള്ള ഒരു വീടും ഉണ്ടെങ്കിൽ നടക്കുന്ന വിക്കാര്യത്തെപ്പറ്റി അവർക്കു തന്നെന്തെങ്കിലും അഭിപ്രായം നേരിട്ടുകയില്ല. ഇന്നു ഭാസിച്ചേട്ടൻ എത്ര രൂപയുടെ വിൽക്കാരാട്ടത്തെപ്പറ്റിയാണു് അമ്മ അറിഞ്ഞതു്? അഞ്ഞൂറു രൂപാ ഒരു നാടകത്തിനു്. ഇതുപോലെ ഇവിടത്തെ ഏതെങ്കിലും പണമാണോ തകർക്കുന്നതെന്നു് അമ്മ അറിയുന്നുണ്ടോ?

മാധ:—കുഞ്ഞേ! ഈ സ്വത്തുക്കളെല്ലാം ഭാഗ്യത്തിന്റെ അമ്മാവൻ തന്നതല്ലേ. അവൻ ഇഷ്ടംപോലെ ചെലവു ചെയ്യുന്നതിൽ നാം വിമുഖത കാണിക്കാമോ? അതു പോകട്ടെ. ഞാൻ നിനക്കു വേണ്ടിയല്ലേ ഭാസിയെ കൂട്ടുതൽ ഇഷ്ടപ്പെട്ടതും, ചുമതലകളെല്ലാം അവനെ ഏല്പിച്ചതും.

പാറു:—എനിക്കുവേണ്ടി അമ്മ ആരേയും ചുമതല പ്പെടുത്തണ്ട. ഞാൻ അമ്മയുടെ ചുമതലയിൽമാത്രം ജീവിച്ചുകൊള്ളാം.

മാധ:—നീ ഇങ്ങനെ നിർബന്ധംപിടിക്കരുതു്. നീ വിവാഹിതയായി ഒരു ഭർത്താവോടുകൂടി സുഖമായിരിക്കുന്നതു കാണുവാൻ ഞാനെത്രകാലമായി കൊതിക്കുന്നു. നിന്നെ വിവാഹം ചെയ്യിക്കുന്നതിനുവേണ്ടിയാണോ വിദ്യാഭ്യാസത്തിനുള്ള പണവും കൊടുത്തതു്. നിന്റെ അച്ഛൻ സോമനെ ബിലാത്തിക്കയച്ചതു്. നമ്മുടെ ആശാവല്ലിനിർഭാഗ്യത്തിന്റെ കഠോരമായ ഉഷ്ണമാരുതൻ വാടിക്കരിഞ്ഞുപോയി. പക്ഷേ ദൈവം നിർദ്ദയനല്ല. നമുക്കു മറെറാരാശാകേന്ദ്രം അദ്ദേഹം കാണിച്ചുതന്നു. അതിനെ നാം സഫീകരിക്കുകയാണു വേണ്ടതു്.

പാറു:—അമ്മേ! ഞാൻ ഭാഗ്യഹീനയാണു്. അമ്മയും അച്ഛനുംകൂടി ആ സോമനെ എന്റെ ഭർത്താവായി നിർദ്ദേശിച്ചു. ഞാൻ അദ്ദേഹത്തെ മനസാ സ്വീകരിച്ചു.

ആരാധിച്ചു. ഈ ജീവിതത്തിൽ മറ്റൊരാളെ സ്നേഹിക്കുകയോ, സ്നേഹിക്കുകയോ ചെയ്യുവാൻ ഞാൻ ഒരുക്കമില്ല.

മാധ:—ഇങ്ങനെ നിർബന്ധം പിടിക്കരുതു്. സോമൻ ഇനി ഒരിക്കലും വരില്ല. മരിച്ചുപോയ ഒരാളെ ഉദ്ദേശിച്ചു് എന്തിനാ മകനും ജീവിതം പാഴാക്കുന്നതു്. അമ്മേനോൻ മറ്റുള്ളാംകൊണ്ടും നിനക്കനുരൂപനാണു്. പോരെങ്കിൽ നമ്മുടെ മച്ചുനനുമാണു്. അദ്ദേഹം നിന്നെ അതിയായി സ്നേഹിക്കുന്നു.

പാറു:—അമ്മേ! മാസിലേട്ടൻ എന്നെ സ്നേഹിക്കേണ്ടവൻതന്നെയാണു്. എന്റെ കുട്ടിത്തം സ്നേഹിച്ചാലും എനിക്കിഷ്ടംതന്നെ. പക്ഷേ അതൊരു കൊച്ചുസഹോദരിയേടുള്ള സ്നേഹമായിരിക്കട്ടെ.

സംഭാഷണം ഇതുവരെയായപ്പോൾ പടിക്കൽ ഒരു കുതിരവണ്ടി വന്നുനിന്നു. അച്ഛൻ അവരെ നാടകസ്ഥലത്തേയ്ക്കു കൊണ്ടുപോകാൻ വന്ന വണ്ടിയാണു്. ഉടനെ മേനോൻ മുറിയിലേയ്ക്കു കയറിവന്നു് "പാറുക്കുട്ടീ! വേഗം തയ്യാറാക്കു. വണ്ടി വന്നുകഴിഞ്ഞു" എന്നു പറഞ്ഞു. ഇതുകേട്ടു പാറുക്കുട്ടി "വണ്ടി വന്നെങ്കിൽ എന്തിനു താമസിക്കുന്നു വേഗം പോകാമായിരുന്നല്ലോ" എന്നു വിരസഭാവത്തിൽ മറുപടി പറഞ്ഞു. അപ്രതീക്ഷിതമായ ഈ മറുപടികേട്ടു് മേനോൻ വിവർണ്ണവദനനായി, പാറുക്കുട്ടിയുടെ മുഖത്തേയ്ക്കു നോക്കി വീണ്ടും ഇങ്ങനെ ചോദിച്ചു: "എന്തു വരുന്നില്ലേ; നിശ്ചയമായോ?"

"ഇല്ല. നിശ്ചയംതന്നെ" എന്നുള്ള പാറുക്കുട്ടിയുടെ മറുപടിയെത്തുടർന്നു് "എങ്കിൽ ഞാനും വരുന്നില്ല" എന്നു മാധവിയമ്മയും പ്രതിവചിച്ചു. നിർഭാഗ്യനായ നിരാശയിൽ തുടികൊണ്ട ഹൃദയത്തോടുകൂടി മേനോൻ ഒഴിഞ്ഞ വണ്ടിയിൽ കയറി നാടകസ്ഥലത്തേയ്ക്കു പോകുകയും ചെയ്തു.

പന്ത്രണ്ടാം അദ്ധ്യായം.

പേഷ്കാർ രാമുണ്ണിമേനോന്റെകൂടെ ദീർഘകാലം തുമസ്സാവായി ജോലിനോക്കിയിട്ടുള്ള അച്യുതക്കുറുപ്പിന്റെ ഭവനം പൂമംഗലത്തിനു സമീപത്തെയായിരുന്നു. വളരെ സമ്പന്നനിലയിലും, കൃത്യനിഷ്ഠയോടും സക്കാർജോലി നിർവഹിച്ചുവന്ന കുറുപ്പിനു് പ്രതിമാസം കിട്ടിവന്ന ഗണ്യമായ ശമ്പളമല്ലാതെ മറ്റു വരുമാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. കിട്ടിവന്ന ശമ്പളംകൊണ്ടു നിത്യവൃത്തി മനസമായും ഒരുവിധം സുഖമായും കഴിച്ചുവന്നതിനാൽ മുൻപുണ്ടായിരുന്ന ഒരു ചെറുസമ്പത്തല്ലാതെ പറയത്തക്ക സമ്പാദ്യമൊന്നും അദ്ദേഹത്തിനില്ലായിരുന്നു. മിതവ്യയശീലവും, കുടുംബഭരണത്തിൽ തികഞ്ഞ താൽപര്യവും ഉണ്ടായിരുന്ന ഒരു സഹധർമ്മിണിയും ഏകസന്താനവുമായിരുന്ന കുറുപ്പിന്റെ സംരക്ഷണയിൽ ഇരുന്നവയ്ക്കു്. അതുകൊണ്ടും വലിയ കുടുംബക്ലേശമൊന്നും കുറുപ്പിനുണ്ടായിരുന്നില്ല. അതുപോലെ ലഘുവായ രീതിയിലും ഏറ്റവും നാലുപേരോടൊപ്പമായും താമരശ്ശേരി കുടുംബക്കാർ അന്നു കഴിഞ്ഞുവന്നു.

കുറുപ്പിന്റെ ഏകസന്താനമായിരുന്ന സോമശേഖരൻ. അയാൾ മദ്രിക്കുലേഷൻക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഇവിടെ ആ കുടുംബത്തിന്റെ സച്ഛന്ദജീവിതത്തിനു വിരാമമിട്ട ഭയങ്കരമായ അന്നത്തെ വേനൽക്കാലത്തു് അനവധി ജനങ്ങളെ അകാലമൃത്യുവിനിരയാക്കിയ മസൂരി എന്ന മഹാമാരി താമരശ്ശേരി കുടുംബത്തെയും ബാധിച്ചു. ഏതാനംദിവസങ്ങൾക്കുള്ളിൽ അദ്വിതീയനായ സോമശേഖരനെ നിർലജ്ജനാക്കീട്ടു് അവന്റെ മാതാപിതാക്കന്മാർ ഇഹലോകവാസം വെടിഞ്ഞു. ഏകനും നിരാശ്രയനുമായ സോമനെ അനാകുലപ്പാർത്ഥനായ പേഷ്കാരുദ്ദേഹം അന്നുമുതൽ ക്രമത്തിൽ സംരക്ഷിച്ചുവന്നു. അദ്ദേഹത്തിന്റെ സഹായത്താൽ സോ

മൻ ഇന്റർ പഠിച്ചു് മെഡിക്കലേഷൻ പരീക്ഷയിലും, ഇൻറർ മീഡിയറ്റ് പരീക്ഷയിലും ഒന്നാംക്ലാസ്സിൽ വിജയിയായി.

സോമൻ അത്യന്തം സുമുഖനും, സുശീലനുമായ ഒരു യുവാവായിരുന്നു. അവന്റെ ബുദ്ധിസാമർത്ഥ്യത്തെക്കുറിച്ചു പലപ്പോഴും ഇതരാധ്യാപന്മാർ പ്രശംസിച്ചിട്ടുണ്ടു്. രാമുണ്ണി മേനോനും, ഭാര്യയും പുത്രനിൽവിശേഷമായ വാത്സല്യം സോമനോടു തോന്നിയിരുന്നു. പാറുക്കുട്ടിക്കു് ആ യുവാവിനോടു തോന്നിയിരുന്ന സ്നേഹം അവനിനും വർദ്ധിച്ചു വരുന്നതായും അവർ മനസ്സിലാക്കി. സ്വപുത്രിയുടെ ഭർത്താവായിരിക്കാൻ വേണ്ട എല്ലാ ഗുണഗണങ്ങളും ആ യുവാവിനുണ്ടെന്നു് അവർത്ഥിയാക്കി. കഴിക്കുടി ഉന്നതവിദ്യാഭ്യാസം ചെയ്യിക്കണമെന്നും അതിനുശേഷം പാറുക്കുട്ടിയെ വിവാഹംചെയ്യിക്കണമെന്നും നിശ്ചയിച്ചു് സോമനെ വൈദ്യസംബന്ധമായ ഉപരിപഠനത്തിനു് ഇംഗ്ലണ്ടിലേയ്ക്കയച്ചു.

സോമൻ പോയിട്ടു് അഞ്ചുകൊല്ലം കഴിഞ്ഞു. എം. ബി. ബി. എസ്സു്. പരീക്ഷയിൽ ജയിച്ചശേഷം വേറെ ചില ബിരുദങ്ങൾകൂടി സമ്പാദിക്കുന്നതിനു് അയാൾ ശ്രമിക്കുകയായിരുന്നു. അപ്പോഴാണു് അവിടെ പുതുതായി സ്ഥാപിച്ച ഒരു നേഴ്സിംഗ്ഹോമിൽ അദ്ദേഹത്തെ ഒരു ഡോക്ടറായി നിയമിച്ചു. ആ ജോലിയിലിരുന്നുകൊണ്ടുതന്നെ അദ്ദേഹം പല ഡിഗ്രികളും സമ്പാദിച്ചു.

സോമൻ ജോലിനോക്കിവന്ന നേഴ്സിംഗ്ഹോം നടത്തിവന്നതു് ഒരിംഗ്ലീഷ് യുവതിയായിരുന്നു. ആ യുവതിക്കു് സോമനെക്കുറിച്ചു് വളരെ മതിപ്പും, വിശ്വാസവും ഉണ്ടായിരുന്നു. സോമന്റെ അനിതരസാധാരണമായ സ്വഭാവവിശേഷവും, അനവദ്യമായ ആകാരസുഷമയും ആ വനിതയുടെ ഹൃദയത്തെ അത്യധികം വശീകരിച്ചു. മുറയ്ക്കു മുറയ്ക്കു് ശമ്പളവർദ്ധനയും, പ്രോത്സാഹനങ്ങളും നല്കി അവിടെക്കു തടഞ്ഞാനുള്ള സോമന്റെ ആഗ്രഹത്തെ ആ യുവതി വിളംബിപ്പിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഏതാനും

മാസങ്ങൾ പിന്നെയും മുൻപോട്ടുപോയി കാലദോഷം സോമനെയും ആവരണംചെയ്തു. ആ യുവാവു് "ടൈഫോയിഡ്" എന്ന രോഗം പിടിപെട്ടു് ആ ഹോമിൽത്തന്നെ കിടപ്പിലായി. ഹോമിലെ എല്ലാ ഡോക്ടറന്മാരും സോമനെ ചികിത്സിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും ഏകാഗ്രതയോടെ വർത്തിച്ചു. ആ സ്ഥാപനത്തിന്റെ ലേഡീസൂപ്രണ്ടു് സ്വന്തം സുഖങ്ങളെല്ലാം പരിത്യജിച്ചു് രാത്രിയും പകലും ഉറക്കമിളച്ചിരുന്നു സോമനെ പരിചരിച്ചു ആ യുവതിയുടെ സൂക്ഷ്മമായ പരിചരണം ലഭിച്ചില്ലായിരുന്നെങ്കിൽ സോമന്റെ കഥ നമുക്കു മുടരേണ്ടിവരികയില്ലായിരുന്നു. ഏതായാലും ഒരു പ്രിയപ്പെട്ട മാതാവിനെപ്പോലെയോ, സഹധർമ്മിണിയെപ്പോലെയോ ആ യുവതി വൃദ്ധയം നിറഞ്ഞ കാരുണ്യത്തോടും, സ്നേഹത്തോടുംകൂടി നിരന്തരം ശുശ്രൂഷിച്ചതിന്റെ ഫലമായി ഒരുമാസത്തിനുശേഷം സോമൻ രോഗത്തിൽനിന്നും വിമുക്തനായി. എങ്കിലും ശരീരം പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നതിനു് ഒരുമാസംകൂടി പരിപൂർണ്ണവിശ്രമം എടുക്കേണ്ടിവന്നു.

സോമന്റെ ആരോഗ്യം ഉച്ചനിലയിലെത്തി. രാഹുവിമുക്തനായ ചന്ദ്രനെപ്പോലെ അദ്ദേഹത്തിന്റെ സൗകുമാര്യവും പതിന്മടങ്ങു വർദ്ധിച്ചു. അതോടൊപ്പംതന്നെ ആ യുവതിയുടെ മനസ്സും ആനന്ദംകൊണ്ടു് ആടുലോലിതമായി. ഹോമിലെ പ്രധാനപ്പെട്ട ജോലികളെല്ലാം കഴിഞ്ഞാലുടൻ സോമൻ ലേഡീസൂപ്രണ്ടിന്റെ മുറിയിൽ ചെല്ലുന്നു. അദ്ദേഹം ചെല്ലാൻ താമസിച്ചാൽ ആ വനിത അദ്ദേഹത്തെത്തിരക്കി അദ്ദേഹത്തിന്റെ മുറിയിലേക്കു ചെല്ലും. സോമനെപ്പിരിഞ്ഞിരിക്കുന്നതുതന്നെ ആ യുവതിക്കു് ദുഃസഹമായിത്തീർന്നിരിക്കാം. സോമനോ? തന്റെ വിദ്യാവാസത്തിൽ ആത്മാർത്ഥമായി സഹായിച്ച ഒരമ്മിത്രത്തിന്റെ സ്നേഹസുരഭിലമനസ്സുകൾക്കു കീഴ്പെട്ടു് അവരുടെ കാലടികളെ പിന്തുടരുകയാണു്.

പതിമ്മൂന്നാം അദ്ധ്യായം.

നാടകം നടന്നതിന്റെ പിറേദിവസം രാത്രിയിൽ പാറുക്കുട്ടി അത്താഴം കഴിഞ്ഞു സ്വന്തം മുറിയിലിരുന്നു വർത്തമാനപ്പത്രം വായിക്കുകയായിരുന്നു. അപ്പോൾ മേനോൻ ആ മുറിയിൽ കയറിച്ചെന്നു. അവൾ എഴുന്നേറ്റു മേനോനെ ആദരിക്കുകയും ഇരിക്കുന്നതിന് ഒരു കസേര മാറിയിട്ടുകൊടുക്കുകയുംചെയ്തു. മേനോൻ ആസനസ്ഥനായശേഷം "പാറുക്കുട്ടി എന്താണു് ഇന്നലെ നാടകത്തിനു വരാതിരുന്നതു്. നിന്നെക്കൊണ്ടുപോകുന്നല്ലേ ഞാൻ വണ്ടിയും മറ്റും നേരത്തെ ഏർപ്പാടുചെയ്തിരുന്നതു്."

പാറു:—എനിക്കു നാടകം കാണാൻ തീരെ ഭ്രമമില്ല. മാത്രമല്ല, എന്നെ കൊണ്ടുപോകുന്നതിനു് അച്ഛനുള്ള ആളുമില്ല.

മേനോൻ:—ഈ വാചകം കുറേ കടന്നുപോയി. പാറുക്കുട്ടിയെ കൊണ്ടുപോകുന്നതിനു് ഏതുകൊണ്ടും അർഹതയുള്ള ആളാണു് ഞാൻ. ആ പരമാർത്ഥം അറിഞ്ഞിരുന്നിട്ടും ഇതു ധിക്കാരമായി സംസാരിക്കുന്നതു് അനുചിതമാണു്.

പാറു:—എന്റെ അഭിപ്രായം മറിച്ചാണു്. അവിവാഹിതയായ എന്നെ രാത്രിയിൽ നാടകം കാണാൻ കൊണ്ടുപോകുമെന്നുദ്ദേശിച്ചതുതന്നെ അനുചിതമായിപ്പോയി.

മേനോൻ:—നീ എന്റെ അമ്മാവന്റെ മകളാണു്. നിന്നെ ഏവിടെക്കൊണ്ടുപോകുന്നതിനും എനിക്കവകാശമുണ്ടു്. അല്ലെങ്കിൽത്തന്നെ ഞാൻ നിന്നെ വിവാഹംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കയാണു്. നിന്റെ അമ്മയുടെ നിശ്ചയവും അതാണു്.

പാറു:—ആരെ? എന്നെയോ? എന്റെ സമ്മതംകൂടാതെ താലിച്ചേട്ടനും, അമ്മയുംകൂടി വിവാഹം നിശ്ചയിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇനിയും അതു നടന്നാൽ മതിയല്ലോ.

മേനോൻ:—നിന്റെ സമ്മതം ചോദിക്കാതിരുന്നതു നിനക്കിതിൽ യാതൊരു വിപരീതത്തിനും വകയില്ലെന്ന് അറിയാമായിരുന്നതുകൊണ്ടാണ്.

പാറു:—എന്റെ അനുകൂലവും പ്രതികൂലവുമൊക്കെ നിശ്ചയിക്കുന്നതു നിങ്ങളല്ലല്ലോ.

മേനോൻ:—അതു സ്വാതന്ത്ര്യം എനിക്കൊറായിട്ടില്ല. ഇന്നു ഞാനും, നിന്റെ അമ്മയും നിശ്ചയിക്കുന്നതുപോലെ പുമഗലത്തു് എല്ലാ കാര്യവും നടക്കും.

പാറു:—ഇപ്പോൾ നടക്കുന്നതു് ഏറെക്കുറെ അങ്ങിനെയാണെന്നു് ഞാനും മനസ്സിലാക്കുന്നുണ്ടു്. ദുഷ്ടാഗതിക്കാരിയായ എന്റെ അമ്മയെ പാട്ടിലാക്കിക്കൊണ്ടു് ഈ കുടുംബത്തിനു ദോഷകരമായി പല കാര്യങ്ങളും നിങ്ങൾ ചെയ്യുന്നുണ്ടു്.

മേനോൻ:—കുറച്ചു സംസാരിക്കണം. പുമഗലത്തു കാണുന്നതെല്ലാംതന്നെ ആരുടെ പ്രയത്നഫലമാണെന്നു വിചാരിച്ചുനോക്കു. എന്റെ അമ്മവക; അദ്ദേഹത്തിന്റെ മുതലും അദ്ദേഹത്തിന്റെ പുരിയും എപ്പോഴും എനിക്കധീനമാണു്.

പാറു:—നിർഭാഗ്യവശാൽ നിങ്ങളോടു് ഇനിയും മുപടി പറയാൻ ഇവിടെ ആളില്ലാതെപോയി.

മേനോൻ:—ആളുണ്ടെങ്കിൽ എന്തൊടെയ്യുമെന്നാണു്? വീട്ടുശിക്കണ്ണ ആരിനെ കൊണ്ടും. ഞാൻ വിചാരിച്ചതു നടക്കുമോ എന്നു കാണിച്ചുതരാം.

പാറു:—ഒന്നും കാണിക്കാനില്ല. വിവാഹം നിങ്ങൾ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. എന്റെ സമ്മതംകൂടി വേണ്ട കാര്യമായതുകൊണ്ടു് ഞാൻ തീർത്തുപറയുന്നു, എനിക്കു ഈ വിവാഹം വേണ്ടാ എന്നു്.

മേനോൻ:—ഭീയിത്ര നിർദ്ദയമായും, നിന്ദാസൂചകമായും സംസാരിക്കുന്നതു് ആ സോമന്റെ ബലംകൊണ്ടായിരിക്കും.

പാറു:—അയ്യോ! മരിച്ചുപോയ എന്റെ സോമനെക്കുറിച്ചു് ഒന്നും പറയാതിരിക്കണം.

മേനോൻ:—സോമൻ മരിച്ചുപോയിട്ടും അവനോടുള്ള പ്രതിപത്തി നിനക്കു കുറയാറായിട്ടില്ല. അവൻ ഇവിടെ തെണ്ടിക്കേറിവന്നവൻ. എന്റെ അമ്മാവൻ ചോറുകൊടുത്തു വളർത്തി. പഠിത്തത്തിനെന്നും പറഞ്ഞു വളരെ പണം വെറുതെ ചെലവാക്കി. അതിന്റെ ഫലം ഇങ്ങനെയായി. സ്വന്തം അനന്തരവൻ പുറത്തു്. തെണ്ടിക്കേറിവന്നവൻ അകത്തു്.

പാറു:—ഈ മത്സരം നീക്കുന്നു ആ സോമൻ എത്രയോ സഹൃദയസമ്പന്നൻ. എന്റെ ഹൃദയത്തിനു സന്തുഷ്ടിയും സമാശ്വാസവും നല്കിയിരുന്ന സ്നേഹസ്പർശപാത്രം. എന്റെ ജീവിതേശ്വരൻ. ഹാ! അദ്ദേഹത്തിന്റെ അഭാവത്തിൽ ഈ പരപുരുഷന്റെ ധിക്കാരവാക്കുകൾ കേൾക്കേണ്ടിവന്നല്ലോ.

മേനോൻ:—മതി മതി! നിന്റെയീ പൂങ്കണ്ണീരുകണ്ടു ചത്തുപോയ സോമൻ ഇപ്പോൾ തിരിച്ചുവരും.

പാറു:—വേണ്ടാ. എന്റെ സോമൻ വരേണ്ട. അദ്ദേഹത്തിന്റെ അനശ്വരമായ ആത്മാവിന്റെകൂടെ എന്റെ ആത്മാവു് ഐക്യംപ്രാപിച്ചുകൊള്ളും. ഞാൻ മരിച്ചാൽ

ളെ സ്നേഹിക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ എന്റെ ആത്മാവു മലിനപ്പെട്ടും. അതു സോമനോടു ചെയ്യുന്ന ഒരപരാധമാണു്. ഞാൻ ഒരിക്കലും അങ്ങിനെ ചെയ്കയില്ല.

മേനോൻ:—പിന്നെ നീ സന്ന്യസിക്കാൻ പോകയാണോ?

പാറു:—സോമനെക്കൂടാതെയുള്ള എന്റെ ഇപ്പോഴത്തെ ജീവിതംതന്നെ സന്ന്യാസമാണു്. ചന്ദ്രനില്ലാത്ത ആകാശംപോലെ നിഷ്പ്രഭമായിത്തീർന്ന എന്റെ ജീവിതത്തിനു ത്യാഗസൂചകമായ ഏതു കർമ്മപദ്ധതിയേയും അവലംബിക്കാവുന്നതാണല്ലോ.

നേരം വളരെ ഇരുട്ടിയതിനാൽ നിരാശാഹതനായ മേനോൻ അവിടെനിന്നും യാത്രയായി. സോമനെക്കുറിച്ചുള്ള വിചാരപരമ്പരകളിൽ മുഴുകിക്കൊണ്ടു പാറുക്കുട്ടി ഒരു സോഫായെയും ശരണം പ്രാപിച്ചു.

പതിനാലാം അദ്ധ്യായം.

അടുത്തദിവസം റോമിലെ ജോലികൾ കഴിഞ്ഞു സോമനും, ലേഡീസുപ്പണ്ടംകൂടി സഹായിയിച്ചിരുന്ന നേരമ്പോക്കു പറഞ്ഞു രസിക്കുകയായിരുന്നു. സന്ദർഭംകിട്ടുമ്പോഴെല്ലാം സോമനുമായി സമ്മേളിക്കുവാൻ അങ്ങളിലേപ്പെട്ടുന്നതിനു് ആ യുവതി അത്യധികം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. എന്നാൽ വളരെ കരുതലോടുകൂടിയാണു സോമൻ അവരുമായി സംഭാഷണത്തിലേർപ്പെടുന്നതു്. തന്റെ രക്ഷിതാവിനോടു് അവശ്യം ഉണ്ടായിരിക്കേണ്ട സ്നേഹബഹുമാനങ്ങളും കൃതാർത്ഥതയും ആയിരുന്നു സോമന്റെ മനസ്സി

നെ ആ യുവതിയുടെയടുത്തു കൂട്ടുവൽ അയച്ചിച്ചുള്ളൂ. യുവതി പ്രോത്സാഹകങ്ങളായ സംഭാഷണങ്ങളുപയോഗിക്കുമ്പോഴും മറുകാര്യങ്ങളിലേക്കു അവളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു സോമൻ പലപ്പോഴും പണിപ്പെടേണ്ടിവന്നു. നാട്ടിലേക്കു മടങ്ങിപ്പോകാനുള്ള സോമൻ തീരുമാനം കൂട്ടുകാരനെ അറിയിച്ചപ്പോൾ തന്റെ അഭിപ്രായം തുറന്നുപറയാൻ ഇനിയും കാലതാമസം വരുത്തുന്നതു നന്നായിരിക്കയില്ലെന്നു യുവതിക്കു തോന്നി. അവൾ സോമനോടു പറഞ്ഞു:

"സോമാ! നിന്നെ ഞാൻ അതിയായി സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുണ്ടോ?"

"ഉണ്ടു"; നിശ്ചയമായും അറിയുന്നുണ്ടു. എന്റെ ജീവനക്കിടക്കയിലെ രാപകൽ ഉറക്കമിളച്ചിരുന്നു എന്റെ മാതാവിനെപ്പോലെ ഭവതി എന്നെ ശുശ്രൂഷിച്ചു. ഭവതിയുടെ പരിചരണം എനിക്കു ലഭിച്ചിരുന്നില്ലെങ്കിൽ എന്റെ ജീവിതംതന്നെ നഷ്ടപ്പെട്ടുപോയിരുന്നു."

"ഞാൻ അങ്ങയെ സ്നേഹിച്ചതു ഒരു മാതാവിനെപ്പോലെയല്ല. ഞാൻ ഒരു തരുണി. അങ്ങു ഒരു തരുണൻ. നമ്മിലുള്ള സ്നേഹം ഒരു മാതാവിന്റെ സ്നേഹത്തോടു— ഒരുപക്ഷേ എന്നെ പരീക്ഷിക്കയായിരിക്കാം."

"അല്ല. യഥാർത്ഥമായ എന്റെ ഹൃദയഗതി അതുതന്നെയാണു."

"എന്റെ മനോഗതി അറിയുന്നതിനുമുൻപു തങ്കം അങ്ങിനെ വിചാരിച്ചുതിൽ തെറ്റില്ല. എന്നാൽ എന്റെ അഭിപ്രായം ഞാൻ തുറന്നുപറയുന്നു. അല്ല അങ്ങയെ അറിയിക്കുന്നു. അങ്ങയെ കണ്ട നാൾമുതൽ എന്റെ ഹൃദയം അങ്ങയിൽ ലീനമായി. അവിടത്തെ കൃതിയും, പ്രകൃതിയും എന്റെ ഹൃദയത്തെ പരമമായി ആകർഷിച്ചു. അങ്ങയെ കാണാതെ ജീവിക്കുവാൻതന്നെ എനിക്കു പ്രയാസമാ

യി തോന്നി. അതുകൊണ്ടാണു ഞാൻ താങ്കളെ എന്റെ ഹോമിൽ ഉദ്യോഗത്തിനു നിയമിച്ചതു്. എന്റെ മനസ്സിൽ താങ്കളെക്കുറിച്ചുണ്ടായ അഭിനിവേശം അല്പകാലത്തെ സന്തതസാഹചര്യംകൊണ്ടു് അങ്ങനെ പരമകാഷ്ഠയിൽ എത്തിച്ചേർന്നിരിക്കുന്നു. സോമൻ എന്നേക്കായിത്തീരുന്ന ആ സുവർണ്ണനിമേഷത്തെ ഞാൻ അത്യാകാംക്ഷയോടുകൂടി കാത്തിരിക്കുന്നു."

"ഛേ! കഷ്ടം! ഞാൻ എന്താണു് ഭവതിയോടു പറയേണ്ടതു്. ഞാൻ ഭവതിക്കു് എത്രമാത്രം കടപ്പെട്ടവനാണെന്നു് എനിക്കു പൂർണ്ണബോദ്ധ്യമുണ്ടു്. ഭവതിയുടെ ഏതു ദുരിക്ഷയും സാധിച്ചുതരേണ്ടതു് എന്റെ കർത്തവ്യമാണു്. പക്ഷേ, വിവാഹസംഗതിയിൽ ഞാൻ പരതന്ത്രനാണെന്നു പറയുന്നതിനെ ദയവായി വിശ്വസിക്കുക."

"എന്തു പാരതന്ത്ര്യമാണു്. എന്റെ സോമൻ വിവാഹം ചെയ്യുന്നില്ലെന്നു് എനിക്കു നിശ്ചയമായും അറിവുണ്ടു്."

"അതെങ്ങനെ?"

"ഭഗവാനേ! എനിക്കൊരുകാര്യവും താങ്കളെ ഒളിക്കാൻ മനസ്സനുവദിക്കുന്നില്ല. താങ്കൾ സുഖക്കേടായി കിടക്കുമ്പോൾ താങ്കളുടെ പെട്ടി ഞാൻ പരിശോധിച്ചുനോക്കി. എന്റെ ഹൃദയം ഭേദിച്ചതിന്റെ പിറകെ പാഞ്ഞുകൊണ്ടിരുന്നതിനാൽ അങ്ങയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കാനാണു് ഞാൻ അപ്രകാരം ചെയ്തതു്."

"എന്നിട്ടു്?"

"എന്നെപ്പോലെ മറ്റൊരു യുവതിയും അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നു് എനിക്കു മനസ്സിലായി. മാത്രമല്ല വധുവിനെ അണിയിക്കാൻ അങ്ങു സൂക്ഷിച്ചുവച്ചിരുന്ന ആ വജ്രമാലയും, അതേ, ജാജ്വല്യമാനമായ ആ വജ്രമാല

ഞാൻ കാണുകയുംചെയ്തു. എന്റെ സോമന്റെ കൈകൊണ്ട് ആ മാല എന്റെ കഴുത്തിൽ അണിയുന്നതിനു് എനിക്കു ഭാഗ്യമുണ്ടാകുമോ? സോമാ! എന്റെ സോമാ!"

അവൾ വികാരമൂർച്ഛയാൽ വീഴാൻ ഭാവിച്ചു. സോമൻ അവളെ കൈത്തണ്ടകളിൽ താങ്ങി. അവളുടെ വ്യഥയനാളത്തിൽനിന്നും വീണ്ടും "സോമാ! എന്റെ സോമാ!" എന്നുള്ള മൂദുലവചസ്സുകൾ നിർഗ്ഗമിച്ചുകൊണ്ടിരുന്നു. സോമൻ അവളെ ഒരു സോഫായിൽ കിടത്തി അവളുടെ സമീപത്തിരുന്നു സമാധാനവാക്കുകൾ പറഞ്ഞുതുടങ്ങി.

"ഇതെന്തൊരു ചാപല്യമാണു്. ഇംഗ്ലീഷുവനിതകൾ ക്രൂരത്വം തന്നേറുമുള്ളവരാണെന്നാണു ഞാൻ ധരിച്ചിരുന്നതു്. വേതിയുടെ മനസ്സു് എത്രയോ ദുർബ്ബലം. ഒരു സോമനെക്കരുതിച്ചു് ഇത്രമാത്രം വിചാരപ്പെടാനുണ്ടോ? ആ സോമനുവേണ്ടി ഭവതി സഹിച്ച ത്യാഗങ്ങൾക്കു് ഇങ്ങനെ വിലപേശുന്നതു കഷ്ടമല്ലേ? സോമന്റെ പ്രേമം മറ്റൊരു യുവതിയിൽ സമർപ്പിക്കപ്പെട്ടുകഴിഞ്ഞു. ആ മനസ്സിലാക്കിയശേഷവും ഭവതി സോമനിൽ പ്രേമാർപ്പണംചെയ്തതു് കഷ്ടം അവിഹിതമായിപ്പോയി. ക്ഷമിക്കുക. ഞാനതിൽ ഒരിക്കലും തെറ്റുകാരനല്ല."

യുവതി:—അങ്ങു തെറ്റുകാരനല്ലെങ്കിൽ വേണ്ട. എന്നാൽ ഒരു കാര്യം എനിക്കു പറയുവാനുണ്ടു്. ഒരു യുവതി അങ്ങയെ സ്നേഹിക്കുന്നു. അതുപോലെ ഈ യുവതിയും അങ്ങയെ സ്നേഹിക്കുന്നു. എന്റെ സ്നേഹം; അതു് അകളങ്കവും, അനർഘവും ആണെന്നു് ഞാൻ അങ്ങയെ ബോദ്ധ്യപ്പെട്ടുത്തിക്കഴിഞ്ഞു. അതുകൊണ്ടു സോമൻ എന്റേതാണു്. ഞാൻ സോമന്റേതുമാണു്.

പതിനഞ്ചാം അദ്ധ്യായം.

മുൻഅദ്ധ്യായത്തിൽ വിവരിച്ചു സംഭവങ്ങൾകഴിഞ്ഞതിന്റെപ്പിന്നെ സോമന് ആ ഹോമിലെ ജീവിതം ഒട്ടും സുഖപ്രദമല്ലായിരുന്നു. അവിചാരിതമായി താൻ ഒരു പ്രേമബന്ധത്തിൽപ്പെട്ടുപോയതിലെ ആ യുവാവിന് തോന്നി. തന്നെ മരണാവസ്ഥയിൽനിന്നും ഫാസ്റ്റാവലംബംചെയ്തു സഹായിച്ച ഒരു യുവതിയുടെ ആത്മാർപ്പണം ഒരു ആഗതത്തു്. മനഃപ്പൂർവ്വമെന്നെ ജീവിതശത്രുതയായി മനസ്സുകൊണ്ടു സങ്കല്പിച്ചുറച്ചു മറ്റൊരു യുവതിയുടെ അകളങ്കപ്രേമം മറ്റൊരാഗതത്തു്. ഇവയുടെ മദ്ധ്യത്തിൽ സോമന്റെ ഹൃദയം അസ്വസ്ഥമായിത്തീർന്നു. ഹോമിലെ ജീവിതം വേഗം പൂർത്തിയാക്കിയിട്ടു സോമൻ തന്റെ മറിയിലേയ്ക്കുപോയിരുന്ന തന്റെ ഭാവിയെക്കുറിച്ചു പലപ്പോഴും ചിന്താപരതന്ത്രനാകും. മനോരാജ്യമാകുന്ന വ്യോമയാനത്തിൽക്കയറി അദ്ദേഹം പെട്ടെന്നു നാട്ടിൽ മടങ്ങിയെത്തും. തന്റെ പ്രേമസർവ്വസ്വമായ പാറുക്കുട്ടിയോടൊന്നിച്ചു സരസസല്ലാപങ്ങളിലും, വിനോദങ്ങളിലും ഏർപ്പെടും. അടുത്ത മാസത്തിൽ ആ അംഗ്ലേയയുവതി പ്രണയപ്രതീക്ഷനയോടുകൂടി തന്റെ മൻപിൽ നില്ക്കുന്നതു് അദ്ദേഹം ഭയങ്കരം അവളോടുള്ള കടപ്പാടോർത്തു് അദ്ദഹംനെടുവീർപ്പിടും. അടുത്ത നിമിഷത്തിൽ തന്റെ ആഗമനം പ്രതീക്ഷിച്ചു് അക്ഷമയോടുകൂടി കാത്തിരിക്കുന്ന പാറുക്കുട്ടിയുടെ മന്ദഹാസവിഗ്രഹം മനോമണ്ഡലത്തിൽ പ്രതിബിംബിക്കുകയാൽ അവളുടെ ഫോട്ടോയും, കത്തുകളും തെരഞ്ഞുതുടങ്ങും.

ജോലികഴിഞ്ഞു സോമൻ പതിവുപോലെ യുവതിയുടെ മറിയിലേക്കു ചെല്ലാതായപ്പോൾ അവളുടെ ഹൃദയം നീറിത്തുടങ്ങി. സോമൻ മറ്റൊരു യുവതിയുമായി പ്രേമബന്ധത്തിൽ കുടുങ്ങിപ്പോയിരിക്കുകയാൽ തന്റെ ആഗ്രഹ

പൂത്തിക്ക് ഒരു മാറ്റവും അവരം കണ്ടില്ല. എന്നാൽ സോമന്റെ പെരിൽ അവർക്ക തോന്നിയിരുന്ന അകൃത്രിമസ്നേഹം നിമിത്തം അയാളെ വിട്ടു പിരിയുവാൻ അവരം അശക്തയുമായിരുന്നു. ഏതുപ്രകാരം അയുവാവിനെ തന്റെ പ്രേമാനുഭൂതിക്കു വിധേയനാക്കണമെന്നതിനെ അവരം തീവ്രയാക്കി. സോമനെ കാണുവാനുള്ള വെമ്പലോടുകൂടി അവരം അദ്ദേഹത്തിന്റെ മുറിയിലേക്കു ചെന്നു. അപ്പോരം സോമൻ വളരെ ചിന്താപരവശനായി കാണപ്പെട്ടു. അതിനാൽ യുവതി ചോദിച്ചു. "സോമൻ എന്റെ മുറിയിലേക്കു വന്നിട്ടു രണ്ടുദിവസമായല്ലോ. എന്നെ കാണാൻ തങ്കുകയുകയുമില്ലെങ്കിലും തങ്കളെ കാണാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. അതുകൊണ്ടാണു് ഞാൻ ഇവിടെ വന്നതു്. ക്ഷമിക്കണം. സോമൻ എന്തോ ആലോചനയിൽ മുഴുകിയിരിക്കുന്നതായി തോന്നുന്നല്ലോ?"

സോമൻ:—എന്തു ചെയ്യാം. ഞാനൊരു പുരുഷനായിപ്പോയി. ഒരു സമയം രണ്ടു സ്ത്രീകളെ എന്നെ സ്നേഹിക്കുന്നു മധുസാമ്രാജ്യം കെട്ടിപ്പടുക്കുവീതിച്ചുകൊടുക്കുന്നതുപോലെ നിർമ്മലമായ പ്രേമത്തെ ഞാനെങ്ങിനെയാണു് പങ്കുവയ്ക്കുന്നതു്.

യുവതി:—അതുകൊണ്ടു പങ്കുവയ്ക്കണം. നിന്റെ അനന്യാനുഭൂതങ്ങളായ ജീവിതത്തെ വീരിയും പ്രകാശമാനമാക്കിത്തീർത്ത ഒരു യുവതിയാണു് നിന്റെ മുൻപിൽ പ്രേമയാചകിയായി കാത്തുനിൽക്കുന്നതു്. നിന്റെ പ്രേമത്തിനു് അവരം ഏകാവകാശിയാണു്.

സോമൻ:—പ്രിയപ്പെട്ട യുവതീ! ഞാൻ നിന്നെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടു്. പക്ഷേ, അതു പ്രേമമാകുന്നില്ല. എന്തെന്നാൽ എന്റെ പ്രേമം മറെറാരു യുവതിയിൽ അർപ്പിക്കപ്പെട്ടുപോയി. അവരം എന്നെയും ഗാഢമായി സ്നേഹിക്കുന്നു. ഞങ്ങരം വിവാഹജീവിതത്തിൽ പ്രവേശി

ച്ചിട്ടില്ലെങ്കിലും എത്രയോ മുൻപുതന്നെ മനസ്സുകൊണ്ടു വിവാഹം നടന്നുകഴിഞ്ഞു. ഭവതിക്കു് ഏറ്റവും തോന്നിയ സ്ഥാനമാനം ഇപ്പോഴുമുള്ളതായതുകൊണ്ടു് എനിക്കറിഞ്ഞു. അതുകൊണ്ടു് എനിക്കു് അല്പമെങ്കിലും ദയവുണ്ടെങ്കിൽ ഭവതിയുടെ അപേക്ഷ പിൻവലിക്കണം.

യുവതി:—സോമാ! ഇതെന്തു ഭ്രാന്താണു്. അങ്ങു് എന്നെ വിവാഹം ചെയ്യുന്നപക്ഷം അങ്ങയുടെ സഹോദ്യോഗസ്ഥനായ അത്യുച്ചനിലയെ പ്രാപിക്കും. അങ്ങേയ്ക്കു് ഇവിടെ ഒന്നിനും ഒരു പ്രയാസവുമില്ല. എനിക്കു കോടതിക്കു പണമുണ്ടു്. ഈ ഹോമിനുവേണ്ടിത്തന്നെ എത്രയോലക്ഷം പണമാണു് ഞാൻ ചിലവാക്കിയിരിക്കുന്നതു്. ഈ ഹോമും, എന്റെ എല്ലാ സ്വത്തുക്കളും അങ്ങയുടെ അഭീഷ്ടംപോലെ ഉപയോഗിക്കാം. ഹോമിന്റെ പ്രധാന ഡാക്ടറായിരുന്നു് അഭികാമ്യമായ പൊതുജനസമ്പർക്കവും, ബഹുമതിയും തേടാം. ഭവന്റെ ഹൃദയംഗമമായ പ്രേമത്തെ തൃപ്തിയിപ്പാനു് ഇതെല്ലാം സ്ഥിതിചെയ്യുന്നു്.

സോമൻ:—ഭവതി പ്രേമത്തിന്റെ വിലനാണയമായി കണക്കാക്കുന്നു. പാശ്ചാത്യാദർശം ഒരുപക്ഷേ അങ്ങിനെയായിരിക്കാം. എന്നാൽ ഒരു ഭാരതീയനു് അങ്ങനെ വിലപ്രാപിക്കുന്ന ഒരു സാധനമല്ല പ്രേമം. ഞാൻ ഒരു സ്ത്രീയെ സ്നേഹിക്കുന്നു. അവളും എന്നെയും സ്നേഹിക്കുന്നു. ഞങ്ങളുടെ ഹൃദയം പരസ്പരം ബന്ധിച്ചിരിക്കുന്നു. അതേ, ഞങ്ങളന്യോന്യം പ്രേമബദ്ധരായി കഴിച്ചുകൂട്ടുന്നു. അപരിശുദ്ധപ്രേമം എനിക്കു് ഇവിടെ ലഭിക്കാവുന്ന പണത്തിന്റെയും, പദവിയുടെയും പേരിൽ ബലികഴിക്കാവുന്നതല്ല. അതുകൊണ്ടു കഴിയുന്നതും വേഗം നാട്ടിലേക്കു മടങ്ങിപ്പോയി അവളുമായി വിവാഹബന്ധത്തിലേർപ്പെടാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. ദയചെയ്തു് എന്റെ രാജി സ്വീകരിച്ചു് എന്നെ പോകാൻ അനുവദിക്കുക.

യുവതി:— എന്റെ സോമനെക്കൂടാതെ ഞാനെങ്ങനെ ജീവിക്കും? എന്റെ പ്രേമനിർഭരി ഒരു കൂട്ടിക്കരിം പാറമേൽ പതിച്ചു ശിഥിലിതമായിത്തീരുകയോ? അതിനു് ഞാൻ സമ്മതിക്കണമെന്നോ? അതൊരിക്കലുമില്ല സോമൻ പോകാൻ ഞാനൊരിക്കലും അനുവദിക്കുകയില്ല.

സോമൻ:— പരീക്ഷ കഴിഞ്ഞിട്ടു് ഏതാണ്ടു് ഒരുകൊല്ലമായിരിക്കുന്നു. പരീക്ഷ കഴിഞ്ഞാലുടനെ മടങ്ങിയെത്താമെന്നു് ഞാൻ എഴുതിയയച്ചിരുന്നു. എന്റെ വരവിനെ പ്രതീക്ഷിച്ചു് അവർ കാത്തിരിക്കുകയാണു്. ഞാൻ പോകാൻ ഇത്രയും താമസിച്ചതുതന്നെ അവളോടുചെയ്ത ഒരു തെറ്റായിപ്പോയി. ഇനിയും ആ തെറ്റു തുടരാൻ ഉദ്ദേശിക്കുന്നില്ല. ഭവതി സമ്മതിച്ചാലും ഇല്ലെങ്കിലും ഞാൻ ഉടൻതന്നെ നാട്ടിലേക്കു മടങ്ങിപ്പോകും.

സോമന്റെ ഈ തീരുമാനം ആ യുവതിയെ ക്ലേശത്തിൽ പരിഭ്രാന്തയാക്കി. സോമനെ ഭർത്താവായി സ്വീകരിച്ചു സന്തോഷവും, സംതൃപ്തിയും നിറഞ്ഞ ഒരു സഹധർമ്മിണീജീവിതം നയിക്കാനാഗ്രഹിച്ചതു വിഫലമായല്ലോ എന്നോർത്തപ്പോൾ ആ യുവതിയുടെ ഹൃദയം തുടിച്ചുതുടങ്ങി. സോമന്റെ യാത്ര കഴിഞ്ഞതും വിവാഹം നടത്തണമെന്നും, തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ചില ഗ്രഹാഗ്രമങ്ങൾ നടത്തണമെന്നും ആ യുവതി തീരുമാനിച്ചു. തന്റെ ആവശ്യ ഉദ്ദേശങ്ങളെല്ലാം മനസ്സിൽ നിഗ്രഹണം ചെയ്തുകൊണ്ടു് അവർ വീണ്ടും സോമനോടു് ഇങ്ങനെ അഭ്യർത്ഥിച്ചു.

"എന്റെ പ്രേമത്തെ അങ്ങു നിഷ്ഠുരണം പരിത്യജിക്കുന്നു. ഇതുവരെ അങ്ങയെ കണ്ടെങ്കിലും എനിക്കു് ഒരു സന്തുഷ്ടമയമായിരുന്നു. മേലാൽ അതും സാധിക്കയില്ലെന്നു് അങ്ങു തീർച്ചയാക്കിയിരിക്കുന്നു. എന്റെ ഇഷ്ടംപോലെ സ്വീകരിക്കുകയില്ലെങ്കിൽ വേണ്ട. കുറച്ചുകാലംകൂടി അങ്ങു് എന്നെ വിട്ടുപിരിയരുതെന്നൊരപേക്ഷയുണ്ടു്. അങ്ങ

യുടെ രോഗത്തിലും, കഷ്ടതയിലും ഏറ്റവും ഉപകരിച്ച ഒരു സാധുസ്ത്രീയുടെ ഈ അപേക്ഷയെങ്കിലും അങ്ങു സാധിച്ചുതരുമോ?

സ്തോമൻ:—ഞാനിവിടെ താമസിക്കുന്ന ഓരോ നിമിഷവും എന്റെ മനസ്സു കൂടുതൽ കൂടുതൽ അസ്വസ്ഥമായിത്തീരുകയാണു്. എങ്കിലും ഭവതിയോടുള്ള ബഹുമാനനിമിത്തം ഈ അപേക്ഷയെങ്കിലും സാധിക്കാതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല എന്നാൽ ഭവതിക്കുവേണ്ടി നാലോ അഞ്ചോ മാസംകൂടെ ഞാൻ എങ്ങനെയും ഇവിടെ കഴിച്ചുകൂട്ടാം. അപ്പോഴെങ്കിലും ഭവതിയുടെ മനസ്സമാധാനത്തോടും ആശ്വാസത്തോടുംകൂടി എനിക്കു പോകാൻ സാധിച്ചാൽമതി.

സംഭാഷണം ഇത്രയുമായപ്പോഴേക്കും എന്തോ ഒരു രോഗിയുടെ കാര്യം അറിയിക്കുന്നതിനു് ഒരു നേഴ്സ് അവരുടെ മുറിയിൽ കടന്നുവന്നു. രണ്ടുപേരും സംഭാഷണം നിറുത്തി നേഴ്സുമൊന്നിച്ചു രോഗിയെ പരിശോധിക്കാൻ പോയി.

പതിനാറാം അദ്ധ്യായം.

പൂമഗലത്തുനിന്നും സുമാർ രണ്ടു ഫർലോംഗ് ദൂരെ ഒരു ഡിസ്പെൻസറി തുറക്കപ്പെട്ടിരിക്കുന്നു. അവിടത്തെ ഡോക്ടർ വെറുപ്പക്കാരിയായ ഒരു ഇംഗ്ലീഷ് വനിതയാണു്. ഡിസ്പെൻസറി തുറന്നിട്ടു രണ്ടാഴ്ചയേ ആയിട്ടുള്ളൂ. എന്നാൽ അവരുടെ ചികിത്സാകൗശലവും, രോഗികളോടുള്ള അനുഭാവസമന്വിതമായ പെരുമാറ്റവും നാടെങ്ങും പ്രസിദ്ധമായിക്കഴിഞ്ഞിരിക്കുന്നു. ധർമ്മമായി ചികിത്സനടത്തിവന്നതിനാൽ കുറേനാൾചെല്ലുന്നതുവരെ അനേകം രോഗികൾ ആ ഡിസ്പെൻസറിയെ ശരണംപ്രാപിച്ചു. ഒരുദിവസം പീലാ ആ വഴിയിൽക്കൂടി പോകുമ്പോൾ ഡിസ്പെൻസറിയിലെ തിക്കുംതിരക്കും കണ്ടു് അത്ഭുതപ്പെട്ടു കുറേനേരം നോ

ക്കിനിന്നപോയി. ആ മദാമ്മയുടെ മഹനീയപ്രവൃത്തിയിൽ അപഹൃതചിത്തയായ ലീല അവരെ ഒന്നു കാണണമെന്നു തന്നെ തീച്ചപ്പെടുത്തി, അവരും ഡിസ്പെൻസറിയിലേക്കു കടന്നുചെന്നു. അരമണിക്കൂർ പിടിയുന്നതുവരെ അവർ വരാന്തയിൽ കഴിച്ചുകൂട്ടി. ജോലിത്തിരക്കു കഴിഞ്ഞു മദാമ്മ വെളിയിലേക്കു വന്നപ്പോൾ ലീല അവിടെ നില്ക്കുന്നതു കണ്ടു. ഉടനെ സമീപത്തുചെന്നു കൈയ്യും പിടിച്ചുകൊണ്ട് "നീ ആരോഗ്യവതിയാണല്ലോ. പിന്നെ എന്തിനാവന്നു" എന്നു മധുരസ്വരത്തിൽ ചോദിച്ചു. ലീല പറഞ്ഞു:—

"നിങ്ങളുടെ ഡിസ്പെൻസറിയെപ്പറ്റി ചിലർ പറഞ്ഞുകേട്ടു. ഇതിലേ വന്നപ്പോൾ രോഗികളുടെ തിക്കുംതിരക്കും കണ്ട് എനിക്കുള്ളതാതോന്നി ഇതു പരോപകാരം ചെയ്യുന്ന നിങ്ങളെ ഒന്നു കാണാനുള്ള അതിയായ ആഗ്രഹത്തൽ ഞാൻ ഇങ്ങോട്ടു വന്നതാണെ".

"കൊള്ളാം. നല്ലതന്നെ. നിന്റെ പേരു?"

"ലീല."

"വീടെവിടെ?"

"ഇതിനു സമീപത്തുതന്നെ."

"കൊള്ളാം. നീ ഇവിടെ വന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഇവിടെ ജോലി വളരെക്കൂടുതൽ. മറ്റൊന്നെടുത്തു കൊടുക്കാനോ, രോഗികളെ പരിചരിക്കാനോ ആരുമില്ല. എനിക്കു സഹായത്തിനു സുശീലയായ ഒരു യുവതിയെ കിട്ടിയിരുന്നെങ്കിൽ വലിയ പ്രയോജനമായിരുന്നു."

"ഇതൊരു വലിയ പുണ്യപ്രവൃത്തിയാണു്. എന്തു ചെയ്യണം എനിക്കു ജോലി പരിചയമില്ല. ഉണ്ടായിരുന്നെങ്കിൽ ഞാൻതന്നെ സഹായിക്കാൻ വരാമായിരുന്നു."

"അതു സാരമില്ല. നിന്നെ കണ്ടിട്ട് എനിക്കു വളരെ ഇഷ്ടപ്പെട്ടു. നിനക്കു സമ്മതമുള്ളപക്ഷം ഇവിടെവന്നാൽ

പെട്ടെന്നു് ഞാൻ ജോലി പരിചയിപ്പിച്ചുകൊള്ളാം. രണ്ടോ, മൂന്നോ യുവതിയെക്കൂടി കിട്ടിയാലും നന്നാണു്."

"എനിക്കു വരാൻ സമ്മതമാണു്. മറ്റു വല്ലവരേയുംകൂടി കിട്ടുമോ എന്നു് അന്വേഷിച്ചിട്ടു പറയാം."

"നിനക്കു നന്ദിപറയുന്നു."

ലീല മദാമ്മയോടു യാത്രപറഞ്ഞു വീട്ടിലേക്കു പോയി. അടുത്തദിവസം വേലപ്പൻ പാറുക്കുട്ടിയെ കാണ്മാൻ പൂമംഗലത്തു ചെന്നു. നിസ്സന്മനസ്കയായ പാറുക്കുട്ടിക്കു ലീലയുടെ സന്നിധ്യം മാത്രമാണു് ആശ്വാസപ്രദമായിരുന്നതു്. അവർ പല കാര്യങ്ങളെക്കുറിച്ചും സംഭാഷണം നടത്തി. ഭാസ്കരമേനോനെ വിവാഹംചെയ്യുന്നതിനുവേണ്ടി വരുന്നതും, അതുനിമിത്തം ക്രൂനിൽക്കുന്നതെന്നപോലെ തന്നിക്കു തോന്നിയിരിക്കുന്ന മനഃക്ലേശങ്ങളും അവൾ ലീലയെ ധരിപ്പിച്ചു. തന്റെ ദുഃഖനിവാരണത്തിനും, മനഃശാന്തിക്കുംവേണ്ടി ഏതെങ്കിലും സാധുസേവനത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നതായി അവൾ വ്യക്തമാക്കി. അപ്പോൾ ലീല തലേദിവസം കണ്ട കാഴ്ചകളും, മദാമ്മയുമായുണ്ടായ സംഭാഷണങ്ങളും കൂട്ടുകാരിയോടു വിവരിച്ചു പറഞ്ഞു. താൻ അവിടെ ജോലി പരിചയിക്കാൻ പോകാനുദ്ദേശിക്കുന്ന വിവരവും പാറുക്കുട്ടിയെ അറിയിച്ചു. അങ്ങനെ പാറുക്കുട്ടിക്കും ആ ഡിസ്പെൻസറിയിൽ പോയി ആതുരസംരക്ഷണത്തിലേർപ്പെടുവാൻ അഭിനിവേശം ജനിച്ചു. അന്നുതന്നെ രണ്ടുപേരുംകൂടി ഡിസ്പെൻസറിയിൽ പോയി മദാമ്മയുടെ പരിചയവും സൗഹാർദ്ദവും സമ്പാദിച്ചു. മദാമ്മ അവരോടു വളരെ കാര്യമായി ഒരുമാതിരുകയും അവിടത്തെ ജോലിക്രമങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിൽ അതീവ നിഷ്കർഷിക്കുകയും ചെയ്തു.

പതിനേഴാ അദ്ധ്യായം

പാറുക്കുട്ടിയുടെ പുതിയ ഉദ്യമം മാസ്റ്ററമേനോനു തീരെ ഇഷ്ടപ്പെട്ടില്ല. തന്നോടു പറയാതെയും തന്റെ അനുമതി വാങ്ങാതെയും ഡിസ്പെൻസറിയിൽ ജോലിക്കു പോയതു്, തന്റെ വിവാഹാലോചനയോടുള്ള ഒരു വിരുദ്ധപ്രകടനമായി അദ്ദേഹം വ്യാഖ്യാനിച്ചു. തന്റെ ഉദ്ദേശത്തിനു വഴിപ്പെടാത്തതിൽ മേനോന്റെ നീരസം വർദ്ധിക്കുകയും, അവളെ കണക്കിനു പഠിപ്പിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. അതിനുള്ള പോംവഴികൾ ഉറ്റമിത്രമായ കേശവനായരുമായി ആലോചിച്ചു. പൂമംഗലംവക സ്കൂൾക്കെട്ടിടം മാധവിയമ്മയോടു് ഒരു ഉമ്പടി വാങ്ങിക്കണമെന്നും അങ്ങനെ പാറുക്കുട്ടിയെ നിർബന്ധമാക്കണമെന്നും, അപ്പോൾ പാറുക്കുട്ടി താനേ പാട്ടിൽവരുമെന്നും കേശവൻനായർ ഉപദേശിച്ചപ്പോൾ മേനോനുണ്ടായ സന്തോഷം സീമാതീതമായിരുന്നു. മേനോൻ പറഞ്ഞു. "നല്ലമാർഗ്ഗം. ഞാനും ഈ സംഗതി ആലോചിക്കുകയായിരുന്നു. എന്നാൽ അതു സാധിക്കുന്നതിനു നിങ്ങളെ ആശ്രയിക്കാമെന്നു വിചാരിച്ചു് അഭിപ്രായം ചോദിച്ചതാണു്"

"തക്കവണ്ണം ശ്രമിച്ചുനോക്കാം. മാധവിയമ്മയ്ക്കു് എന്നെ നല്ല പരിചയവും വിശ്വാസവുമാണു്. എന്നിരുന്നാലും കാര്യം പ്രയാസമുള്ളതുതന്നെ,"

"നിങ്ങളുടെ വാക്സാമർത്ഥ്യവും, തന്ത്രവുംകൊണ്ടു് അവർ പാട്ടിലാകാതെയിരിക്കയില്ല. പ്രയത്നത്തിനു തക്ക പ്രതിഫലവും തന്നേക്കാം."

"കാര്യം സാധിച്ചാൽ താങ്കൾ ഒരുദിവസംകൊണ്ടു് ഒരു ലക്ഷപ്രഭുവാകും. പാറുക്കുട്ടി നിർദ്ധനയും, നിരാശ്രയയുമായിത്തീരും. അവളുടെ ധാർഷ്ട്യമെല്ലാം പോയി

നിങ്ങളുടെ പാദത്തിൽ ആശ്രയിച്ചു കിടന്നുകൊള്ളാം. പക്ഷെ, അന്നു കേശവൻനായരെ കണ്ടാൽ അറിഞ്ഞഭാവം നടിക്കുമോ എന്നതാണ് സംശയമുണ്ട്"

"നിങ്ങടെ എന്റെ സ്നേഹത്തെപ്പറ്റി സംശയിക്കണ്ട. അന്നു നിങ്ങളുടെ ആവശ്യത്തിനു വാങ്ങിച്ചതൊന്നും പണം ഞാൻ ഇതേവരെ ആവശ്യപ്പെട്ടിട്ടില്ലല്ലോ. എനിക്കു ലക്ഷപ്രഭുവാകണമെന്നുമില്ല. കുറ്റം സാധിച്ചാൽ എത്ര പണംവേണമെങ്കിലും നിങ്ങൾക്കുതരാം. എനിക്കു പാവക്കുട്ടിയുടെ കാര്യം സാധിക്കണമെന്നേയുള്ളൂ"

"ഞാൻ കൂടുതലൊന്നും പറയുന്നില്ല, ഒരു പതിനായിരം കിട്ടുമെങ്കിൽ ഇന്നുതന്നെ പൂമംഗലത്തേക്കു പോയേക്കാം"

"അത്രയുമേയോ? ഞാനതിൽക്കൂടുതൽ ഉദ്ദേശിച്ചിരുന്നു."

ഈ സംഭാഷണം നടന്നതിന്റെ പിറേദിവസം കേശവൻനായർ പൂമംഗലത്തേക്കു പോയി മാധവിയമ്മയെ കണ്ടു. മകളുടെ വിവാഹം നടത്തുകാണാഞ്ഞതിൽ തനിക്കുള്ള ഇച്ഛാഭംഗം ആ സ്ത്രീ പ്രകടമാക്കി. മാധവിജീവിതത്തിൽ അവശം അത്യധികം വിരക്തയായിത്തീർന്നിരിക്കുന്നതിൽ മാധവിയമ്മയ്ക്കുണ്ടായിരുന്ന വ്യാകുലത അപാരമായിരുന്നു. പൂമംഗലംവക സ്വത്തുക്കളും മേനോന്റെ പേർക്കു ഉടമ്പടി കൊടുക്കുകയും ആ ഉടമ്പടിയിൽ മേനോൻ പാവക്കുട്ടിയുടെ തൃക്കാവാണെന്നു പ്രസ്താവിക്കുകയുംചെയ്താൽ വിവാഹം നിയമപ്രകാരം നടന്നതായി വിചാരിക്കാമെന്നും സ്വത്തുക്കളെല്ലാം മേനോന്റെ കയ്യിലാകുമ്പോൾ പാവക്കുട്ടി താനേ അങ്ങോട്ടാശ്രയിക്കുമെന്നും ക്രമേണ അവർ തമ്മിൽ അനുരാഗതരായിത്തീരുമെന്നും കേശവൻനായർ ഒരൊപ്പുവഴി നിർദ്ദേശിച്ചു. മാധവിയമ്മയ്ക്ക് ഈ അഭിപ്രായം കാര്യ

മായിത്തോന്നി. അടുത്ത ദിവസംതന്നെ ആ കാര്യം സാധിച്ചുകൊടുക്കാമെന്ന് അവർ കേശവൻനായർക്ക് ഉറപ്പുകൊടുത്തു. ഇതൊന്നും പാറുക്കുട്ടിയെ അറിയിക്കരുതെന്നും, അറിഞ്ഞാൽ കാര്യസാദ്ധ്യത്തിനു് വിഘാതമാകുമെന്നുമുള്ള കേശവൻനായരുടെ അഭിപ്രായവും മാധവിയമ്മ ശരിവച്ചു. കൃതകൃത്യനായ കേശവൻനായർ അടുത്തദിവസം തനിക്കു ലഭിക്കാനിടയുള്ള നാണയത്തിന്റെ പെരുപ്പമോർത്തു് അത്യാഹ്ലാദചിത്തനായി അവിടെനിന്നും യാത്രയായി.

മാധവിയമ്മ ഈ ആലോചനകളൊന്നും പാറുക്കുട്ടിയെ അറിയിച്ചില്ല. കേശവൻനായരുടെ അഭിപ്രായപ്രകാരം നിശ്ചിതദിവസംതന്നെ ഉടമ്പടിനടന്നു. പാറുക്കുട്ടി ഡിസ്പെൻസറിയിൽ പോയിരുന്നതിനാൽ അവിടെ നടന്ന ആലോചനകളോ, ഉടമ്പടിക്കാര്യമോ ഒന്നുംതന്നെ അറിഞ്ഞില്ല.

പതിനെട്ടാം അദ്ധ്യായം.

മദാമ്മ ലീലയെ ഡിസ്പെൻസറിയിൽ ജോലി പരിചയിക്കാൻ ക്ഷണിച്ചതു് പ്രത്യേകമായ ഒരുദ്ദേശത്തോടുകൂടിയായിരുന്നു. ലീല മുഖാന്തിരം പാറുക്കുട്ടിയുടെ പൂർണ്ണവിവരങ്ങളും ഗ്രഹിക്കണമെന്നും, അവളുടെ വേഴ്ച സമ്പാദിക്കണമെന്നുമായിരുന്നു മദാമ്മയുടെ ഉദ്ദേശം. എന്നാൽ വലിയ ശ്രമമൊന്നും കൂടാതെതന്നെ പാറുക്കുട്ടിയുമായി പരിചയപ്പെടുന്നതിനും, അവളുമായി സഹവാട്ടത്തിലേർപ്പെടുന്നതിനും മദാമ്മയ്ക്കു സാധിച്ചിരിക്കുന്നു. മദാമ്മ എല്ലാ പെരുമാറ്റങ്ങളിലും അവരോടു് കൂടുതൽ സൗഹാർദ്ദവും, വിശ്വസ്തതയും കാണിച്ചുവന്നു.

ഡിസ്പെൻസറിയിലെ ജോലികഴിഞ്ഞു് ലീലയും പാറുക്കുട്ടിയുംകൂടി മദാമ്മയുടെ സ്വകാര്യമുറിയിലിരുന്നു് ഓരോ കാര്യങ്ങളേക്കുറിച്ചു സംസാരിക്കുകയായിരുന്നു. പാറുക്കുട്ടിയുടെ അനാരോഗ്യവും ഇടയ്ക്കു സംസാരവിഷയമായി. ഡിസ്പെൻസറിയിലെ ജോലിക്രമത്തിലും അവളുടെ അനാരോഗ്യനിലയ്ക്കു് ഒട്ടും യോജിച്ചതായിരുന്നില്ല. പാറുക്കുട്ടി കുറച്ചു കാലം തന്റെ ചികിത്സയിലിരിക്കണമെന്നും, അങ്ങനെയിരിക്കുന്നപക്ഷം നല്ല ഔഷധങ്ങൾ പ്രയോഗിച്ചു് വളരെ വേഗം ശരീരസ്ഥിതി നന്നാക്കാമെന്നും മദാമ്മ അഭിപ്രായപ്പെട്ടു.

അപ്പോൾ ലീല പറഞ്ഞു: "എന്റെ സഖിയുടെ രോഗം മദാമ്മ കണ്ടുപിടിച്ചിട്ടില്ല. അതു് മാനസികവും എന്നാൽ വളരെ രഹസ്യവുമാണു്."

പാറു:—മിണ്ടാതിരിക്കു ലീലേ! എന്റെ കാര്യം ഞാൻ പറഞ്ഞുകൊള്ളാം.

മദാമ്മ:—നിങ്ങൾതമ്മിൽ പിണങ്ങുന്നതെന്തിനു്? വല്ല രഹസ്യസംഗതിയുമുണ്ടെങ്കിൽ എന്നോടു പറഞ്ഞതുകൊണ്ടു് ഒരു തരക്കേടുമില്ല.

പാറു:—എനിക്കു് ഒരു രഹസ്യവും അറിയിക്കാനില്ല.

ലീല:—നാം വളരെസ്നേഹിക്കുന്ന മദാമ്മയോടു് ഏതു സ്വകാര്യവും ധൈര്യമായി പറയേണ്ടതാണു്. മാത്രമല്ല മദാമ്മയുടെ ദേശം ബിലാത്തിയാണു്. നിന്റെ സോമനെക്കുറിച്ചു് ഒരുസമയം മദാമ്മയ്ക്കു വല്ല അറിവും ഉണ്ടായെന്നുവരാം.

പാറു:—സോമന്റെ കാര്യം കേട്ടാൽകൊള്ളാമെന്നുണ്ടു്. വല്ലവിവരവും അറിയാമെങ്കിൽ ദയവുചെയ്തു പറയുക.

ലീല:—അങ്ങിനെ പറയൂ. ഈ അനാരോഗ്യത്തിന്റെ കാരണം സോമന്റെ വേർപാടാണെന്നു് മദാമ്മ

യോട്ട പറയൂ. പ്രിയപ്പെട്ട മമ്മാ നിനക്കുവേണ്ടി ഔഷധം പെലവാക്കാതിരിക്കട്ടെ.

പാറു:—നീ കാര്യമെല്ലാം പറഞ്ഞു കഴിഞ്ഞല്ലോ. ഇനി ഞാൻകൂടി പറയണമെന്നുണ്ടോ?

ലീല:—മമ്മേ! ഇവളുടെ ഇഷ്ടപ്രാണേശ്വരൻ ബിലാത്തിയിൽ പടിക്കാൻപോയിരുന്നു. ആ സോമൻ അവിടെവച്ച് എന്തോ അപകടത്തിൽപ്പെട്ട് മരിച്ചുപോയി. ആ വിവരം അറിഞ്ഞപ്പോൾമുതൽ ഉപ്പിച്ചു ഉപ്പിച്ചു് എന്റെ സ്നേഹിത ഇങ്ങനെ അസ്ഥിമാത്രശരീരയായിത്തീർന്നു.

മമ്മ:—ഓ, ശരി; സോമനെ ഞാനറിയും. അയാൾ മരിച്ചിട്ട് രണ്ടുമൂന്നു മാസമായി. അയാളെ വിചാരിച്ചു വിഷമിച്ചിട്ട് ഇനി എന്തു പ്രയോജനമാണു ?

ലീല:—അതുതന്നെയാണു് ഞാനും പറയുന്നതു്. എത്ര ഉപ്പിച്ചാലും മരിച്ച ആൾ ഇനി വരികയില്ല. ആ സ്ഥിതിക്കു് വെറുതെ ഇങ്ങനെ കണ്ണീരപ്പെട്ട് ശരീരം ക്ഷയിപ്പിക്കുന്നതു് ശരിയാണോ?

മമ്മ:—പാറുക്കുട്ടിയുടെ സ്ഥിതിയിൽ സോമനേക്കാൾ യോഗ്യനായ മറ്റൊരാളെ ഭർത്താവായി കിട്ടാൻ ഒരു പ്രയാസവുമില്ല. കഴിയുന്നതും വേഗം മറ്റൊരാളുമായി വിവാഹബന്ധത്തിലേപ്പെട്ടു കഴിഞ്ഞാൽ പാറുക്കുട്ടിയുടെ മനോദുഃഖം മാറിക്കൊള്ളും. ആരോഗ്യവും പൂർവ്വസ്ഥിതിയെ പ്രാപിക്കും.

ലീല:—വളരെ നല്ല ഒരു വിവാഹം ഇപ്പോൾതന്നെ ആലോചനയിലുണ്ടു്. ഇവൾ വിവാഹമേ വേണ്ടെന്നാണു പിടിക്കുന്നതു. മരിച്ചുപോയ ആൾ തിരിച്ചുവരുമായിരുന്നെങ്കിൽ ഈ നിർബ്ബന്ധം വകവച്ചുകൊടുക്കാമായിരുന്നു. ഇവളെ വിവാഹിതയായി കാണാൻ ഇവളുടെ

അമ്മയ്ക്കും, എനിക്കും, മറ്റു പലർക്കും എത്രമാത്രം ആഗ്രഹമുണ്ടെന്നു് ഇവർ അറിയുന്നില്ല.

മദാ:—ഇപ്പോഴത്തെ ആലോചനക്കാരൻ തരക്കേടില്ലാത്ത ആളല്ലേ?

ലീല:—തരക്കേടില്ലെന്നു മാത്രമല്ല ഇവർക്കു് എല്ലാ വിധത്തിലും അനുരൂപനുമാണു്. പോരെങ്കിൽ അച്ഛന്റെ അനന്തരവൻ എന്ന പൂർവ്വബന്ധവുമുണ്ടു്.

മദാ:—കൊള്ളാം. വളരെ നല്ലതുതന്നെ. പറ്റുകുട്ടീ! ഞാനും നിന്റെ അഭ്യുദയകാംക്ഷിയാണു്. നിനക്കു പ്രായമാണെങ്കിൽ വളരെ കുറവു്. എങ്കിലും നീ ഇപ്പോൾ ഒരു വൃദ്ധയെപ്പോലെതീർന്നുകഴിഞ്ഞിരിക്കുന്നു. മനോദുഃഖം മനുഷ്യനെ വളരെ വേഗത്തിൽ നശിപ്പിക്കും. മരിച്ചുപോയ സോമനുവേണ്ടി കാത്തിരിക്കാതെ ഉടനേതന്നെ ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചു് മനസ്സമാധാനവും, പരിപൂർണ്ണമായ ആരോഗ്യവും വീണ്ടെടുക്കൂ.

സോമന്റെ മരണവൃത്താന്തം മദാമ്മ ഉറപ്പിച്ചു പറഞ്ഞപ്പോൾ പാവുക്കുട്ടി വീണ്ടും വിവശയായിത്തീർന്നു. സോമന്റെ നിശ്ചയത്തോടുകൂടി തന്റെ ജീവിതത്തിലെ ആനന്ദനിർഭരി ഉറഞ്ഞുപോയിരിക്കുകയാൽ മറെറാരു യുവാവിനെ സ്നേഹിക്കാനോ, ദാമ്പത്യജീവിതത്തിൽ വിഹരിക്കാനോ തനിക്കവകാശമില്ലെന്നു് പ്രേമപ്രചോദിതയായ അവളുടെ അന്തരാത്മാവു് അവളെ ശാസിച്ചു. സോമനെക്കൂടാതെയുള്ള ജീവിതം വെള്ളമില്ലാത്ത നദിപോലെ ശൂന്യമാണെന്നും അതുപോലെതന്നെ നിഷ്ഫലയോജനമാണെന്നും അവൾ നിശ്ചയിച്ചു. സോമന്റെ കാര്യം പറഞ്ഞപ്പോൾ പാവുക്കുട്ടിക്കുണ്ടായ വിഭ്രമാവസ്ഥ കണ്ടു് അവർക്കു സോമനോടു തോന്നിയിരുന്ന പ്രേമത്തിന്റെ ദാർഢ്യം എത്രത്തോളമുണ്ടെന്നു് മദാമ്മയ്ക്കു മനസ്സിലായി.

പാറുക്കുട്ടിയുടെ ദൃഢനിശ്ചയം ആ ഇംഗ്ലീഷ് വനിതയുടെ ഹൃദയത്തിൽ ഒരു വൈദ്യുതപ്രവാഹംതന്നെ ഉളവാക്കി. ഏതുവിധേനയും അവളെ ഒരു വിവാഹബന്ധത്തിലേർപ്പെടുത്തിയാൽ തന്റെ ഉദ്ദേശം പ്രയാസംകൂടാതെ നിറവേറാമെന്നു മദാമ്മ ചിന്തിച്ചു. അതിലേയ്ക്കു ലീലയുടെ സഹായത്തോടുകൂടി പരിശ്രമിച്ചുനോക്കണമെന്നും ഫലപ്പെടാത്തപക്ഷം അവളെ ഏതെങ്കിലുംവിധത്തിൽ ചതിക്കണമെന്നും മദാമ്മ നിശ്ചയിച്ചുറച്ചു. തന്റെ ഹൃദയത്തിൽ ഇപ്രകാരം സംഗതികൾ നിശ്ചയിച്ചുകൊണ്ടു മദാമ്മ പാറുക്കുട്ടിയോടു് അത്യന്തം സൗഹാർദ്ദത്തോടെ പെരുമാറുകയുംചെയ്തു.

പതിനാറാം അദ്ധ്യായം.

ഭാസ്കരമേനോൻ മാധവിയമ്മയോടു് ഉപദേശി വാങ്ങിയശേഷം കുറെക്കൂടി സ്വപ്നാധിപതിയായി പൂമംഗലത്തു വിഹരിച്ചുതുടങ്ങി. മകളുടെ നിരാശാജനകമായ ജീവിതത്തേക്കുറിച്ചുള്ള ചിന്തകളിൽമാത്രം മുഴുകിയിരുന്നതുകൊണ്ടും മേനോനെ ക്ഷുദ്രതലയായി വിശ്വസിച്ചിരുന്നതുകൊണ്ടും കുടുംബകാര്യങ്ങളൊന്നുതന്നെ അവർ അന്വേഷിക്കാതായി. തന്നിമിത്തം പണവും, പണ്ടങ്ങളുമെല്ലാം തന്റെ ദുർവ്യയത്തിനു് വിനിയോഗിക്കാൻ മേനോനു ക്ഷുദ്രതൽ സൗകര്യം കിട്ടി. പകൽ മുഴുവനും ഡിസ്പെൻസറിയിൽ കഴിച്ചുകൂട്ടിയതിനാൽ വീട്ടിൽ നടക്കുന്ന കാര്യങ്ങളൊന്നുതന്നെ പാറുക്കുട്ടി അറിഞ്ഞിരുന്നില്ല. അല്ലെങ്കിൽതന്നെ അവയ്ക്കതിൽ ശ്രദ്ധയുമില്ലായിരുന്നു.

ഒരുദിവസം അവൾ ഡിസ്പെൻസറിയിലേക്കു പോകാൻ ഭാവിച്ചപ്പോൾ മേനോൻ അവളെ തടഞ്ഞു. പാറു

ക്കട്ടി അതു ക്ലാസ്സാക്കാതെ പോകാനിറങ്ങി. അപ്പോൾ മേനോൻ അജ്ഞാതസ്വരത്തിൽ ഇങ്ങനെപറഞ്ഞു.

"നീ എന്റെ ഭാര്യയായി കഴിഞ്ഞിരിക്കുന്നു. എന്റെ വരുതി കൂടാതെ മേലാൽ എങ്ങും പോകാൻ പാടില്ല"

പാറു:—നിങ്ങളുടെ ഭാര്യയോ? ആരു"?

മേനോൻ:—പൂമംഗലത്തെ പാറുക്കുട്ടി.

പാറു:—അതെങ്ങനെ?

മേനോൻ:—നാം ഭാര്യാഭർത്താക്കന്മാരാണെന്നു് ഉടമ്പടി രജിസ്റ്റരാക്കിക്കഴിഞ്ഞിരിക്കുന്നു.

പാറു:—കൊള്ളാം. ഈയിടെ ഇങ്ങിനെയാണോ വിവാഹം നടത്തുന്നതു്. പുരുഷൻമാത്രം ഉടമ്പടിചെയ്താൽ മതിയെങ്കിൽ ഏതു സ്ത്രീയെ വേണമെങ്കിലും വിവാഹം കഴിക്കുവാൻ പ്രയാസമില്ലല്ലോ. ഇതു് വളരെ എളുപ്പവും, സുകൃവുമുള്ള ഒരു വിദ്യയാണു്.

മേനോൻ:—അതുകൊണ്ടാണു് അങ്ങനെ ചെയ്തതു്.

പാറു:—അതിന്റെ ഫലവും പ്രവൃത്തിപോലെതന്നെ വികലമായിരിക്കും.

മേനോ:—അതു ഞാൻ കാണിച്ചുതരാം.

പാറു:—നിങ്ങടം ഞങ്ങളെ ഒന്നും കാണിക്കാനില്ല. എന്റെ അച്ഛനിരുന്നപ്പോൾ നിങ്ങളെ വളരെ അകറ്റി നിറുത്തിയിരുന്നു. എന്റെ അമ്മ, ആ സാധു നിങ്ങളുടെ മിരട്ടിൽ അകപ്പെട്ടുപായി. രവിക്കു ചെറുപ്പവുമാണു്. അതുകൊണ്ടു് "പൂച്ചയില്ലാത്തിടത്തു എലി വെളിച്ചപ്പാടു്" എന്ന മട്ടിൽ നിങ്ങടം ഇവിടെ വളരെയൊക്കെ നാശം ചെയ്യുന്നുണ്ടു്. ഞാനതെല്ലാം എന്റെ ഇപ്പോഴത്തെ ജീവിതരീതിയാൽ ക്ഷമിച്ചിരിക്കുകയാണു്"

മേനോന്റെ ഭാവം മാറി. അയാൾ കോപാവേശത്തോടുകൂടി പാറുക്കുട്ടിയുടെ നേർക്കു പാഞ്ഞുചെന്നു. അവൾ ഒട്ടും കൂസുകകൂടാതെ ഗൗരവഭാവത്തിൽ മേനോന്റെ മുഖത്തു ദൃഷ്ടിയുറപ്പിച്ചു് അവിടെത്തന്നെ നിന്നു. ആ കണ്ണുകളിൽനിന്നും ചിതറിപ്പുറപ്പെട്ട കോപസംഹലിംഗങ്ങൾ മേനോനെ ഒടിപ്പിക്കാൻതന്നെ പര്യാപ്തങ്ങളായിരുന്നു. ആ ധൂർത്തൻ പാറുക്കുട്ടിയെ സമീപിച്ചപ്പോൾ ആ ചാരിത്രവതിയെ തൊട്ടുന്നതിനുപോലും അയാളുടെ കൈകൾക്കു് ശക്തിയുണ്ടായില്ല. "ഈ ധിക്കാരത്തിനു് നിന്നേയും, നിന്റെ അമ്മയേയും ഞാൻ തെരുവുതെണ്ടിക്കും. നോക്കിക്കോ" എന്നു പാറുക്കുട്ടിയെ താക്കീതുചെയ്തുകൊണ്ടു് ആ ദുഷ്ടൻ പിറകോട്ടുമാറി. ഇതിനുശേഷം മാധവിയമ്മയും, രവിയും ഓടിവന്നു പാറുക്കുട്ടിയെ സമാശ്വസിപ്പിക്കുകയും, രവിയുംകൂടിച്ചു് അവരെ ഡിസ്പെൻസറിയിലേയ്ക്കു കൊണ്ടുപോകുകയുംചെയ്തു. തന്റെ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി മകൾക്കു് ഒട്ടും ഹിതമല്ലാത്ത ഈ വിവാഹാലോചനയിൽ ഏർപ്പെട്ടതിന്റേയും, മേനവനെ ബന്ധുവായി സ്വീകരിച്ചതിന്റേയും വൈഷമ്യങ്ങൾ മാധവിയമ്മയ്ക്കു് അനുഭവപ്പെട്ടുതുടങ്ങി. വിവാഹം നടന്നില്ലെങ്കിലും വേണ്ടതില്ല. വല്ലവിധത്തിലും മേനോൻ പോയാൽ മതിയെന്നായിരുന്നു പാവം മാധവിയമ്മയുടെ വിചാരം. പക്ഷേ, മേനോനെ അങ്ങനെ പറഞ്ഞയയ്ക്കാൻ സാധ്യമല്ലെന്നു് അവർക്കു് അറിയാമായിരുന്നു. അതുകൊണ്ടു് അവർ മേനോനോടു് പറഞ്ഞു:

"എന്റെ കുട്ടാ! ഈ വീട്ടിൽ ഇതിനുമുൻപു് ഇങ്ങനെയുള്ള ശണ്ഠകളൊന്നും ഉണ്ടായിട്ടില്ല. നീ ഇവിടെക്കിടന്നു് കഷ്ടപ്പെടുണ്ടാക്കരുതു്. അവരു ക്രമേണ നിന്റെ പാട്ടിലായിക്കൊള്ളും. കുറച്ചൊക്കെ ക്ഷമിച്ചിരിക്കാനുള്ള തന്റേടം നിനക്കുണ്ടായിരിക്കേണ്ടേ? നീ ഒരു പുരുഷനാണല്ലോ"

മേനോ:—മതി മതി, എന്തിനു ക്ഷമിച്ചിരിക്കണം. ഈ വീടും, സ്വത്തുക്കളും, നിങ്ങളെല്ലാവരുംതന്നെ ഇന്നു് എന്റെ അധീനത്തിലാണു്. ആധിക്കാരിപ്പെണ്ണു് എന്റെ ഇഷ്ടത്തിനു് വഴിപ്പെടാത്തപക്ഷം മേലാൽ അവളെ ഇവിടെ കയറ്റുകയില്ല. മകൾ പോകുന്നപിറകെ അമ്മയും പൊയ്ക്കൊള്ളണം. ഇവിടെ താമസിക്കാൻ, എന്റെ ഇഷ്ടം അനുസരിക്കാൻ നിങ്ങളുടെ മകളേക്കാൾ പതിന്മടങ്ങു യോഗ്യതയുള്ള വേറൊരു സ്ത്രീ ഉണ്ടായിക്കൊള്ളും.

മേനോന്റെ ഈ വാക്കുകൾ കേട്ടു് മാധവിയമ്മ ഒന്നു ഞെട്ടി; ഭയസംഭ്രമങ്ങൾക്കു് പെട്ടെന്നു് വിധേയയായിത്തീർന്നു. അവർ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

"ചതിച്ചു, ഉപ്പാ! നീ എന്നെ ചതിക്കുകയാണിതു്ര, അല്ലെങ്കിൽ എന്റെ ബുദ്ധിശൂന്യതയുടെ തക്ക ഫലം എനിക്കു കിട്ടണമല്ലോ!."

മേനോൻ മറുപടി ഒന്നും പറയാതെ വെളിയിലേക്കിറങ്ങിപ്പോയി. മേനോനെ വിശ്വസിച്ചതിന്റെ ഭവിഷ്യൽഫലങ്ങളെക്കുറിച്ചു് സംശയഗ്രസ്തയായിത്തീർന്ന മാധവിയമ്മ മുറിയിൽപോയി ശയ്യയെ അവലംബിക്കുകയും ചെയ്തു.

ഇരുപതാം അദ്ധ്യായം.

പാറുക്കുട്ടി അതുരസംരക്ഷണയിലേല്പിച്ചിരിക്കുന്ന ഡിസ്പെൻസറി ഒരു മദാമ്മയുടെ വകയാണെന്നു് ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ മദാമ്മ ഏതാണെന്നു വായനക്കാർ ഇതിനകം മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. സോമൻ ജോലിചെയ്തുകൊണ്ടിരിക്കുന്നേഴ്സിംഗ്ഹോമിന്റെ ഉടമസ്ഥതന്നെയാണു് ഈ മദാമ്മ. സോ-

മൻ വിദ്യാഭ്യാസത്തിനു് ബിലാത്തിയിൽചെന്നു് ഏറെക്കാലം കഴിയുന്നതിനുമുൻപുതന്നെ ഈ യുവതി സോമനുമായി പരിചയത്തിലാകുകയും അന്നുമുതൽ അദ്ദേഹത്തിൽ അനുരക്തയായിത്തീരുകയുംചെയ്തു. ആ തരുണി വൻപിച്ചതോതിൽ സ്ഥാപിച്ചു നടത്തിവന്ന ഈ നേഴ്സിംഗ്ഹോമിന്റെ സോമനെ ഒരു വലിയ ഉദ്യോഗത്തിൽ അവിടെ പ്രതിഷ്ഠിക്കുന്നതിനും ക്രമേണ അദ്ദേഹത്തെ തന്റെ സ്വന്തമാക്കിത്തീർക്കുന്നതിനും ആയിരുന്നു. തന്റെ അഭീഷ്ടംപോലെ സോമനെ ഉദ്യോഗത്തിൽ നിയമിക്കുന്നതിനും ആ യുവാവുമായി ഉറ്റസമ്പർക്കത്തിൽ ഏർപ്പെടുന്നതിനും സാധിക്കുന്നതുവരെ സ്വമനോരഥം ആ വനിത വെളിപ്പെടുത്താതെ കഴിച്ചുകൂട്ടുകയാണു ചെയ്തതു്. സോമനോടുണ്ടായിരുന്ന പ്രതിപത്തിനിമിത്തം അദ്ദേഹത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അറിയുന്നതിനു് ആ വനിത ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു് സോമൻ രോഗാധീനനായി കിടപ്പിലായതു്.

സോമന്റെ പെട്ടി പരിശോധിച്ചപ്പോൾ കണ്ട ചില കത്തുകൾമുഖേന സോമനും പാറുക്കുട്ടിയും തമ്മിലുള്ള പ്രണയബന്ധത്തെക്കുറിച്ചു് മഠാമ്മയ്ക്കു മനസ്സിലായി. അന്നുമുതൽ അവളുടെ ഹൃദയത്തിൽ നിരാശ ഉദയംചെയ്തെങ്കിലും നിരുന്മേഷയാകാതെ കാര്യസാദ്ധ്യത്തിനുവേണ്ടി പ്രവർത്തിക്കാൻതന്നെ അവൾ തീർച്ചയാക്കി. സോമൻ രോഗശയ്യയിലായിരുന്നപ്പോൾ ആ വിവരം കാണിച്ചു് പാറുക്കുട്ടിക്കു് ഒരു കത്തയയ്ക്കാൻ മഠാമ്മയെ പ്രേരിപ്പിച്ചതു്. അവരുടെ പ്രേമബന്ധത്തെ ശിഥിലപ്പെടുത്തണമെന്നു കരുതി മഠാമ്മ സോമൻ മരിച്ചതായി എഴുതിയയച്ചു. സോമൻ രോഗവിമുക്തനായപ്പോൾ പാറുക്കുട്ടിയുടെ കത്തുകൾ കാണായ്കയാൽ വളരെ വ്യാകുലപ്പെട്ടു. ഒന്നുരണ്ടു കത്തുകൾ പിന്നെയും അവളുടെ പേർക്കയച്ചു. എന്നാൽ അതിനും മറുപടി കിട്ടിയില്ല. എഴുത്തുകൾ തപാലിലിടാൻ ആ ഹോ

മിലെ പ്യൂൺവശം അയച്ചിരുന്നതു് മദാമ്മയുടെ നിർദ്ദേശപ്രകാരം ആ പ്യൂൺ മറച്ചുകളഞ്ഞതായിരുന്നു മുപടി കിട്ടാഞ്ഞതിന്റെ കാരണം.

മദാമ്മയുടെ പ്രണയപ്രാർത്ഥന സോമൻ പരിത്യജിച്ചപ്പോൾ മുതൽ പാവക്കുട്ടിയെ എങ്ങിനെയെങ്കിലും അപായപ്പെടുത്തേണ്ടതു് അവളുടെ കാമസമ്പൂർത്തിക്കു് ആവശ്യമായിത്തീർന്നു. സോമൻ നാട്ടിലേക്കു മടങ്ങാൻ ധിറുതിക്കൂട്ടിയപ്പോൾ കുറച്ചുകാലംകൂടി അവിടെ താമസിക്കണമെന്നു് ആവശ്യപ്പെട്ടതു് തന്റെ കൗടില്യങ്ങളും പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ട സമയം ലഭിക്കുന്നതിനായിരുന്നു. തനിക്കു ചെയ്തിട്ടുള്ള അമൂല്യമായ സഹായസഹകരണങ്ങളും നിമിത്തം ആ അപേക്ഷ അദ്ദേഹം സ്വീകരിച്ചു. അല്പദിവസം കഴിഞ്ഞപ്പോൾ റോമിന്റെ പൂർണ്ണമായ മുമതല സോമനെ ഏല്പിച്ചിട്ടു് ആ ആംഗ്ലോവനിത അവിടെനിന്നും പുറപ്പെട്ടു. റോമിന്റെ ആവശ്യാർത്ഥം അമേരിക്കയിലേക്കു പോകുകയാണെന്നും മുന്നു മാസത്തിനകം തിരിച്ചുവരാമെന്നും സോമനെ ധരിപ്പിച്ചു.

മദാമ്മ നേരേ ഇൻഡ്യയിൽവന്നു് പാവക്കുട്ടിയുടെ ജന്മദേശമായ മുകുന്ദപുരത്തെത്തി അവിടെ ബഹുജനങ്ങളെ ആകർഷിക്കത്തക്കവണ്ണം ഒരു ഡിസ്പെൻസറി ഏർപ്പെടുത്തി. ദുർഭാഗ്യവശാൽ ആ ഡിസ്പെൻസറിയെത്തന്നെ പാവക്കുട്ടി അഭയംപ്രാപിച്ചിരിക്കുന്നു. ഇങ്ങനെ സോമന്റെ രണ്ടു പ്രേമയാചകികളും ഒന്നിച്ചുചേർന്നിരിക്കുന്നു.

സോമനെക്കുറിച്ചു് മദാമ്മയ്ക്കു് അറിവുണ്ടായിരുന്നതായി ഗ്രഹിച്ചപ്പോൾമുതൽ പാവക്കുട്ടി സോമന്റെ ഓരോ കായ്ക്കളെക്കുറിച്ചു് മദാമ്മയോടു ചോദിക്കാറുണ്ടായിരുന്നു. സോമൻ മരിച്ചുപോയതു് തന്റെ ആശുപത്രിയിൽകിടന്നാണെന്നും മരിക്കാറായപ്പോൾ കായ്മായി സൂക്ഷിച്ചുവച്ചിരുന്ന ഒരു വജ്രമാല തനിക്കു് നല്കിയെന്നും, അതു വേണ

മെങ്കിൽ കാണിക്കാമെന്നും മദാമ്മ പറഞ്ഞു. അതിനുശേഷം ആ മാലയെടുത്തു് അവർ പാറുക്കുട്ടിയെ കാണിച്ചു. സോമൻ തന്റെ പ്രേമഭാജനത്തിനുവേണ്ടി സൂക്ഷിച്ചുവച്ചിരുന്ന ഈ മാല താൻചെയ്ത ശുശ്രൂഷയ്ക്കു് പ്രതിഫലമായി തനിക്കു തന്നതാണെന്നും മദാമ്മ പ്രസ്താവിച്ചു. ഇതുകേട്ടു് പാറുക്കുട്ടി പൊട്ടിക്കരഞ്ഞുപോയി. "അയ്യോ! എന്റെ സോമൻ. അദ്ദേഹം വരുമ്പോൾ എനിക്കു് ഒരു വിശേഷപ്പെട്ടമാല കൊണ്ടുവരുമെന്നു് എഴുതിയിരുന്നല്ലോ. ഈ മാല ഞാനെങ്ങിനെ കാണും. അഥവാ എന്തിനുകാണണം. അദ്ദേഹം കൊണ്ടുവന്നു് അദ്ദേഹത്തിന്റെ കൈകൊണ്ടു് എന്റെ ഗളത്തിൽ അണിയിക്കേണ്ട മാല ഹാ! അതദ്ദേഹത്തിന്റെ മരണദാനമായി ഇന്നു് മറ്റൊരു സ്ത്രീയുടെ കയ്യിൽ അകപ്പെട്ടിരിക്കുന്നു. ഹാ! നിർഭാഗ്യമേ!" അവർ മൂർച്ഛിച്ചു.

ലീലയും മദാമ്മയുംകൂടി പരിചരിച്ചതിന്റെ ഫലമായി അവർക്കു വീണ്ടും ബോധംവന്നു. സോമന്റെ മരണം നിശ്ചിതമായിക്കഴിഞ്ഞതിനാൽ അദ്ദേഹത്തെക്കുറിച്ചുള്ള ചിന്തകൾകൊണ്ടു് മനസ്സിനെ പുണ്ണാക്കരുതെന്നു് ലീല വീണ്ടും ഉപദേശിച്ചു. അനുയോജ്യനായ മറ്റൊരു ഭർത്താവിന്റെ സംപ്രാപ്തിയോടുകൂടി ഈ ദുഃഖമെല്ലാംതീർന്നു് പാറുക്കുട്ടി സന്തോഷിക്കുന്നതു കാണാനുള്ള തന്റെ ആഗ്രഹം മദാമ്മ പിന്നെയും വെളിപ്പെടുത്തി. പാറുക്കുട്ടിയെ മറ്റൊരു വിവാഹബന്ധത്തിലേർപ്പെടുത്തുവാൻ സാധിക്കുന്നപക്ഷം തന്റെ കാര്യസാദ്ധ്യത്തിനു് മറ്റിയപ്രവൃത്തികൾ ക്രമേണ കഴിക്കാമെന്നായിരുന്നു മദാമ്മയുടെ ഉദ്ദേശം. സന്ദർഭം കിട്ടുമ്പോഴെല്ലാം മേനോന്റെ വിവാഹകാര്യത്തിൽ ലീലയും, മദാമ്മയും പാറുക്കുട്ടിയെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു.

പതിനാറാം അദ്ധ്യായം

മദാമ്മ മേനോനെ കാണാൻ താല്പര്യപ്പെട്ടു. തന്റെ ഡിസ്പെൻസറി ഒന്നു സന്ദർശിക്കാൻ വന്നാലുകൊള്ളാമെന്നു ലീലമുഖാന്തിരം മേനോനെ അറിയിച്ചു. ആ ക്ഷണം സ്വീകരിക്കുന്നതിനും മദാമ്മയുമായി പരിചയപ്പെടുന്നതിനും മേനോനു വലിയ ഉത്സാഹമായിരുന്നു. പാറുക്കുട്ടിയും മദാമ്മയും തമ്മിലുണ്ടായിരുന്ന മൈത്രി തന്റെ ഉദ്ദേശം സാധിക്കുന്നതിനു് ഉപയോഗപ്പെടുത്താമെന്നും മേനോൻ ആഗ്രഹിച്ചു. അന്നു വൈകുന്നേരം സ്നേഹിതനായ കേശവൻനായരുമൊന്നിച്ചു് അദ്ദേഹം ഡിസ്പെൻസറിയിലേക്കു പോയി. മദാമ്മ അവരെ യഥോചിതം സ്വീകരിക്കുകയും ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങളും വിവരിച്ചു് മനസ്സിലാക്കുകയുംചെയ്തു. അനന്തരം പാറുക്കുട്ടിയുടെ വിവാഹസംഗതിയെക്കുറിച്ചു് അവർ തമ്മിൽ ഒരാലോചന നടത്തി. പാറുക്കുട്ടിയെ താൻ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നുണ്ടെന്നും, അവളെ ഭർത്തൃവതിയായി കാണാൻ അത്യധികം ആഗ്രഹിക്കുന്നുണ്ടെന്നും, മേനോൻതന്നെ അവളുടെ ഭർത്താവായി കാണാനാണു് താൻ അഭിലഷിക്കുന്നതെന്നും മദാമ്മ പ്രസ്താവിച്ചപ്പോൾ മേനോനു് അത്യന്തം സന്തോഷമുണ്ടായി. മദാമ്മമുഖേന തന്റെ ഇംഗിതം സാധിക്കാമെന്നുള്ള അഭിപ്രായം പ്രബലപ്പെടുകയുംചെയ്തു. എന്നാൽ പാറുക്കുട്ടിയുടെ നിർബന്ധബുദ്ധിയുടെ കാര്യവും നല്ലതുപോലെ അറിയാമായിരുന്നതുകൊണ്ടു് മദാമ്മയുടെ ഉദ്യമം എത്രത്തോളം ഫലപ്രദമാകുമെന്നുള്ള ശങ്കയും ഉണ്ടാകാതിരുന്നില്ല. മേനോൻ പുഞ്ചിരിതൂകിക്കൊണ്ടു് മദാമ്മയോടു പറഞ്ഞു: "ഈ വിവാഹം നടത്തുന്നതിനു് എനിക്കു വളരെ താല്പര്യമുണ്ടു്. പക്ഷേ, ആ പാറുക്കുട്ടിക്കു് നല്ല സമ്മതം കാണുന്നില്ല."

മദാമ്മ:— ഞാനും ലീലയും ഈ കാര്യത്തിൽ പാറുക്കുട്ടിയെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണു്. അവരും മരി

ച്ചുപോയ ഒരാളിനെക്കുറിച്ചു വിചാരിച്ചു് മനസ്സു പുണ്ണാക്കുന്നു. അവളെ ആ മനോവിചാരത്തിൽനിന്നും പിൻതിരിക്കുന്നതിനു് ഞങ്ങൾ കഴിയുന്നതു പരിശ്രമിച്ചുനോക്കാം. തങ്കം ക്രമേണക്രമേണ ഇവിടെ വരുന്നതു് ക്രമേണ പ്രയോജനകരമായിരിക്കും.

ഇടയ്ക്കു് കേശവൻനായർ പറഞ്ഞു: "എന്തിനാണു് ഇതു പാടുപെടുന്നതു്. സ്വത്തുക്കളെല്ലാം നിങ്ങളുടെ കൈയിലല്ലേ. അവരെ സമ്മതിക്കുന്നില്ലെങ്കിൽ അമ്മയേയും, മകളേയും അടിച്ചു പുറത്താക്കണം"

മേനോൻ:—വേണ്ടിവന്നാൽ അതും ചെയ്യുകയായാം. പക്ഷേ ഒരു വിഷമം ആ രവി പ്രായമാകുമ്പോൾ തിരിഞ്ഞുനിന്നെങ്കിലോ?

കേ: നാ:—അവനു് ഒരവകാശവുമില്ലെന്നു് ഞാനന്നു സാക്ഷിയെഴുതാം. എന്റെ മീതം ഇങ്ങു തന്നേച്ചാൽ മതി.

മേനോൻ:—അതുപിന്നെ പറയാനുണ്ടോ? എനിക്കു ക്ഷേമമില്ലാത്ത കാര്യം! നിങ്ങൾക്കു് ഒരു നല്ല യുക്തി തോന്നിച്ചാൽ ഞാൻ ഒട്ടും മടിക്കുകയില്ല.

മദാമ്മ:—മേനോന്റെ അഭിപ്രായം നല്ലതുതന്നെ. പക്ഷേ തല്ക്കാലം പാറുക്കുട്ടിയെ പിണക്കുന്നതു് ശരിയല്ല. ഒന്നുകൂടി ശ്രമിച്ചുനോക്കിയിട്ടു് തീരെ വഴിപ്പെടാത്തപക്ഷം മറ്റൊരു മാർഗ്ഗം നിർദ്ദേശിക്കാം. നിങ്ങളെന്നെ മനപ്പൂർവ്വം സഹായിക്കുമോ?

മേനോൻ—എന്തിനു സംശയിക്കുന്നു. മദാമ്മയുടെ ഏതു നിർദ്ദേശവും ഞാൻ സ്വീകരിച്ചു പ്രവർത്തിക്കും.

കേശ: നായർ:—നിങ്ങളെ സഹായിക്കാൻ ഞാനും പിറകിലുണ്ടു്.

മദാ:—നല്ലതുതന്നെ! നമ്മുടെ ശ്രമം വിജയപ്രദമായിത്തീരട്ടെ. ഒന്നുകിൽ പാറുക്കുട്ടി മേനോന്റെ ഭാര്യയാകും.

അല്ലെങ്കിൽ അവരം നിരാശ്രയയായി ഏതെങ്കിലും അപകടത്തിൽ അകപ്പെട്ടും.

മേ:—പാറുക്കുട്ടിയെ കിട്ടിയില്ലെങ്കിൽ അവളുടെ സ്വത്തുക്കളെല്ലാം യഥേഷ്ടം ഉപയോഗിക്കാമല്ലൊ. അത്ര മതി.

നായർ:—അപ്പോരം മറെറാരു പാറുക്കുട്ടിയും ഉണ്ടാകും.

മദാമ്മ:—ഒരു ശ്രമംകൂടി നടത്തിയിട്ട് നമുക്കു വേണ്ട കാര്യങ്ങളെക്കുറിച്ചു് പിന്നീടു തീരുമാനിക്കാം.

അവരുടെ അന്നത്തെ ക്രൂടിക്കാഴ്ച അങ്ങനെ അവസാനിച്ചു. മേനോനും, കേശവൻനായരും പോയതിൽപ്പിന്നെ മദാമ്മ ലീലയെ അടുക്കൽ വിളിച്ചിട്ടു് പാറുക്കുട്ടിയുടെ മനോഗതി എങ്ങിനെയിരിക്കുന്നു എന്നു ചോദിച്ചു. "അവരം ഒട്ടും അനുകൂലിക്കുന്നില്ല" എന്നായിരുന്നു ലീലയുടെ മറുപടി. അന്നു രാത്രി ഡിസ്പെൻസറിയിൽ കൂടുതൽ ജോലിയുണ്ടെന്നും, ലീലയും പാറുക്കുട്ടിയും വീട്ടിലേക്കു പോകരുതെന്നും മദാമ്മ നിർദ്ദേശിച്ചു. വീട്ടിലേക്കു പോകുന്നതു തന്നെ വളരെ നീരസമായി തോന്നിത്തുടങ്ങിയിരുന്ന പാറുക്കുട്ടിക്കു് ഈ നിർദ്ദേശം വളരെ തൃപ്തികരമായിരുന്നു. രാത്രിയിൽ പറയത്തക്ക ജോലികളൊന്നും ഉണ്ടായിരുന്നില്ല. പാറുക്കുട്ടിയുടെ മനസ്സു് മേനോനുമായി അടുപ്പിക്കുന്നതിനുള്ള അവസാനശ്രമം നടത്താനാണു മദാമ്മ ഈ വിദ്യ പ്രയോഗിച്ചതു്. മദാമ്മ നല്കിയ ചായയും റൊട്ടിയും ഭക്ഷിച്ചതിൻെറശേഷം ലീലയും പാറുക്കുട്ടിയും മദാമ്മയുടെ സ്വകാര്യമുറിയിൽ പോയിരുന്നു് പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. അപ്പോരം മദാമ്മ പറഞ്ഞു: "ഛീ! ആ മേനോൻ ഇന്നിവിടെ വന്നിരുന്നല്ലൊ. അദ്ദേഹം എത്ര സുമുഖൻ! എന്തു നല്ല പ്രകൃതം. ആ സോമനേക്കാരം പാറുക്കുട്ടിക്കു് എത്രയോ അനുരൂപൻ. ഈ വിവാഹം നടന്നാൽ പാറുക്കുട്ടി മഹാഭാഗ്യവതിതന്നെ."

ലീ:—എൻെറ അഭിപ്രായവും അങ്ങിനെ തന്നെയാണു്.

പാറു:—ഓഹോ! നിങ്ങൾക്കു് ഭൂരിപക്ഷം കിട്ടിയല്ലോ. ഞാൻ മാത്രം വേറെയായി.

മദാമ്മ —നീ വേറിരിക്കാൻ പാടില്ല. ഞങ്ങളുടെ കൂടെ ചേരണം.

പാറു:—ഞാനെപ്പോഴും നിങ്ങളുടെ കൂടെയാണല്ലോ.

ലീല:—അതുകൊണ്ടായില്ല. ഞങ്ങളുടെ അഭിപ്രായം അനുസരിക്കുകൂടി ചെയ്യണം. ആ മേനോനുമായി വിവാഹബന്ധത്തിലേപ്പെട്ട മറ്റു സ്ത്രീകൾ നടക്കുന്നതുപോലെ അഭികാമ്യമായി ജീവിക്കണം.

മദാമ്മ:—അങ്ങിനെ പറയൂ ലീലേ! ഒരാൾ തുലഞ്ഞെങ്കിൽ യോഗ്യനായ മറ്റൊരാൾ വന്നപേക്ഷിക്കുമ്പോൾ സുഖിയുള്ള ഏതെങ്കിലും സ്ത്രീകൾ ഉപേക്ഷിക്കാറുണ്ടോ? പാറുക്കുട്ടീ! ഞങ്ങൾ പറയുന്നതു കേൾക്കു. നിന്റെ ഈ ശുഷ്കിച്ച ജീവിതം ആനന്ദകരമായിത്തീരട്ടെ. നിന്റെ ആയുസ്സിനു് സുഖാരോഗ്യകരമായി പരിലസിക്കട്ടെ. ഞങ്ങളുടെ എല്ലാവരുടേയും അഭിമതംപോലെ നീ മേനോനുമായി വിവാഹബന്ധത്തിലേർപ്പെടാൻ സമ്മതിക്കു.

പാറു:—അതുമാത്രം പറയരുതു്. എന്റെ ആത്മാവു് എന്റെ സോമന്റെകൂടെയാണു്. അതു് അദ്ദേഹത്തിന്റെ ആത്മാവിനോടുകൂടി തന്നെ രമിക്കട്ടെ. ഈ ജഡം വേറും മാംസപിണ്ഡം. നശ്വരം. അതിന്റെ പുഷ്ടിക്കു വേണ്ടി ഞാൻ മറ്റൊരാളുമായി ദാമ്പത്യജീവിതത്തിലേർപ്പെടുകയോ? അതൊരു കാലത്തും ഉണ്ടാകുന്നതല്ല.

ആ ശ്രമവും ഇങ്ങനെ പര്യവസാനിച്ചു. പാറുക്കുട്ടിയുടെ അഭിപ്രായഗതി മാറുന്നതു് ദുഷ്കരമാണെന്നറിഞ്ഞ മദാമ്മ തീർച്ചപ്പെടുത്തി. അതിനുവേണ്ടി വൃഥാ കാത്തിരിക്കാതെ മറ്റു പോംവഴികൾ തേടുന്നതിനു തീരുമാനിച്ചു.

ഇരുപത്തിരണ്ടാം അദ്ധ്യായം.

പിന്നെയും കുറേ ദിവസങ്ങൾകൂടി കഴിഞ്ഞു. മദാമ്മ പാറുക്കുട്ടിയുടെ ശരീരക്ഷീണം മാറുന്നതിനു് ഒരു മാതാവിനെപ്പോലെ വാത്സല്യത്തോടുകൂടി ഔഷധങ്ങൾ കൊടുക്കുന്നുണ്ടു്. സ്വന്തം ആരോഗ്യത്തെക്കുറിച്ചു് അവൾ തീരെ അലസയായിരുന്നെങ്കിലും ലീലയുടെ നിർബന്ധം കൊണ്ടു ഔഷധങ്ങൾ സേവിക്കുന്നതിൽ ക്രമം പാലിച്ചുവന്നു. പക്ഷേ അവളുടെ ഹൃദയത്തിനു് എന്നെന്നേക്കുമായി സംഭവിച്ചുക്ഷതം മദാമ്മയുടെ ഔഷധപ്രയോഗംകൊണ്ടു് വിരോപണംചെയ്യാവുന്നതല്ലല്ലോ. അതുകൊണ്ടു് ഏതൊക്കെ ഔഷധങ്ങൾ സേവിച്ചിട്ടും അവളുടെ മുഖചക്രോമളമായിരുന്ന ശരീരം വെയിലേറ്റ ചെന്താമരത്തണ്ടുപോലെ ചൈതന്യരഹിതമായിത്തീർന്നതേയുള്ളൂ.

മദാമ്മയ്ക്കു ബിലാത്തിയിലേക്കു പോകുവാൻ തിടുക്കമുണ്ടു്. താൻ തിരിച്ചുചെല്ലുവാൻ താമസിക്കുന്നപക്ഷം നാട്ടിലേക്കു മടങ്ങാൻ ത്വരിതപ്പെട്ടുകൊണ്ടിരിക്കുന്ന സോമൻ ഇങ്ങോട്ടു തിരിച്ചെന്നുകിലോ എന്നു മദാമ്മ നിശ്ചയിച്ചു. ഏതായാലും സോമനെ തനിക്കു ലഭിക്കുന്നതെങ്കിൽ പാറുക്കുട്ടിയെ നശിപ്പിക്കാതെ മറ്റൊരു വഴിയുമില്ലെന്നു് അവൾക്കു തോന്നി. അതിനു മേനോനേയും, കേശവൻനായരേയും കൂട്ടുപിടിക്കാമെന്നും തീരുമാനിച്ചു. എന്നാൽ ലീലയോടു് ഇതൊന്നും പറയുവാൻ ആ യുവതി ധൈര്യപ്പെട്ടില്ല. ലീല പാറുക്കുട്ടിയെ അതിരറ്റു സ്നേഹിക്കുന്നുണ്ടെന്നു മദാമ്മയ്ക്കറിയാമായിരുന്നു.

മേനോൻ കേശവൻനായരോടുകൂടി വീണ്ടും ഡിസ്പെൻസറിയിൽ എത്തി. അവരുടെ ആഗമനം മദാമ്മയ്ക്കു് കൂടുതൽ ഉത്സാഹപ്രദവും, സന്തുഷ്ടികരവുമായിരുന്നു. അവരെ തന്റെ സ്വകാര്യമുറിയിലേക്കു് ആനയിച്ചു. സമയം രാത്രി

യാണു്. പാവക്കുട്ടി നേരത്തേതന്നെ വീട്ടിലേക്കു പോയി. ലീല ഏതോ കുഴപ്പവശാൽ അന്നു് അവിടെ താമസമാണു്. അവിടെ നടക്കുന്ന അതുപോലെതന്നെയും ലീലയെ അറിയിക്കുന്നതിനു മുമ്മയ്ക്കു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടു് നേരം വളരെ രാത്രിയാകുന്നതുവരെ മറ്റു കുഴപ്പങ്ങളെക്കുറിച്ചു് അവർ സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ഇടയ്ക്കു മേനോൻ പാവക്കുട്ടിയെപ്പറ്റി ചോദിച്ചപ്പോൾ മുമ്മ മൗനം അവലംബിച്ചതേയുള്ളൂ. കുഴപ്പം നടപ്പില്ലെന്നു് അറിയാമായിരുന്നതുകൊണ്ടു ലീലയും ഒന്നുതന്നെ പറഞ്ഞില്ല. ഒടുവിൽ ലീലയെ ഉറങ്ങാൻ വിട്ടിട്ടു് അവർ സംഭാഷണം തുടർന്നു.

മുമ്മ:—ഞാനും ലീലയുംകൂടി വളരെ ദിവസം പാവക്കുട്ടിയെ നിർബന്ധിച്ചുനോക്കി. ഒരു ഫലവും ഉണ്ടായില്ല. അവൾ അച്ഛനെയുദ്ദേശിച്ചു ജീവിതം പാഴാക്കുകയാണു്. മറ്റൊരു പുരുഷനുമായി ദാമ്പത്യജീവിതത്തിലേർപ്പെടാൻ അവൾ ഇഷ്ടപ്പെടുന്നില്ല. ഞങ്ങളുടെ പ്രയത്നമെല്ലാം വ്യർത്ഥമായെന്നു പറയേണ്ടിവന്നതിൽ കുണ്ഠിതമുണ്ടു്.

മേനോൻ:—ഇതു് ഞാൻ മുൻപേതന്നെ ഉദ്ദേശിച്ചിരുന്ന മറുപടിയാണു്. പിന്നെ നിങ്ങൾ തമ്മിലുള്ള ഇപ്പോഴത്തെ ക്ലിപ്തഭേദം, ഔചിത്യം കണക്കിട്ടു് ഒന്നു ശ്രമിച്ചുനോക്കാൻ പറഞ്ഞതേയുള്ളൂ. അവളുടെ ഇഷ്ടക്കുറവിനു് അവളെ ഒരു പാഠം പഠിപ്പിക്കണമെന്നതൊന്നും ഞാനും രീതിയാക്കിയിരിക്കുന്നു. മി: ശേഖരൻനായർ എന്തു പറയുന്നു.

കേ: നായർ:—ഇതെന്തു ചോദ്യമാണു്. നിങ്ങൾ നിശ്ചയിക്കുന്നതൊക്കെ എനിക്കിഷ്ടമാണു്. ആ നിശ്ചയങ്ങൾ നടപ്പിൽ വരുത്താൻ എന്റെ കഴിവുകൂടി നിങ്ങൾക്കായി സമർപ്പിച്ചിരിക്കുകയാണു്.

മേനോൻ: —മദാമ്മ ദയവായി ഒരു കാര്യം ചെയ്യാൽ കൊള്ളാം. അവളുടെ അനന്തരണക്കേടിനു് അവളെ ഇ വിടെനിന്നു ബഹിഷ്കരിക്കണം. വീട്ടിൽനിന്നു് ഞാനും പു റംതള്ളിയേക്കാം. ക്രമേ അവളുടെ അമ്മയേയും പറഞ്ഞയ ച്ചേക്കാം. പുമംഗലം വക സ്വത്തുക്കൾ ഇന്നെന്റെ കൈ യിലാണു്.

നായർ: —ഇന്നു നിങ്ങൾ വിചാരിച്ചാൽ ഇതെല്ലാം സാധിച്ചേക്കും. കുറേക്കഴിയുമ്പോൾ അവളെ ഏതെങ്കിലും ഒരു പുരുഷൻ വിവാഹം കഴിച്ചെന്നുവരും! അല്ലെങ്കിൽത്ത ന്നെ രവിക്കു പ്രായമാകും. അന്നു നിങ്ങളുടെ ഉടമ്പടി ദൂരെ തെറിച്ചുപോയേക്കും.

മദാമ്മ: —ഈ കാര്യത്തിൽ ബുദ്ധിപൂർവ്വം പെരുമാറ ണം. ഏതായാലും മേനോനു പാറുക്കുട്ടിയെ കിട്ടാൻ പ്രയാ സമാണു്. ഭാഗ്യവശാൽ കൈയിൽ കിട്ടിയ സ്വത്തുക്കളെ ങ്കിലും പോകാതെ സൂക്ഷിക്കണം.

നായർ: അങ്ങിനെയാണു വേണ്ടതു്. പക്ഷേ, അ തിനുള്ള ശരിയായ വഴി എന്റെ ബുദ്ധിയിൽ തെളിഞ്ഞു കാണുന്നില്ല.

മദാമ്മ: —പാറുക്കുട്ടിയുടെ ശത്രുത്വം നാളെ നിങ്ങൾ ക്കുണ്ടാകുമെന്നു ഭീതിയുണ്ടെങ്കിൽ ഇന്നുതന്നെ അവളെ ന ശിപ്പിക്കുകയാണു വേണ്ടതു്.

മേനോൻ: —അതു കഷ്ടമല്ലേ?

നായർ: —സ്വത്തും രക്ഷിയ്ക്കുവേണ്ടി ചിലപ്പോൾ അ ങ്ങിനെയും ചെയ്യേണ്ടതായി വരും.

മദാമ്മ: —അതാണു ഞാനും പറയുന്നതു്. മേനോ നെ അവൾ നിന്ദിച്ചു, നിരസിച്ചു. മേലാൽ മാന്യരായ്ട്ടു കൂടി ദാമ്പത്യസുഖം അനുഭവിക്കാൻ ഇടയാകരുതു്. അവൾ തുലയുകതന്നെ വേണം.

നായർ:—പറഞ്ഞപ്പോലം എളുപ്പമായി. ഈ കായ്യം എങ്ങിനെയാണെ സാധിക്കുക.

മദാമ്മ:—അതൊക്കെ ഞാനേറവം. കായ്യം നടന്നു കഴിഞ്ഞു വല്ല ഉസ്സംശയങ്ങളുംക്കും ഇടവന്നാൽ എന്നെ സഹായിക്കാമെന്നു നിങ്ങൾ ഉറപ്പു തരണം.

മദാമ്മയുടെ ഉദ്ദേശം ആദ്യന്തം സാഹസമാണെന്നു മേനോനു തോന്നി. കേശവൻനായർക്കു ഒട്ടും കുലുക്കമുണ്ടായില്ല. എന്തെന്നാൽ ഇതു സംബന്ധിച്ചു് ഒരു വലിയ കേസ്സുണ്ടാകുന്നപക്ഷം മേനോനും, മദാമ്മയും തന്റെ സഹായം അപരിത്യാജ്യമായിത്തീരുമെന്നും അവരോടു കണക്കില്ലാതെ പണം പിടുങ്ങാൻ സാധിക്കുമെന്നും കേശവൻനായർ വിശ്വസിച്ചു. ഹാ! ധനദുർമ്മോഹമേ! സംസ്കാരസമ്പന്നരെന്നു വിചാരിക്കപ്പെടുന്നവർപോലും നിന്റെ മായാവിദ്യയിൽ എന്തെന്തു ദുഷ്കൃത്യങ്ങൾക്കു പ്രേരിതരാകുന്നില്ല?

മദാമ്മയുടെ അഭീഷ്ടസിദ്ധിക്കായി—അവളുടെ കാമസംപൂർത്തിക്കായി—അവൾ മറുള്ളവരുടെ ആവശ്യം പറഞ്ഞു പാവക്കുട്ടിയെ വധിക്കാൻതന്നെ തീരുമാനിച്ചു. ഒരു വനിതയുടെ പ്രേമദാഹം ശമിപ്പിക്കുന്നതിനു മറൊരു വനിതയുടെ ജീവരക്തം ഉപയോഗപ്പെടുത്തുകയോ? മേനോനു് ഈ കായ്യത്തിൽ പൂർണ്ണസമ്മതം ഉണ്ടായിരുന്നില്ലെങ്കിലും പാവക്കുട്ടിയോടു പകവീട്ടണമെന്നുള്ള ഉദ്ദേശം അയാൾക്കുണ്ടായിരുന്നു. ഏതായാലും മദാമ്മയുടെ സഹായവാഗ്ദാനം നല്കിക്കൊണ്ടു മേനോനും, കേശവൻനായരും അവിടെ നിന്നും യാത്രയായി.

ഇരുപത്തിമൂന്നാം അദ്ധ്യായം.

സ്വകാമിതം സാധിക്കുന്നതിനു പാറുക്കുട്ടിയെ കൊല്ലാൻതന്നെ ആ ആംഗ്ലേയയുവതി തീരുമാനിച്ചിരിക്കുകയാണല്ലോ. പാറുക്കുട്ടിയുടെ അമൂല്യമായ പ്രേമദാർഢ്യം അവളുടെ വിനാശത്തിനുതന്നെ പ്രേരകമായിത്തീരുകയോ? താൻ ഏറ്റെടുത്തിരിക്കുന്ന കാര്യം വളരെ അത്ഭുതകരമാണെന്നു മദാമ്മ അറിയുന്നുണ്ട്. തന്റെ പ്രവൃത്തി വെളിപ്പെട്ടുപോയാൽ വന്നുചേരാവുന്ന അനന്തരഫലങ്ങളെക്കുറിച്ചും അവർക്കു ഭയാശങ്കകൾ ഉണ്ടാകാതിരുന്നില്ല. എങ്കിലും ധർമ്മത്തേക്കാൾ കാമത്തിനുതന്നെ പ്രാധാന്യം കല്പിക്കുന്ന ആ പാശ്ചാത്യയുവതി തന്റെ നിശ്ചയം നിറവേറ്റുന്നതിനുതന്നെ ധൈര്യപൂർവ്വം തീരുമാനിച്ചുറച്ചു. പാറുക്കുട്ടിക്കു ഔഷധം സേവിച്ചുവന്നതുകൊണ്ട് ആ മാർഗ്ഗത്തിൽക്കൂടി ഉദ്ദേശം സാധിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. അതിനുള്ള സൗകര്യവും, സമയവും പാത്തു് അല്പദിവസംകൂടി കഴിച്ചുകൂട്ടി.

പാറുക്കുട്ടിക്കു വേണ്ട ഔഷധങ്ങളും മദാമ്മ നിർദ്ദേശിക്കുകയും, ലീലയെക്കൊണ്ടു് എടുത്തുകൊടുപ്പിക്കയുമായിരുന്നു പതിവു്. ഒരുസമയം കായും വെളിപ്പെട്ടുപോയാൽ ലീലമേലുള്ള തെറ്റിക്കൊടുത്തതാണെന്നു വരുത്താമെന്നും അങ്ങിനെ തനിക്കു് അതിൽനിന്നു് ഒഴിഞ്ഞുനില്ക്കാമെന്നും ആയിരുന്നു അവരുടെ ഉദ്ദേശം. മേനോന്റെ ശല്യമോർത്തു് പാറുക്കുട്ടി ചിലപ്പോഴെല്ലാം വീട്ടിൽപ്പോകാതെ ഡിസ്പെൻസറിയിൽത്തന്നെ താമസിക്കാറുണ്ടു്. തന്റെ ഉദ്ദേശം നിറവേറുന്നതിനു് അങ്ങിനെയുള്ള ഒരു ദിവസം ഉപയോഗപ്പെടുത്താമെന്നു മദാമ്മ തീരുമാനിച്ചു.

ആ ദിവസവും ഉടനെ വന്നെത്തി. അന്നു രാവിലെ മേനോനുമായി ഒരു ശണ്ഠകഴിഞ്ഞാണു പാറുക്കുട്ടി ഡി

ഒസ്പെൻസറിയിൽ വന്നതു്. അതുകൊണ്ടു് അന്നു് അവൾ വീട്ടിലേക്കു തിരിച്ചുപോയില്ല. പാവക്കുട്ടി പോകാതിരുന്നതുകൊണ്ടു ലീലയും പോയില്ല.

നേരം രാത്രിയായി. അവർ ഭക്ഷണംകഴിക്കാൻ പോകുന്നതിനുമുൻപു പതിവുപോലെ പാവക്കുട്ടിയ്ക്കു മരുന്നെടുത്തുകൊടുക്കാൻ മഠാമ്മ ലീലയോടു പറഞ്ഞു. ലീല ദിവസേന കൊടുക്കാറുണ്ടായിരുന്ന മരുന്നു പകരുന്നെടുത്തു. പക്ഷേ, പതിവിനു വിപരീതമായി ചില നിറഭേദങ്ങൾ കണ്ടതുകൊണ്ടു് അവൾ ആ മരുന്നു പാവക്കുട്ടിയ്ക്കു കൊടുത്തില്ല. അവൾ മഠാമ്മയോടു ചോദിച്ചു.

"ഇന്നലെ കൊടുത്ത മരുന്നല്ലേ ഇന്നും കൊടുക്കേണ്ടതു്. ആ മരുന്നു് പകരുന്നപ്പോൾ അതിനു നിറഭേദം കാണുന്നു."

മഠാമ്മ:—ഇന്നു വിശേഷപ്പെട്ട ഒരു മരുന്നുകൂടി കൂട്ടിച്ചേർത്തിട്ടുണ്ടു്. അവളുടെ ശരീരക്ഷീണം വേഗം മാറട്ടെ.

മുൻപൊരുരാത്രി പാവക്കുട്ടിയുടെ വധത്തെക്കുറിച്ചു നടന്ന ഗൂഢാലോചന ലീല മനസ്സിലാക്കിയിരുന്നു. അവളെ ഉറങ്ങാൻ അയച്ചിട്ടു മേനോനും, കേശവൻനായരുംകൂടി മഠാമ്മയുമായി സപകാര്യസംഭാഷണത്തിലേർപ്പെട്ടപ്പോൾ അതു പാവക്കുട്ടിയെ സംബന്ധിച്ചു എന്തോ ആലോചനയാണെന്നറിയാമായിരുന്നതുകൊണ്ടു ലീല മറഞ്ഞുനിന്നു് അവരുടെ സംഭാഷണം മുഴുവൻ ഗ്രഹിച്ചിരുന്നു. അതിൽ പിന്നെ പാവക്കുട്ടി ഡിസ്പെൻസറിയിൽ താമസിക്കാറുള്ളപ്പോഴെല്ലാം ലീലയും അവിടെ താമസിക്കാറുണ്ടു്. അവൾ മരുന്നുകൊടുക്കുമ്പോഴെല്ലാം വേണ്ടവിധം സൂക്ഷിക്കയും പരിശോധിക്കയും ചെയ്യാറുണ്ടു്. മറുവിധേനയും മഠാമ്മയിൽനിന്നു് എന്തെങ്കിലും അപകടം ഉണ്ടാകാതിരിക്കാനും അവൾ കരുതലോടുകൂടി സൂക്ഷിച്ചുവന്നിരുന്നു. വളരെ

വിശ്വസ്തയെന്നു കരുതിയിരുന്ന മദാമ്മ തൻറെ ഭർത്താവിനെ ചതിക്കുന്നതിനും, ക്രൂരതയുടേയും ഭയങ്കരതയുടേയും ലീലയെ അസ്വസ്ഥചിത്തയാക്കിയെങ്കിലും, അതെല്ലാം യഥാസമയം വെളിപ്പെടുത്തിയാൽ മതിയെന്നു കരുതി ലീല ഈ സംഗതി പാറുക്കുട്ടിയെ ധരിപ്പിച്ചതുമില്ല.

മദാമ്മയുടെ കൗടില്യം അതിൻറെ പൂർണ്ണരൂപത്തെ പ്രാപിക്കുന്നതായി ലീലയ്ക്കു തോന്നി. പാറുക്കുട്ടിക്കു കൊടുക്കാനുദ്ദേശിച്ച ഔഷധത്തിൽ എന്തോ വിഷം കലർത്തിയിരിക്കുമെന്ന് അവൾ സംശയിച്ചു. അതിൻറെ പരമാർത്ഥം പരിശോധിച്ചറിയണമെന്നു വിചാരിച്ച് അവൾ ആ മരുന്നെടുത്തു മറൊരിടത്തു സൂക്ഷിച്ചു മദാമ്മയെ ബോദ്ധ്യപ്പെടുത്തുന്നതിനായി തല്ക്കാലം മറൊരുകുപ്പിയിൽനിന്നും തലേദിവസം കൊടുത്തിരുന്നതും, കുട്ടിക്കുചേർന്നതുമായ ഔഷധംതന്നെ പാറുക്കുട്ടിക്കു കൊടുക്കുകയുംചെയ്തു. അക്കാര്യം മദാമ്മ മനസ്സിലാക്കിയില്ല.

നേരം കുറേക്കൂടി ഇരുട്ടി .എല്ലാവരും ഉറങ്ങാൻപോയി കിടന്നു. ക്ഷീണാശ്രിയായ പാറുക്കുട്ടി നിദ്രയിലാണ്ടുകഴിഞ്ഞു. ലീല നിദ്രഭാവിച്ചു കിടക്കുകയാണു്. മദാമ്മ കട്ടിലിൽനിന്നും എഴുന്നേറ്റ് ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അവൾ പാറുക്കുട്ടിയെ കൂടെക്കൂടെ സൂക്ഷിച്ചു വീക്ഷിക്കുന്നുണ്ടു്. ഔഷധം സേവിച്ചു മുന്നാലു മണിക്കൂർ കഴിഞ്ഞിട്ടും പാറുക്കുട്ടിയിൽ യാതൊരു ചേഷ്ടാവിശേഷവും കാണാത്തതിൽ മദാമ്മ അത്ഭുതപ്പെട്ടുപോയി. ഒരു സമയം താൻ പ്രയോഗിച്ച ഔഷധം വീര്യം കുറഞ്ഞതായിരിക്കണം. അഥവാ ലീല ഔഷധം അവൾക്കു കൊടുത്തില്ലായിരിക്കണം. ഏതായാലും പ്രയത്നം വിഫലമാകുകയും, കാര്യം വെളിപ്പെടുകയും ചെയ്താൽ

രക്ഷാമാർഗ്ഗം എന്താണു്? ഇങ്ങനെയുള്ള മനോവിചാരങ്ങളാൽ മദാമ്മയെ വളരെയധികം വിഷമിപ്പിച്ചു. അവൾ കട്ടിലിൽ ചെന്നിരിക്കും. പെട്ടെന്നു് എഴുന്നേറ്റു് അങ്ങോട്ടുമിങ്ങോട്ടും നടക്കും. പാറുക്കുട്ടിയുടെ കിടക്കയുടെ സമീപംചെന്നു് അവളെ സൂക്ഷിച്ചു പരിശോധിക്കും. ലീല ഉണരുന്നുണ്ടോ എന്നു ക്ലോക്കിനെ ഉറ്റുനോക്കും. ലീല ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടു വളരെ സമയം കഴിച്ചുകൂട്ടി. ഒടുവിൽ ഉറക്കമുണരുന്നഭാവത്തിൽ അവൾ എഴുന്നേറ്റു കിടക്കയിൽ ഇരുന്നു. മദാമ്മ ഉറക്കമില്ലാഞ്ഞു് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതുകണ്ടു് അവൾ ചോദിച്ചു.

"ഇന്നെന്താണു്? മദാമ്മയ്ക്കുറക്കമില്ലേ?"

മദാമ്മ:—നേരത്തെ ഉണ്ണാൻപോയി. പിന്നിട്ടു് ഉറക്കംവരാത്തതുകൊണ്ടു് ഈ മുറിയിൽ നടക്കുകയാണു്.

ലീല:—ഞാനും നേരത്തെ ഉണ്ണാൻപോയിരിക്കുന്നു. നമുക്കു രണ്ടുപേർക്കും ഇന്നുറക്കമില്ല. ആ പാറുക്കുട്ടിയെ നോക്കണം. അവൾ എത്ര സുഖമായി കിടന്നുറങ്ങുന്നു.

മദാമ്മ:—സാധു! സുഖമായി കിടന്നുറങ്ങട്ടെ. അതിനാണു് ഞാൻ ഇന്നു് ഒരു നല്ല മരുന്നുകൂടി ചേർത്തുകൊടുക്കാൻ തീരുമാനിച്ചതു്.

ലീല:—അതെനിക്കും മനസ്സിലായി. ആ മരുന്നു കൂടിച്ചാൽ എളുപ്പം ഉണരുകയില്ലെന്നല്ല ഒരിക്കലും ഉണരുമെന്നു തോന്നുന്നില്ല.

മദാ:—അതെന്താണു ലീലേ! ആ മരുന്നു് അത്ര വീര്യമുള്ളതാണോ?

ലീല:—അതിന്റെ വീര്യം അത്ര ചേർക്കാൻ നിശ്ചയിച്ച മദാമ്മയ്ക്കല്ലേ കൂടുതൽ അറിയാവുന്നതു്.

മദാമ്മ:—ഞാനതിന്റെ ഗുണം അറിഞ്ഞുകൊണ്ടുതന്നെയാണു പ്രയോഗിച്ചതു്. സുഖനിദ്ര, ആഹാരത്തിൽ

അഭിരുചി മുതലായവ ആ മരുന്നുകൊണ്ടു സിദ്ധിക്കും. അങ്ങിനെയാകുമ്പോൾ പാറുക്കുട്ടിയുടെ ആരോഗ്യം പെട്ടെന്നു് അഭിവൃദ്ധിപ്പെടും.

ലീല:—വളരെ നല്ലതുതന്നെ. എന്നാൽ പാറുക്കുട്ടിയുടെ ആരോഗ്യം ക്രമേണ നന്നായാൽമതിയെന്നുദ്ദേശിച്ചു് ഞാൻ ആ ഔഷധം അവർക്കു കൊടുത്തില്ല. അതു് ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. അതിന്റെ വീര്യം നാലുപേരുടെ മുൻപിൽവച്ചു പരിശോധിച്ചുനോക്കണമെന്നും തീരുമാനിച്ചിട്ടുണ്ടു്.

മദാമ്മ: ലീലേ! നീ എന്നെ അവിശ്വസിക്കുന്നു. ആ മരുന്നിന്റെ ഗുണം ഞാൻ പഞ്ഞാൽ നിനക്കു വിശ്വാസമാകാത്തതെന്തുകൊണ്ടു്?

ലീല:—വഞ്ചന, ക്രൂരത! ആ മരുന്നു കുടിച്ചിരുന്നെങ്കിൽ ഇന്നത്തെരാത്രി എത്ര ഭയങ്കരമായ ഒരു മാരണകർമ്മത്തിനു് സാക്ഷിയായിത്തീർന്നേനേ.

മദാ:—ലീലേ! നീ എന്താണിപ്പറയുന്നതു്. ആ മരുന്നിൽ വിഷം കലർന്നിട്ടുണ്ടെന്നാണോ നിന്റെ സംശയം?

ലീല:—അതെ, ഞാനങ്ങനെ സംശയിക്കുന്നു. വേണമെങ്കിൽ ഇപ്പോൾതന്നെ പരീക്ഷിച്ചുകളയാം.

ലീല സൂക്ഷിച്ചുവച്ചിരുന്ന മരുന്നെടുത്തുകൊണ്ടുവന്നു. ആ മരുന്നു് ഒരു റൊട്ടിക്കഷണത്തിൽ പുരട്ടി അവിടെ വളർത്തിയിരുന്ന ഒരു കോഴിയുടെ മുൻപിൽ ഇട്ടുകൊടുത്തു. കോഴി അതു കൊത്തിത്തിന്നു് പ്രാണവേദനയോടുകൂടി ചിറകിട്ടടിച്ചു് ഉടൻതന്നെ ചാകുകയുംചെയ്തു.

ലീല ചോദിച്ചു. "എന്താ മദാമ്മയ്ക്കു ബോധ്യമായോ? പാറുക്കുട്ടിയെ കൊല്ലുന്നതിനു നിഷ്കൃഷ്ടണം മരുന്നിൽ വിഷം കലർത്തിയിരുന്നതിനു് ഇതിൽപ്പരം തെളിവൊന്നും

ആവശ്യമില്ലല്ലോ. ആ പാവക്കുട്ടി സ്വന്തം മാതാവിനേപ്പോലെ മഠാമ്മയെ സ്നേഹിക്കുന്നു; വിശ്വസിക്കുന്നു. മറ്റു ള്ളവരുടെ ദുഷ്പ്രേരണയുടെ വിധേയയായി അവളെ കൊല്ലാൻ മഠാമ്മചെയ്ത ചതിപ്രയോഗം ദൈവവിലാസത്താൽ വിഫലപ്പെട്ടിരിക്കുന്നു. ഈ കൊടിയവഞ്ചന ഞാൻ നാളെ പരസ്യപ്പെടുത്തും. അതിന്റെ പ്രേരകരേയും എനിക്കറിയാം. ഈ വിശ്വാസവഞ്ചനാ ലോകം അറിയട്ടെ."

മഠാമ്മ ഒന്നു ഞെട്ടി. "എന്റെ ലീലേ! ക്ഷമിക്കു. എല്ലാം ക്ഷമിക്കു. ഇതൊന്നും മനഃപൂർവ്വം ചെയ്തതല്ല. മറ്റാരോ പ്രേരിപ്പിച്ചതുപോലെ അറിയാതെ വല്ല വിഷാംശങ്ങളും അതിൽ കലർന്നുപോയിരിക്കാം" എന്നുപറഞ്ഞു് മഠാമ്മ ലീലയെ കെട്ടിപ്പിടിച്ചു. ലീല സഗദ്ഗദംപറഞ്ഞു. "നല്ല പനിതന്നെയാട്ടം. ചൂരം വെളുക്കട്ടെ."

ഈ ശബ്ദകോലാഹലം കേട്ട പാവക്കുട്ടി ഞെട്ടിയുണർന്നു. ലീല പറഞ്ഞ കാര്യങ്ങളെല്ലാം അവൾക്കു മനസ്സിലായി. തന്റെ ജീവനെ രക്ഷിക്കാൻ ലീലചെയ്ത പ്രയത്നത്തിനു് അവൾ കൃതജ്ഞത പറഞ്ഞു. തനിക്കു തെറ്റുപറ്റിയതാണെന്നും ഇതൊന്നും കുരുന്നിക്കുട്ടി ചെയ്തിട്ടുള്ളതല്ലെന്നും ഈ സംഗതി പരസ്യപ്പെടുത്തി തന്നെ അപമാനിക്കരുതെന്നും മഠാമ്മ കേണപേക്ഷിച്ചു. ആ രാത്രി അങ്ങനെ കഴിഞ്ഞു.

ഇരുപത്തിനാലാം അദ്ധ്യായം.

നേരം വെളുത്തു. മേലാൽ മദാമ്മയുടെ ക്രൂരകൈകൊണ്ട് ആപൽക്കരമാണെന്നു തീച്ചപ്പെട്ടുകഴിഞ്ഞതിനാൽ ലീലയും പാറുക്കുട്ടിയും അവളോടു യാത്രപറഞ്ഞു പിരിഞ്ഞു. രണ്ടുപേരുംകൂടി പൂമംഗലത്തേക്കു പോയി. അവിടെ ചെന്നതലേദിവസം നടന്ന സംഭവങ്ങളും മാധവിയമ്മയെ കേൾപ്പിച്ചപ്പോൾ അവർ വാപിളർന്നുപോയി. "എന്റെ ലീലേ! നീ എന്റെ കുഞ്ഞിനെ രക്ഷിച്ചു ഞാൻ ഇതിനു് എന്തു പ്രത്യുപകാരമാണു ചെയ്യേണ്ടതു്. അഥവാ നീ എന്റെ മകളെ ഹൃദയംഗമമായി സ്നേഹിക്കുമ്പോൾ ഇങ്ങനെ ചെയ്യേണ്ടതു നിന്റെ ധർമ്മത്തെ അതിനു വിലകല്പിക്കാവതല്ല. നീയും പാറുക്കുട്ടിയും തമ്മിൽ മേലാൽ യാതൊരു ഭിന്നഭാവവും ഉണ്ടായിരിക്കുന്നതല്ല" എന്നു മാധവിയമ്മ സ്നിഗ്ദ്ധവും, നിഷ്കളങ്കവുമായ നന്ദിവാക്കുകൾ ഒപ്പാഴിച്ചു. ലീല നമ്രശിരസ്കയായി അവരുടെ കൃതജ്ഞത സ്വീകരിച്ചു. ഈ സമയം മേനോൻ വെളിയിൽപോയിരുന്നതുകൊണ്ടു് ഈ സംഗതികളൊന്നും അയാൾ അറിഞ്ഞില്ല. മേനോൻ അന്തരാവിലെ കേശവൻനായരെ കാണാൻ അങ്ങോട്ടു പോയിരിക്കുകയായിരുന്നു. അവിടെ ചെന്നു് അവർതമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മദാമ്മയുടെ കത്തുമായിക്കൊണ്ടു് ഒരു ദൂതൻ വന്നെത്തി. മേനോൻ വളരെ തിടുക്കത്തോടെ കത്തുവാങ്ങി പൊട്ടിച്ചുവായിച്ചതിനു ശേഷം ആ എഴുത്തു ക്രൂരകാരന്റെ കയ്യിൽ കൊടുത്തു. അതിൽ വിശേഷവിധിയായി ഒന്നുംതന്നെ എഴുതിയിരുന്നില്ല. "നിങ്ങളെ രണ്ടുപേരെയും ഉടനെകാണാൻ താല്പര്യപ്പെടുന്നു. വേഗം വന്നുചേരുമല്ലോ."

"എന്നു്

നിങ്ങളുടെവിശ്വസ്ത മദാമ്മ"

ഇതായിരുന്നു കത്തിലെ ഉള്ളടക്കം. എന്തോ അത്യാവശ്യകാര്യം ആലോചിക്കാനോ പറയാനോ ഉണ്ടായിരിക്കുമെന്നുദ്ദേശിച്ച് അവർ രണ്ടാളും ഉടനെതന്നെ ഡിസ്പെൻസറിയിലേക്കു പോയി.

ഡിസ്പെൻസറിയിൽ മരുന്നു വാങ്ങിക്കാൻ വളരെപ്പേർ കൂടീട്ടുണ്ട്. ധാരാളം രോഗികളും വന്നെത്തിയിട്ടുണ്ട്. പക്ഷേ മദാമ്മ രോഗികളെ പരിശോധിക്കാനോ, ഔഷധം നിർദ്ദേശിക്കാനോ ആഫീസുമുറിയിൽ വന്നുചേർന്നിട്ടില്ല. മരുന്നെടുത്തുകൊടുക്കുന്നതിനുള്ള ആളുകളേയും അവിടെ കാണുന്നില്ല. ആളുകൾ വരാന്തയിൽ ബഹളം കൂട്ടുന്നതുകണ്ടിട്ട് "എനിക്കു നല്ല സുഖമില്ല" എന്നു പറഞ്ഞു് അവരെ ചിരിച്ചയയ്ക്കാൻ പ്യൂണിനെ ചുമതലപ്പെടുത്തി. മദാമ്മ ചിന്താവ്യഗ്രതയിൽ മുഴുകി തന്റെ സ്വകാര്യമുറിയിൽ ഇരിക്കുകയാണു്.

മേനോനും, കേശവൻനായരും മദാമ്മയുടെ മുറിയിലേയ്ക്കു കയറിച്ചെന്നു. മദാമ്മ പെട്ടെന്നെഴുനേറ്റു കൈകൊടുത്തു് അവരെ ഇരുത്തി. മദാമ്മയുടെ മുഖം തീരെ അപ്രസന്നവും ശോകനകലിതവുമായി കാണപ്പെട്ടതിനാൽ കാരണം അറിയാനുള്ള ആകാംക്ഷയോടെ മേനോൻ ചോദിച്ചു: "മദാമ്മയുടെ മുഖത്തു് എന്തോ അസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങളും കാണുന്നല്ലോ. ഞങ്ങടെ വേഗം വന്നുചേരണമെന്നു് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഇതെല്ലാംകൊണ്ട് എന്തോ വലിയ തകരാറു സംഭവിച്ചതുപോലെ തോന്നിപ്പോകുന്നു. ദയവുചെയ്തു വേഗം കാര്യം പറയുക."

മദാമ്മ:—നമ്മുടെ ഉദ്ദേശമെല്ലാം വിഫലമായിത്തീർന്നു. ഇന്നലെ രാത്രി—

മേനോൻ:—ഇന്നലെ രാത്രി എന്തു സംഭവിച്ചു? കാര്യം വെളിപ്പെടുത്തിപ്പറയണം.

കേശ:—ഇനിയും വെളിപ്പെടുത്തിപ്പറയുവാനുണ്ടോ? മദാമ്മ പ്രവർത്തിക്കാനുദ്ദേശിച്ചിരുന്നതു് ഇന്നലെ രാത്രി പ്രവർത്തിച്ചിരിക്കും. പക്ഷേ അതു ഫലപ്പെടാതെ പോയിരിക്കാം.

മേനോൻ:—അങ്ങിനെ വന്നാൽ കൂടുതൽ അപകടമാണു്. ഈ സംഗതി വെളിയിൽവരുന്നപക്ഷം മദാമ്മയുടെ നില കഴിപ്പത്തിലാകും.

മദാമ്മ:—എന്റെ നില മാത്രമോ? നിങ്ങളുടെ നിലയും അപകടത്തിലാകുമെന്നു തോന്നുന്നു.

നായർ:—അതിനു ഞങ്ങളെന്തുചെയ്യു?

മദാമ്മ:—ഈ പ്രവൃത്തിയിൽ നിങ്ങളും എന്നെ പ്രേരിപ്പിച്ചതായി ആ ലീല ബലമായി സംശയിക്കുന്നുണ്ടു്. നമ്മുടെ അന്നത്തെ ആലോചന എങ്ങിനെയോ അവർ ഗ്രഹിച്ചിരിക്കുന്നു. ഉടനെ എന്തെങ്കിലും ബുദ്ധിപൂർവ്വം ചെയ്തില്ലെങ്കിൽ ലീലയും പാറുക്കുട്ടിയുംകൂടി നമ്മുടെ നേരേ തിരിഞ്ഞേക്കാൻ ഇടയുണ്ടു.

മേനോൻ:—അപകടം, അപകടം. ഇതുപ്പോലൊന്നും കായ്മില്ലായിരുന്നു.

നായർ:—എന്താണി അതൊക്കെയും. ആ പെണ്ണുങ്ങൾ നമ്മുടെ പേരിൽ തെളിവുണ്ടാക്കട്ടെ.

മദാമ്മ:—ഈ സംഗതി അത്ര നിസ്സാരമായിത്തള്ളിക്കളയാൻ പാടില്ല. കൊലയുടെ ഉത്സാഹം; പ്രേരണ. ഹാ! എത്ര ഭയങ്കരകുറ്റങ്ങൾ. ഒരുസമയം തെളിഞ്ഞുപോയാൽ നമ്മുടെയെല്ലാം കഥയെന്താണു്?

മേനോൻ:—വളരെ ആലോചിച്ചു പ്രവർത്തിക്കണം. ഇതിൽനിന്നു രക്ഷ നേടാൻ വല്ല മാർഗ്ഗവും കണ്ടുപിടിക്കണം.

മമ്മാമ്മ: — ഞാൻതന്നെ ഒരു മാസ്സം കണ്ടുപിടിച്ചിട്ടുണ്ട്. ഈ സംഗതി വെളിയിൽ വരുന്നതിനു മുൻപു് അവരെ മറ്റൊരു പടത്തിൽ കുടുക്കാം. തന്റെ കൈവശം വളരെ വിലപിടിപ്പുള്ളതും, ഭംഗിയേറിയതുമായ ഒരു വജ്രമാല ഇരിപ്പുണ്ടു് ആ മാല തന്നായിട്ടാണെന്നും, അതു വളരെ രഹസ്യമായി പാറുക്കുട്ടിയുടെ വീട്ടിൽ കൊണ്ടുചെന്നു വയ്ക്കണമെന്നും ആ മാല അവളും കീലയും കൂടി മോഷ്ടിച്ചുകൊണ്ടുപോയതായി ഉടനെ ഒരു കേസ്സുണ്ടാക്കണമെന്നും മമ്മാമ്മ നിർദ്ദേശിച്ചു ഈ അഭിപ്രായം രണ്ടുപേർക്കും രണ്ടുവിധത്തിൽ തൃപ്തികരമായിത്തോന്നി. മാല കൊണ്ടുപോയി പൂമഠത്തു വയ്ക്കാമെന്നു മേനോൻ സമ്മതിച്ചു. കേസ്സു വേണ്ടതുപോലെ നടത്തിക്കൊള്ളാമെന്നുള്ള ചുമതല കേശവൻനായരും ഭരമേറ്റു.

മമ്മാമ്മയ്ക്ക് അല്പം ആശ്വാസമുണ്ടായതുപോലെ തോന്നി. അവർ പെട്ടി തുറന്നു മാലയെടുത്തു മേനോന്റെ കയ്യിൽ കൊടുത്തു. അതിന്റെ പ്രകാശത്തിൽ അവരുടെ കണ്ണുകൾ മഞ്ഞിച്ചുപോയി. അവർ മമ്മാമ്മയോടു യാത്ര പറഞ്ഞുപിരിഞ്ഞു. മമ്മാമ്മ പിരിഞ്ഞുപോകാതെ പിന്നെയും വെളിയിൽ കുടിയിരുന്ന രോഗികളെ സമാശ്വസിപ്പിക്കുന്നതിനു് അവരുടെ അടുക്കലേക്കു പോയി.

ഇരുപത്തൊന്നാം അദ്ധ്യായം.

സോമൻ മമ്മാമ്മയുടെ ആഗമനം പ്രതീക്ഷിച്ചു ദിവസങ്ങൾ എണ്ണിയെണ്ണിക്കഴിയുകയാണു്. പരീക്ഷയിൽ പാസ്സായപ്പോൾതന്നെ നാട്ടിലേക്കു മടങ്ങിപ്പോയിരുന്നെങ്കിൽ ഇങ്ങനെയുള്ള കുഴപ്പാട്ടകൾക്ക് ഇടവരികയില്ലായിരുന്നുവെന്നു് അയാൾ വിചാരിച്ചു. തന്റെ ഉദ്ദേശം പോലെ നാട്ടിലേക്കു പെട്ടെന്നു തിരിച്ചുപോരാൻതന്നെ

അയാൾക്കിന്നു പ്രായമായിരിക്കുന്നു. ഏതാനും മാസങ്ങളായി പാറുക്കുട്ടിയുടെ എഴുത്തുകൾ കിട്ടാത്തതിലും സോമനുണ്ടായിരുന്ന കുണ്ഠിതം അനിർവചനീയമായിരുന്നു. താൻ യഥാസമയം തിരിച്ചു ചെല്ലാത്തതിൽ പാറുക്കുട്ടിക്കു തന്നെപ്പറ്റി എന്തെങ്കിലും സംശയം ജനിച്ചിരിക്കുമെന്നും തന്നിൽ മിത്രഭാവമായിരിക്കണം അവൾ കത്തുകളയയ്ക്കാത്തതെന്നും സോമൻ ഊഹിച്ചു. എന്നാൽ പാറുക്കുട്ടിയ്ക്കു തന്നോടുള്ള പ്രേമം നിഷ്കളങ്കമാണെന്നുള്ള സോമനു ദൃഢവിശ്വാസമുണ്ടായിരുന്നു. ഏതാനും വർഷങ്ങളായി തന്റെ വരവിനെ തീക്ഷ്ണമായി പ്രതീക്ഷിച്ചുകൊണ്ടു് അക്ഷമയായി കഴിച്ചുകൂട്ടുന്ന പാറുക്കുട്ടി താൻ തിരിച്ചുചെല്ലാൻ താമസിക്കുന്നതുകൊണ്ടു് അത്യന്തം ക്ലേശിക്കുന്നുണ്ടെന്നും അവൾ കുറെ നിരാശയിൽ ആണ്ടുപോയിരിക്കുമെന്നും ചിന്തിച്ചപ്പോൾ താൻ ചെയ്തതു വലിയ ഒരബദ്ധമായിപ്പോയെന്നു സോമനു തോന്നി. മടിച്ചുമടിച്ചെങ്കിലും തിരിച്ചുവന്നിരുന്നെങ്കിൽ ഇതിനെത്തന്നെ നാട്ടിൽ മടങ്ങിച്ചെന്നു തന്റെ പ്രേമഭാജനമായ പാറുക്കുട്ടിയെ ലഭിച്ചു് അവളെ സമാശ്വസിപ്പിക്കാമായിരുന്നു. പക്ഷേ, മദാമ്മ പോയിട്ടു് എത്രയോ മുന്നുമാസം കഴിഞ്ഞിരിക്കുന്നു. എവിടെയാണെന്നോ എപ്പോൾ തിരിച്ചുവരുമെന്നോ ഉള്ള വിവരത്തിനു യാതൊരു കത്തുകളും അയയ്ക്കുന്നുമില്ല. ഈ നിലയിൽ എന്തൊക്കെ പ്രവർത്തിക്കേണ്ടതെന്നറിയാതെ സോമൻ വളരെ വിഷമിച്ചു. ആ യുവാവിന്റെ മനസ്സു മുഴുവൻ പുമംഗലത്തും, ജഡം മാത്രം ബിലാത്തിയിലുമായിരുന്നു.

ഒരുദിവസം രാത്രി നേരം വളരെ ഇരുട്ടിയിരിക്കുന്നു. സോമൻ ഉറങ്ങാതെ തന്റെ മുറിയിൽ ഇരിക്കുകയാണു്. അദ്ദേഹത്തിന്റെ മനസ്സിൽ എന്തോ വിചാരപരമ്പരകൾ അലതല്ലുന്നതായി മുഖഭാവംകൊണ്ടു മനസ്സിലാക്കാം. അദ്ദേഹം പെട്ടി തുറന്നു പല പ്രാവശ്യം പരിശോധിച്ചു നോക്കി. പാറുക്കുട്ടിക്കു കൊടുക്കുന്നതിനു് വിലയുള്ള വാ

ങ്ങി സൂക്ഷിച്ചുവച്ചിരുന്ന വജ്രമാല കാണുന്നില്ല. അവളുടെ ചില കണ്ണുകളും, മോതിരവും ആ മാലയോടൊപ്പം കാണാതെ പോയിരിക്കുന്നു. ഈ സാധനങ്ങൾ എങ്ങിനെ പോയി എന്നോ, ആരുപഹരിച്ചുവെന്നോ എത്ര ആലോചിച്ചിട്ടും ഒരു തുമ്പും കിട്ടുന്നില്ല. ഒടുവിൽ താൻ നാട്ടിലേക്കു മടങ്ങാതിരിക്കാൻവേണ്ടി മദാമ്മ ഇതെല്ലാമെടുത്തു മാറ്റിവച്ചിരിക്കുകയാണെന്നു് അദ്ദേഹം തീരുമാനിച്ചു.

സോമനു മദാമ്മയോടു വലിയ നീരസം തോന്നി. ആ മാലയോടു സോമനു് അപാരമായ പ്രതിപത്തിയുണ്ടായിരുന്നു. അതു പാറുക്കുട്ടിയുടെ വരണമാലയായി സങ്കല്പിച്ചിരുന്നതുകൊണ്ടു് അനുചിതമായി തന്റെ പ്രേമത്തിനാഗ്രഹിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു യുവതി ആ മാല അപഹരിച്ചതു സോമന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു. ആ യുവാവു വിവിധവിചാരങ്ങളോടെ കിടക്കയിൽ ചെന്നുകിടന്നു. താൻ തിരിച്ചുചെല്ലുമ്പോൾ വിശേഷപ്പെട്ട ഒരു മാലക്കുടി കൊണ്ടുവരണമെന്നു പാറുക്കുട്ടിയുടെ പേക്ഷ് എഴുതി അയച്ചിരുന്നതു സോമന്റെ സ്മൃതിപഥത്തിലെത്തി. ഈ മാലക്കുടാതെ പാറുക്കുട്ടിയെ ചെന്നു കാണുന്നതുതന്നെ അനുചിതമായി സോമനു തോന്നി. മാലയുടെ തിരോധാനത്തെയും, ഹൃദയമോഹിനിയായ പാറുക്കുട്ടിയെയും കുറിച്ചു് കാരോൻ ചിന്തിച്ചുകൊണ്ടു് സോമൻ നിദ്രാധീനനായി.

അപകടസ്ഥിതിയിലെത്തിയ പാറുക്കുട്ടി തന്റെ മുൻപിൽ നില്ക്കുന്നതായും, തന്നെ വിളിച്ചു ദീനദീനം വിലപിക്കുന്നതായും, സ്വപ്നംകണ്ടു സോമൻ ഞെട്ടിയുണർന്നു.

"സോമാ! എന്റെ സോമാ! വേഗംവന്നു് എന്നെ രക്ഷിക്കൂ; ഞാൻ മൃത്യുവിന്റെ പിടിയിൽ—" എന്നുള്ള ദയനീയശബ്ദം അദ്ദേഹത്തിന്റെ ചെവികളിൽ മുഴങ്ങുന്നതുപോലെ തോന്നി. അദ്ദേഹം സംഭ്രാന്തചിത്തനായി കിട

ക്കയിൽനിന്നെഴുന്നേറ്റു് അങ്ങോട്ടുമിങ്ങോട്ടും ഓടി. സോമൻ ഇങ്ങനെ പ്രലപിച്ചു. "ഹാ! ദൈവമേ! എന്റെ പാറുക്കുട്ടി—എന്റെ പ്രേമസർവ്വസ്വം—മൃത്യുവിന്റെ പിടിയിലോ? അവൾക്കെന്തു സംഭവിച്ചു? ഞാനവളോട് ചെയ്തിരുന്ന വാഗ്ദാനങ്ങളും ഇനി എങ്ങിനെയാണു നിറവേറുക. ആരുടെ മധുരസ്മരണകളും ഈ വിദേശവാസത്തിൽ എനിക്കാനന്ദവും, ആശ്വാസവും നൽകിയിരുന്നുവോ ആ പ്രാണാധികപ്രേയസി ദാരുണമായ രോഗംനിമിത്തമോ, അപകടം നിമിത്തമോ എന്റെ സഹായം അപേക്ഷിക്കുന്നു. അനേകായിരം മൈൽ ദൂരെ താമസിക്കുന്ന എനിക്കു് ഇവിടെ എന്തുചെയ്യാൻ കഴിയും? അവളെ ആപത്തിൽ ഹൃദയംഗമമായി സഹായിക്കാനോ, രക്ഷിക്കാനോ എന്നെപ്പോലെ ചുമതല മറ്റാർക്കുണ്ടു്? ഞാനാചുമതല എങ്ങിനെ നിറവേറണം? ഹാ! ഒരു മദാമ്മയുടെ ആജ്ഞാകരനായി നാട്ടിലേക്കു മടങ്ങിപ്പോകാതെ ഇവിടെ താമസിച്ചതുകൊണ്ടാണല്ലോ എനിക്കിങ്ങനെ കണ്ടിതത്തിനിടവന്നതു്? ഞാനടനെ നാട്ടിലേയ്ക്കു തിരിക്കും. മദാമ്മ ഇഷ്ടമുള്ളപ്പോൾ തിരിച്ചുവരട്ടെ. അവരുടെ ഡിസ്റ്റൻസിയുടെ ചുമതല മറ്റാരെങ്കിലും നോക്കട്ടെ. എനിക്കടനെ പോകണം. അതെ, എനിക്കു എന്റെ പാറുക്കുട്ടിയെ രക്ഷിക്കണം." .

ഇരുപത്താറാം അദ്ധ്യായം.

ലീലയും, പാറുക്കുട്ടിയും മദാമ്മയോടു യാത്രപറഞ്ഞു പിരിഞ്ഞുപോയതും, പാറുക്കുട്ടിയെ മറ്റൊരപകടത്തിൽ കടുക്കുന്നതിനു മദാമ്മ മേനോനെ ഏർപ്പാടുചെയ്തതും ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മദാമ്മയുടെ അഭിപ്രായപ്രകാരം അവർ കൊടുത്ത വജ്രമാല അന്നുതന്നെ ഭാസ്കരമേനോൻ അവളുടെ ആഭരണപ്പെട്ടിയിൽ കൊണ്ടുചെന്നു

വച്ചു. അ വിവരം മദാമ്മയെ അറിയിക്കുകയുംചെയ്തു. തന്റെ വിലയേറിയ ഒരു വജ്രമാല മോഷണം പോയിരിക്കുന്നതായും തന്റെ വേലക്കാരി ജോലി പരിചയിച്ചിരുന്ന പാറുക്കുട്ടിയും ലീലയും അകാരണമായി യാതൊരു പറഞ്ഞു പിരിഞ്ഞിരിക്കുന്നതായും, അ മാല അവർതന്നെ മോഷ്ടിച്ചിരിക്കാനിടയുണ്ടെന്നും, ഉടൻതന്നെ ഒരന്വേഷണം നടത്തി വേണ്ടതുചെയ്യണമെന്നും കാണിച്ചു കേശവൻനായരുടെ സഹായത്തോടുകൂടി മദാമ്മ പോലീസ്സിൽ ഒരു ഹർജി കൊടുത്തു. പോലീസിൻസ്സൂപ്രണ്ടർ ഉടൻതന്നെ പൂമംഗലത്തുവന്നു ഭവനപരിശോധന നടത്തുകയും പാറുക്കുട്ടിയുടെ പെട്ടിയിൽനിന്നു മാല കണ്ടെടുക്കുകയുംചെയ്തു. പാറുക്കുട്ടിയുടെ പെട്ടിയിൽനിന്നും മാല കണ്ടെടുത്തതിനാൽ ലീലയുടെ പേരിൽ ഇൻസ്പെക്ടർ കേസ്സെടുത്തില്ല. പാറുക്കുട്ടിയെ അറസ്റ്റുചെയ്തു അവർ ലാക്കപ്പിലേക്കു കൊണ്ടുപോയി. ഈ സംഭവം മാധവിയമ്മയെ അത്യന്തം പീഡിപ്പിച്ചു. മദാമ്മയുടെ പ്രഥമശ്രമം വിഫലമായതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള ഒരു പരാജയമാണിതെന്നു മാധവിയമ്മ ഉദ്ഘോഷിക്കാതിരുന്നില്ല. പാറുക്കുട്ടിയിൽനിന്ന് ഇങ്ങിനെ ഒരു പ്രവൃത്തി ഉണ്ടാകുകയില്ലെന്നു അവൾക്കു ദൃഢവിശ്വാസമുണ്ടായിരുന്നു തന്റെ മകനും നിരപരാധിനിയാണെന്നും, അവളെ എങ്ങിനെയെങ്കിലും രക്ഷിക്കണമെന്നും മാധവിയമ്മ മേനോനോടു് അപേക്ഷിച്ചതിൽ അയാളം നിരസിക്കുകയൊന്നുചെയ്തില്ല്. അതിനാൽ നേരിട്ടതന്നെ സ്റ്റേഷനിൽപോയി ഇൻസ്പെക്ടരേക്കണ്ടു തന്റെ മകൾം നിരപരാധിനിയാണെന്നും, അവളെ സംരക്ഷിക്കണമെന്നും താണപേക്ഷിച്ചു. "മകളുടെ കള്ളത്തരത്തിൻ അമ്മയും സഹായിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് ഇൻസ്പെക്ടർ മാധവിയമ്മയെയും പിടിച്ചു ലാക്കപ്പിലാക്കി. പ്രതിയിൽനിന്നും തൊണ്ടികിട്ടിയിട്ടുള്ളതിനാൽ കേസ്സ് തെളിയിക്കുന്നതിനു പോലീസുകാർ ബലപ്രയോഗമൊന്നും നടത്തുകയുണ്ടായില്ല.

അടുത്ത ദിവസം തൊണ്ടിയോടുകൂടി പാറുക്കുട്ടിയേയും, അമ്മയേയും പ്രതികളാക്കി പോലീസിൻസ്പെക്ടർകോടതിയിൽ കേസു ചാജ്ജുചെയ്തു. മജിസ്ട്രേട്ട മഹാമ്മയുടേയും ഇൻസ്പെക്ടരുടേയും മൊഴിവാങ്ങിയതിനുശേഷം പ്രതികൾക്കു കുറപത്രം കൊടുത്തു. കുറ്റം ചെയ്തിട്ടില്ലെന്നു പ്രതികൾ ബോധിപ്പിക്കുകയാൽ തെളിവെടുക്കുന്നതിനു കേസ് ഒരു മാസത്തെ അവധിവച്ചു മാറ്റുകയുംചെയ്തു. മാനമായും മര്യാദയോടും ജീവിതം നയിച്ചിരുന്ന സുശീലകളായ ആ സ്ത്രീരത്നങ്ങൾ ഇങ്ങനെ ദുർവിധി നിമിത്തം കൊള്ളക്കിണ്ടറുടേയും മൂട്ടയുടേയും മദ്ധ്യേ ഏറ്റം മോഷണപ്പുള്ളികളായി കരാഗൃഹത്തിലകപ്പെള്ളിൽ കിടക്കേണ്ടിവന്നു. തങ്ങളുടെ നിരപരാധിത്വം തെളിയിക്കുന്നതിനു് ഒരു വഴിയും അവർ കണ്ടില്ല. ഉറ്റബന്ധുക്കളെന്നു വിചാരിച്ചിരുന്ന മേനോൻ പോലും സഹായിക്കുന്നതിനോ, രക്ഷിക്കുന്നതിനോ മാറാരുതന്നെ ഇല്ലെന്നുള്ള വിചാരവും അവരെ അത്യന്തം വേദനിപ്പിച്ചു. സത്യത്തിലും, ധർമ്മത്തിലുംനിന്നു് അണുമാത്രംപോലും വ്യതിചലിച്ചിട്ടില്ലാത്ത ആ അശരണകരം തങ്ങളുടെ നിരപരാധിത്വം ഈശ്വരൻതന്നെ തെളിയിക്കട്ടെ എന്നുറച്ചുകൊണ്ടും, അദ്ദേഹത്തെ സ്മരിച്ചുകൊണ്ടും ജയിലിനകത്തെ ദുർദ്ദിവസങ്ങൾ ഓരോന്നായി എണ്ണുവാൻ തുടങ്ങി.

സോമൻ സ്വപ്നംകണ്ടതിന്റെ അടുത്തദിവസംതന്നെ ഡിസ്പെൻസറിയുടെ ചുമതല അസിസ്റ്റൻറിനെ ഏല്പിച്ചിട്ടു നാട്ടിലേക്കു തിരിച്ചു. ഏതാണ്ടു് ആഴ്ചത്തെ ക്ലേശകരമായ യാത്രയ്ക്കുശേഷം അദ്ദേഹം മുകുന്ദപുരത്തു വന്നെത്തി. പാറുക്കുട്ടിയെ കാണാനുള്ള അത്യുൽക്കടമായ ഉൽക്കണ്ഠനിമിത്തം നേരേ പൂമംഗലത്തേക്കു ചെന്നു. അപ്പോഴാണു് അവിടെ കണ്ട കാഴ്ച സോമനെ നിശ്ചേഷ്ടനാക്കിത്തീർത്തു. ഒരാഴ്ചകൊല്ലം മുൻപെ താൻ ബിലാത്തിയിലേക്കു തിരിക്കു

മ്പോഴും ഐശ്വര്യത്തിന്റേയും, സന്തുഷ്ടിയുടേയും കേളീരംഗമായിരുന്ന ആ ഭവനം ഇന്നു കേവലം നിർജ്ജീവമായി കാണപ്പെട്ടു. തന്നെ സ്വീകരിക്കുന്നതിനോ, തന്നോട് സ്നേഹാദരങ്ങൾ കൂടിപ്പിക്കുന്നതിനോ ആരുംതന്നെ പുറത്തേക്കു വരുന്നില്ല. ആകെപ്പാടെ ഒരു ശൂന്യാവസ്ഥ പ്രകടമായി കാണപ്പെട്ടു. ഇതെല്ലാം കണ്ടപ്പോൾ പാറുക്കുട്ടി മരിച്ചുപോയിരിക്കുമെന്നുതന്നെ സോമൻ തീർച്ചപ്പെടുത്തി. ആ യുവാവു ചിന്താപരവശനായി ഒരു ഭ്രാന്തനെപ്പോലെ ആ മുറ്റത്തു് അങ്ങോട്ടുമിങ്ങോട്ടും നടന്നു. ആ സമയം വെളിയിൽപ്പോയിരുന്ന രവി അവിടെ കയറിവന്നു. സോമൻ അവന്റെ അടുക്കലേക്കു പാഞ്ഞുചെന്നിട്ട് "കുഞ്ഞേ! അമ്മയും, ചേച്ചിയും എവിടെ"എന്നു് ഉദ്വേഗത്തോടെ ചോദിച്ചു. രവി പൊട്ടിക്കരഞ്ഞുതുടങ്ങി. സോമൻ കൂടുതൽ സംഭ്രാന്തചിത്തനായിത്തീർന്നു. അദ്ദേഹം രവിയെ കെട്ടിപ്പുണർന്നുകൊണ്ട് "കുഞ്ഞേ! കരയാതിരിക്കൂ. അവർക്കെന്തു സംഭവിച്ചു എന്നു് വേഗം സോമൻചേട്ടനോടു പറയൂ" എന്നുപറഞ്ഞു. രവി വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു:"എന്റെ ചേട്ടൻ ഇപ്പോൾ വന്നതു് ഞങ്ങളുടെ ഭാഗ്യംതന്നെ. എന്റെ അമ്മയും ചേച്ചിയും. അയ്യോ! ശേഷം ഞാനെങ്ങിനെ പറയും. അവർ ഒരു മോഷണക്കേസ്സിൽ സംശയിക്കപ്പെട്ട ജയിലിൽ കിടക്കുന്നു. ഞങ്ങളെ സഹായിക്കുവാൻ ആരുമില്ല. എന്റെ പൊന്നുചേട്ടാ! എന്റെ അമ്മയേയും, ചേച്ചിയേയും രക്ഷിക്കണേ."

സോമൻ വികാരഭരിതനായി. പാറുക്കുട്ടിയെ തനിക്കു കാണുവാൻപോലും കഴികയില്ലെന്നു വിചാരിച്ചിരുന്ന സോമനു് അവളെ കാണാൻ കഴിയുമെന്നു നിശ്ചയംവന്നപ്പോൾ അല്പം സമാധാനവും, ആശ്വാസവും തോന്നി. എന്നാൽ എത്രയും ഹീനമായ മോഷണക്കുറ്റത്തിലേപ്പെട്ട് ജയിലിൽ കിടക്കുന്നതു തന്റെ വിശ്വാസത്തിനും, പ്രേമത്തിനും പാത്രമായ പാറുക്കുട്ടിയും അവളുടെ മാതാവുമാണെ

ന്ന ലോകമറിയുമ്പോൾ തനിക്കുണ്ടാകുന്ന താഴ്ചവീഴ്ചകളേ ക്കുറിച്ച് ആലോചിച്ച സോമന്റെ ഹൃദയത്തിൽ ചില ആശങ്കകളുണ്ടായി. തന്റെ തിരിച്ചുവരവിൽ ഗൃഹാങ്കണത്തിൽനിന്നു തന്നെ സ്വീകരിക്കുമെന്നു പ്രത്യാശിച്ചിരുന്ന പാറുക്കുട്ടിയെ കാരാഗൃഹത്തിനുള്ളിൽ ചെന്നു സന്ദർശിക്കേണ്ടിവരുന്നതിൽ സോമനു് അനല്പമായ കുണ്ഠിതവും വെറുപ്പും തോന്നി. അടുത്തമാത്രയിൽ ഇങ്ങനെ ഒരു നീചകൃത്യം പാറുക്കുട്ടിയോ അവളുടെ മാതാവോ ചെയ്തിരിക്കയില്ലെന്നും, ഇതു ശത്രുക്കളുടെ ഏതോ കുതന്ത്രമായിരിക്കുമെന്നും സോമൻ ഊഹിച്ചു. കേസിനെപ്പറ്റി രവിയോടു പലതും ചോദിച്ചറിഞ്ഞു. മദാമ്മയെന്നും, വജ്രമാലയെന്നും മറ്റും കേട്ടപ്പോൾ സോമൻ അത്ഭുതപാരവശ്യങ്ങൾക്കു വിധേയനായിത്തീർന്നു. ഇതൊരു കള്ളക്കേസ്സായിരിക്കുമെന്നുള്ള സോമന്റെ അഭ്യൂഹം പ്രബലപ്പെടുകയും ചെയ്തു അദ്ദേഹം പെട്ടന്നു രവിയുമൊന്നിച്ചു് വെളിയിലേക്കു പോയി.

പതിനാറാം അദ്ധ്യായം.

ലീലയോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ അറിയാമെന്നു രവി പറഞ്ഞതനുസരിച്ചു് അവർ നേരേ ലീലയുടെ വീട്ടിലേക്കു പോയി. പാറുക്കുട്ടിയെ ഈ പാപകടത്തിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളേക്കുറിച്ചു ലീല ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു് അകസ്മികമായി സോമൻ അവിടെ ചെന്നുചേർന്നതു്.

മരിച്ചുപോയെന്നു വിശ്വസിച്ചിരുന്ന സോമൻ തിരിച്ചുവന്നതുകണ്ടപ്പോൾ ലീലയുണ്ടായ അത്ഭുതം അവർണ്ണനീയമായിരുന്നു. അവൾ ഓടിച്ചെന്നു സോമനെ സ്വീകരിച്ചു് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. തന്റെ ഭാരമേ

റിയ ചുമതല ഏറ്റെടുക്കാൻ അഛനും, പ്രാപ്തനുമായ സോമൻ തിരിച്ചുവന്നതിൽ ലീല അത്യന്തം ആശ്വസിച്ചു. കുശലപ്രശ്നങ്ങൾകൊണ്ടു സോമനെ വീർപ്പുമുട്ടിക്കാതെ ലീല പറഞ്ഞുതുടങ്ങി.

"എന്റെ ചേട്ടാ! ചേട്ടൻ നല്ല സമയത്തുതന്നെ വന്നുചേർന്നു. ചേട്ടൻ ഇങ്ങിനി വരികയില്ലെന്നു ഞങ്ങളെല്ലാം വിശ്വസിച്ചിരുന്നു. മരിച്ചുപോയ ചേട്ടൻ പാറുക്കുട്ടിയെ രക്ഷിക്കാൻ ഉടലെടുത്തുവന്നതുപോലെ തോന്നിപ്പോകുന്നു."

സോമൻ:—ലീല പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

ലീല:—ചേട്ടൻ മരിച്ചുപോയതായി എഴുത്തുവന്നു.

സോമൻ:—അങ്ങനെതന്നെ. എന്നിട്ട്?

ലീല:—അന്നുമുതൽ പാറുക്കുട്ടി ഊണും, ഉറക്കവും ഉപേക്ഷിച്ചു ചേട്ടനെ വിചാരിച്ചുവിചാരിച്ചു് എല്ലുംതോലും മാത്രമായി ചമഞ്ഞിരിക്കുന്നു. പേഷ്കാരുദ്യോഗത്തിന്റെ അനന്തരവൻ വിവാഹം നടത്തുന്നതിനു് ആലോചിക്കുകയും; മകളുടെ അനാരോഗ്യത്തിനും ദുഃഖത്തിനും ശമനമുണ്ടാകുമെന്നു കരുതി മാധവിയമ്മ അതിനനുകൂലിക്കുകയും ചെയ്തു. പക്ഷേ "സോമനില്ലെങ്കിൽ എനിക്കു വിവാഹവും വേണ്ടാ" എന്നു് അവൾ തീർത്തുപറഞ്ഞു.

സോമൻ നെടുവീർപ്പിട്ടു. പാറുക്കുട്ടിയുടെ അപരിമേയമായ പ്രേമദാർഢ്യത്തെക്കുറിച്ചു് അത്യാശ്ചര്യമുണ്ടായിരുന്നു വിശ്വാസം ശതഗുണീഭവിച്ചു. അവളുടെ ഇപ്പോഴത്തെ ദയനീയസ്ഥിതിക്കെല്ലാം കാരണം താൻ തിരിച്ചുവരാൻ കാലവിളംബം വരുത്തിയതുമൂലമാണെന്നു് ഓർത്തപ്പോൾ അവളുടെ മനസ്സു് കൂടുതൽ അസ്വസ്ഥമായിത്തീർന്നു.

സോമൻ വീണ്ടും ചോദിച്ചു: "ചീലേ! അവളിപ്പോഠം ജയിലിലാണെന്നു് രവി പറയുന്നു. അതെങ്ങനെ സംഭവിച്ചു?"

ലീല:—ഒരിംഗ്ലീഷ്യുവതി ഇവിടെവന്നു് ഒരു ഡിസ്പെൻസറി തുറന്നു് ആളുകളെ ധമ്മമായി ചികിത്സിച്ചു തുടങ്ങി. അവരുടെ ആയുസംരക്ഷണം കണ്ടു് ആകൃഷ്ടരായിത്തീർന്ന പാറുക്കുട്ടിയും ഞാനും അവരെ സഹായിക്കുന്നതിനു ദിവസേന അവിടെ പൊയ്ക്കൊണ്ടിരുന്നു. മേനോനും മദാമ്മയുമായി ആലോചിച്ചു പാറുക്കുട്ടിയെ വധിക്കാൻ ഒരു ശ്രമംനടന്നു. ദൈവഗത്യാ അതിൽനിന്നു രക്ഷനേടി. ഞങ്ങടം മദാമ്മയോടു യാത്രപറഞ്ഞു പിരിഞ്ഞുപോരികയുംചെയ്തു. അതിനുശേഷം മദാമ്മയുടെ വക ഒരു വജ്രമാല പാറുക്കുട്ടി മോഷ്ടിച്ചതായി ഒരു കേസുണ്ടാക്കി. നിർഭാഗ്യവശാൽ ആ വജ്രമാല പാറുക്കുട്ടിയുടെ പെട്ടിയിൽനിന്നു തൊണ്ടിയെടുക്കുകയും ചെയ്തു കേസ് തെളിവെടുക്കുന്നതിനു് അവധി വച്ചിരിക്കുകയാണു്.

സോമൻ:—എല്ലാം വളരെ വിചിത്രമായിരിക്കുന്നു. ആകട്ടെ, നമുക്കെങ്ങിനെയെങ്കിലും അവരെ രക്ഷപ്പെടുത്താൻ നോക്കണമല്ലോ. കേസിന്റെ അവധി എന്നാണു്?

ലീല:—നാളെ.

സോമൻ:—കേസ് ശരിക്കു വിസ്തരിക്കണം. ഇന്നുതന്നെ ഒരു നല്ല വക്കീലിനെ ഏർപ്പാടുചെയ്യാം. കേസിൽ ലീല ഒരു സാക്ഷിയായിരിക്കും. മദാമ്മയുടെ വഞ്ചന ലീലമുഖേന വെളിയിൽ വരട്ടെ. മോഷണത്തിൽനിന്നു രക്ഷനേടുന്നതിനു വേണ്ട തെളിവുകൾ ഞാൻ കൊടുത്തുകൊള്ളാം.

ലീല:—വളരെ സന്തോഷം. പാറുക്കുട്ടിക്കുവേണ്ടി എന്തു ചെയ്യുന്നതിനും ഞാൻ തയാറാണു്.

സോമൻ ലീലയുടെ വീട്ടിൽനിന്നും ഊണുകഴിച്ചതിനു ശേഷം വക്കീലിനെ കാണുവാൻ പോയി. ലീലയിൽ നിന്നും കിട്ടിയ വിവരങ്ങൾകൊണ്ടു് ആ മദാമ്മ നേഴ്സിംഗ് തോമിന്റെ ഉടമസ്ഥതന്നെയാണെന്നും, അവൾ പാറുക്കുട്ടിയെ എങ്ങിനെയെങ്കിലും വധിച്ചു തന്റെ പ്രേമം കൃത്രിമമായി കൈക്കലാക്കുന്നതിനുവേണ്ടി തന്നെ കളിപ്പിച്ചു് ഇൻഡ്യയിലേക്കു പോന്നതാണെന്നും സോമൻ നിശ്ചയിച്ചു. തന്റെ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന വജ്രമാല കാണാതെപോയ കാര്യവും സോമന്റെ ഓർമ്മയിൽ വന്നു. ആ മാല മറ്റൊരു പ്രകാരത്തിൽ പാറുക്കുട്ടിയുടെ കൈയിൽതന്നെ വന്നുചേർന്നിരിക്കുന്നതു് സോമനെ അത്യന്തം ചരിതാർത്ഥനാക്കി. നാളെത്തന്നെ മദാമ്മയുടെ വഞ്ചനയും, ക്രൂരതയും, കോടതിസമക്ഷം തെളിയിച്ചു പാറുക്കുട്ടിയേയും, മാതാവിനേയും മോചിപ്പിക്കാമെന്നും വീണ്ടുകിട്ടുന്ന മാല അവളുടെ ഗളത്തിൽത്തന്നെ അണിയിക്കാമെന്നും സമാധാനിച്ചുകൊണ്ടു് സോമൻ വക്കീലാഫീസിലെത്തി.

ഇരുപത്തെട്ടാം അദ്ധ്യായം.

പിറേന്നു പതിനൊന്നുമണിക്കു കോടതി കൂടിയപ്പോൾ പാറുക്കുട്ടിയേയും, മാധവിയമ്മയേയും പോലീസിൻ സ്പെക്ടർ കോടതിയിൽ ഹാജരാക്കി. വാദി മദാമ്മയും കോടതിയിൽ ഹാജരായിട്ടുണ്ടു്. തലേദിവസം സോമൻ ഏറ്റുപറഞ്ഞിരുന്നതനുസരിച്ചു വക്കീൽ മി: ഗണേശയ്യർ പ്രതികളുടെ വക്കാലത്തു് അവരേക്കൊണ്ടു് ഒപ്പിടുവിച്ചു കോടതിയിൽ ഹാജരാക്കി. അതോടൊന്നിച്ചു സാക്ഷിപ്പട്ടികയും സമർപ്പിച്ചു. ആ പ്രവൃത്തി ലീലയുടെ നിർദ്ദേശപ്രകാരമായിരിക്കുമെന്നു പാറുക്കുട്ടി ഊഹിച്ചു. എന്തെ

ന്നാൽ സോമൻ വന്ന വിവരം അവൾ അറിഞ്ഞിരുന്നില്ല. വാദിയെ ക്രാസുചെയ്യുന്നുണ്ടോ എന്നു മജിസ്ട്രേട്ട് ചോദിച്ചു. "ഉവ്വ്" എന്നു പറഞ്ഞു ഗണേശയ്യർ മദാമ്മയെ ക്രാസുചെയ്തു. സോമനെന്നൊരാൾ തന്റെ നേഴ്സിംഗ് ഹോമിൽ ജോലിനോക്കിയിരുന്നതായും അയാളുമായി വിവാഹബന്ധത്തിലേർപ്പെടാൻ താൻ ആശിച്ചിരുന്നതായും മദാമ്മ ആദ്യമായി മൊഴികൊടുത്തു. ഈ മാല ആ സോമൻ തനിക്കു സമ്മാനമായി തന്നതാണെന്നും അദ്ദേഹം തന്റെ നേഴ്സിംഗ് ഹോമിൽ ചികിത്സയിലിരിക്കവേ മരിച്ചു പോയെന്നും മദാമ്മ തുടർന്നു. തന്റെ ഡിസ്പെൻസറിയിൽ ജോലിനോക്കിയിരുന്ന പാറുക്കുട്ടിയും ലീലയുമല്ലാതെ മറാരും ആ മാല കണ്ടിട്ടില്ലെന്നും, ആ മാല മോഷണംപോയ ദിവസം രാവിലെ ആകസ്മികമായി അവർ ഡിസ്പെൻസറിയിലെ ജോലി മതിയാക്കി പൊയ്കളഞ്ഞെന്നും, ആ മാലതന്നെയാണു പാറുക്കുട്ടിയുടെ വീട്ടിൽനിന്നും കണ്ടെടുത്തിട്ടുള്ളതെന്നും അവൾ കോടതിയെ ധരിപ്പിച്ചു. മേസ്തിരമേനോനും, കേശവൻനായരും ചിലപ്പോൾ ഡിസ്പെൻസറിയിൽ വരാറുണ്ടെന്നും, പല കാര്യങ്ങളേക്കുറിച്ചും മദാമ്മയും അവരും തമ്മിൽ ആലോചിക്കാറുണ്ടെന്നും മദാമ്മയുടെ മൊഴിയിൽ പ്രസ്താവിച്ചിരുന്നു.

അനന്തരം പ്രതിഭാഗം ഒന്നാംസാക്ഷിയായ ലീലയെ വിസ്തരിച്ചു. ലീല ഇങ്ങനെ മൊഴികൊടുത്തു. "ഞാനും, പാറുക്കുട്ടിയുംകൂടി ഡിസ്പെൻസറിയിൽ ജോലിചെയ്തിരുന്നു. മദാമ്മയും, മേനോനും, കേശവൻനായരുംകൂടി ഒരു ദിവസം രാത്രി പാറുക്കുട്ടിയെ വധിക്കാൻ ഒരു ഗൂഢാലോചന നടത്തി. പാറുക്കുട്ടി ദൈവഗത്യാ അതിൽനിന്നും രക്ഷപ്രാപിച്ചു. ഞങ്ങൾ രണ്ടുപേരും അക്കാരണത്താൽതന്നെ അടുത്തദിവസം മദാമ്മയോടു യാത്രപറഞ്ഞുപിരിഞ്ഞു. പാറുക്കുട്ടി മോഷ്ടിച്ചതായി പറയപ്പെടുന്ന മാല ഇതിനുമുൻപു് മദാമ്മ ഞങ്ങളെ കാണിച്ചിട്ടുണ്ടു്. അതു്

സോമൻ എന്നൊരാളുടെ വകയാണെന്നും, അയാൾ മരിക്കുന്നതിനുമുൻപു താൻചെയ്ത രോഗശുശ്രൂഷയ്ക്ക് പ്രതിഫലമായി തനിക്കു തന്നതാണെന്നും മദാമ്മ ഞങ്ങളോടു പറഞ്ഞു മരിച്ചെന്നു പറയപ്പെട്ടന്ന ആ സോമൻ പാറുക്കുട്ടിയുടെ കമിതാവാണു്. പാറുക്കുട്ടിയെ വധിക്കാനുള്ള ശ്രമം വിഫലമായപ്പോൾ മറ്റൊരു വിധത്തിൽ അവളെ ഉപദ്രവിക്കുവാൻവേണ്ടി ഈ മാല മറ്റാരുടേയോ സഹായത്തോടുകൂടി മദാമ്മതന്നെ പൂമംഗലത്തു കൊണ്ടുപോയി വെച്ചിരിക്കണം. താനുമായി വിവാഹബന്ധത്തിലേർപ്പെടുവാൻ പാറുക്കുട്ടി വിസമ്മതിച്ചതിനാൽ അവളോടു ശത്രുതയിൽ കഴിഞ്ഞുവരുന്ന മേനോൻതന്നെയായിരിക്കണം ഈ കായ്മുത്തിലും മദാമ്മയെ സഹായിച്ചിട്ടുള്ളതു്. പാറുക്കുട്ടി സുശീലയും വിവേകശാലിനിയുമാണു്. അവരം ഇങ്ങനെയുള്ള ദുഷ്പ്രവൃത്തികൾക്കു കരിക്കലും ഒരുങ്ങുകയില്ല."

അടുത്തസാക്ഷിയായ സോമനെ വിളിച്ചു. ദൂരെ മാറിനിന്നിരുന്ന സോമൻ വികാരാവേശത്തോടെ കോടതിമുറിയിൽ പ്രവേശിച്ചു. മജിസ്ട്രേട്ടും അവിടെ കൂടിയിരുന്ന മറ്റാളുകളും അത്ഭുതാധീനരായി. മദാമ്മ ഭയംകൊണ്ടു വിറച്ചുതുടങ്ങി. സോമന്റെ അപ്രതീക്ഷിതമായ ആഗമനത്തോടെ തന്റെ കുതന്ത്രങ്ങൾ ഉടനെ വെളിപ്പെടുമെന്നും, തന്റെ നില അപകടത്തിലാകുമെന്നും കണ്ടു മദാമ്മ അത്യന്തം സംഭ്രാന്തയായി. പാറുക്കുട്ടിയോ? സോമനെ കണ്ടമാത്രയിൽ സന്തോഷംകൊണ്ടോ, സന്താപംകൊണ്ടോ എന്തായാലും വേണ്ടില്ല അവളുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ ധാരധാരയായി പ്രവഹിച്ചു. മരിച്ചുപോയതായി താൻ വിശ്വസിച്ചിരുന്ന തന്റെ ഹൃദയാരാധകന്റെ പുനഃസമാഗമത്തിൽ ആ സാധ്വിയുടെ ഹൃദയം വികാരതരളിതമായി. അത്ഭുതാധീനയായ അവൾ സോമനെ ഉറ്റുനോക്കിക്കൊണ്ടു് ഒരു കൽപ്രതിമപോലെ കോടതിമുറി

യിൽ നിന്നുപോയി. അല്പസമയത്തേക്ക് ആ മുറിക്കകം പരിപൂർണ്ണനിശ്ശബ്ദതയിൽ ലയിച്ചു. സോമൻ സാക്ഷിക്കൂട്ടിൽ കയറിയതോടെ ആ നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടു. സോമന്റെ മൊഴി ഇങ്ങനെ സംഗ്രഹിക്കാം.

"ഞാൻ വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കു പോയിരുന്നു. വൈദ്യബിരുദം സമ്പാദിച്ചതിനുശേഷം അവിടെ ഉള്ള ഒരു നേഴ്സിംഗ്ഹോമിൽ ഡാക്ടറായി ജോലിനോക്കിവന്നു. ആ ഹോമിന്റെ ഉടമസ്ഥയാണ് ഈ കേസിലെ വാദി. ഈ മഠാമ്മയെ ഞാൻ വിവാഹംകഴിക്കണമെന്ന് അവർ പലതവണ എന്നോടപേക്ഷിച്ചു. ഞാനും, ഈ കേസിലെ ഒന്നാംപ്രതിയായ പാറുക്കുട്ടിയും തമ്മിൽ മുൻപേതന്നെ പ്രേമബദ്ധരായിരുന്നതിനാൽ ഞാൻ ആ അപേക്ഷ നിരസിച്ചു. ഞങ്ങളുടെ പ്രേമബന്ധത്തെക്കുറിച്ചു മഠാമ്മ മനസ്സിലാക്കിയിരുന്നു. പാറുക്കുട്ടിയെ അപായപ്പെടുത്തിയാൽ എന്നെ ഭർത്താവായി കിട്ടുമെന്നു അവർ ഉദ്ദേശിച്ചിരിക്കണം. മഠാമ്മ ഏതാനും മാസങ്ങൾക്കു മുൻപ് അമേരിക്കയിലേക്കു പോകയാണെന്നുപറഞ്ഞു ഇംഗ്ലണ്ടു വിടുകയുണ്ടായി. കേസിൽ ഹാജരാക്കിയിട്ടുള്ള വജ്രമാല എന്റെ വകയാണ്. അതിൽ എന്റെ പേരു കൊത്തിയിട്ടുണ്ട്. ഞാൻ തിരിച്ചു വരുമ്പോൾ പാറുക്കുട്ടിക്കു കൊടുക്കാനുദ്ദേശിച്ച് ഒരു കമ്പിനിക്കാരോടു വിലയ്ക്കു വാങ്ങി സൂക്ഷിച്ചിരുന്ന ഈ മാല കാണാതെപോയിട്ട് ഏതാനും മാസങ്ങളായി. അതു് ഈ മഠാമ്മ തട്ടിയെടുത്തും കൊണ്ടുപോയതാണ്. ഞാൻ മരിച്ചെന്നു വരുത്താനുള്ള ശ്രമവും ഇവർ നടത്തിയിട്ടുണ്ട്. ഇതെല്ലാം ഞങ്ങളുടെ പ്രേമബന്ധത്തെ ശിഥിലമാക്കുന്നതിനും, ഞാൻ ഭർത്താവായിത്തീരുന്നതിനുംവേണ്ടി ഈ മഠാമ്മ പ്രവർത്തിച്ചിട്ടുള്ള കൃത്രിമങ്ങളാണ്". അതുകയാൽ കോടതിയുടെ ഭയവുണ്ടായി മാല എനിക്കുതന്നെ തിരിയെ തരണമെന്ന് അപേക്ഷിക്കുന്നു."

മദാമ്മയോട്ട സാക്ഷികളെ ക്രാസുചെയ്യുന്നുണ്ടോ എന്നു കോടതി ചോദിച്ചു. ക്രാസുചെയ്യുന്നില്ലെന്നു മദാമ്മ ബോധിപ്പിക്കുകയാൽ ഉടൻതന്നെ വാദം കേൾക്കുകയും, മദാമ്മയുടെ കൃത്രിമം കോടതിക്കു ബോദ്ധ്യമാകുകയും ചെയ്തു. കോടതി അന്യായം തള്ളിയിരിക്കുന്നതായും, മാല സോമനുതന്നെ വിട്ടുകൊടുക്കേണ്ടതാണെന്നും, പ്രതികക്ഷപേക്ഷയുള്ളപക്ഷം മദാമ്മയേയും മറും പ്രാസിക്യൂട്ടു ചെയ്യുന്നതാണെന്നും വിധി പ്രസ്താവിച്ചു. പാറുക്കുട്ടിയും മാധവിയമ്മയും വിമുഖരായി. മാല സോമനുതന്നെ തിരികെ കിട്ടുകയുംചെയ്തു.

ഇരുപത്താൻപതാം അദ്ധ്യായം.

കേസ് വിധികഴിഞ്ഞയുടനെ മാധവിയമ്മയും, പാറുക്കുട്ടിയും പ്രതിക്കൂട്ടിൽനിന്നും വെളിയിൽവന്നു. സോമനും, ലീലയുംകൂടി സന്തോഷസമേതം അവരെ സ്വീകരിച്ചു. അവരെല്ലാവരുംകൂടി ഗണേശയ്യരോടു നന്ദി പ്രദർശിപ്പിച്ചിട്ട് ഒരു കുതിരവണ്ടിയിൽക്കയറി പൂമംഗലത്തേക്കുപോയി. അവർ വീട്ടിലെത്തുമ്പോൾ അവിടെ ഒരു വാല്യക്കാരിമാത്രമുണ്ടായിരുന്നു. മാധവിയമ്മയ്ക്കും, പാറുക്കുട്ടിക്കും സംഭവിച്ച അത്യാഹിതത്തിൽ അത്യന്തം വ്യാകുലപ്പെട്ടുകൊണ്ടിരുന്ന ആ ഭൃത്യ അവരുടെ തിരിച്ചുവരവിൽ അത്ഭുതചിത്തയായിട്ട് ഓടിവന്ന് അവരെ സ്വീകരിച്ചു. അവരോടൊന്നിച്ചു സോമനെക്കൂടി കണ്ടപ്പോൾ ആ ഭൃത്യയ്ക്കുണ്ടായ സന്തോഷവും, കൃതാർത്ഥതയും അവർണ്ണനീയമായിരുന്നു. അവൾ അടക്കാൻവയ്യാത്ത ആവേശത്തോടെ പറഞ്ഞു. "ഇതെന്തൊരത്ഭുതം. മരിച്ചയാൾ തിരിച്ചു

വന്നിരിക്കുന്നു. ഇതുപോലെ ഞങ്ങളൊക്കെ ചത്താലും തിരിച്ചുവരുമോയെന്തോ? കൊച്ചുങ്ങന്നേ! ഈ വിദ്യ എനിക്കുംകൂടി പറഞ്ഞുതരണേ."

സോമൻ:—അതൊക്കെ പന്നീട്ടു പറയാം. അകത്തുചെന്ന് വേഗം കാപ്പി തയ്യാറാക്കു.

ഭൃത്യ:—മേനോനദ്ദേഹത്തിനു തയ്യാറാക്കിയ കാപ്പി ഇരിപ്പുണ്ട്. അദ്ദേഹം രാവിലെ വെളിയിൽപോയിട്ട് ഇതേവരെ തിരിച്ചുവന്നിട്ടില്ല.

സോമൻ:—ആര്, ഭാസ്കരമേനോനോ?

ഭൃത്യ:—അതെയതെ. അദ്ദേഹം ഇവിടെ കാലെടുത്തുകുത്തിയപ്പോൾ മുതൽ ഈ വീട്ടു മുശേട്ടകേറിയതുപോലെയായി.

സോമൻ മാധവിയമ്മയുടെ മുഖത്തേക്കു നോക്കി. മാധവിയമ്മ എന്താണു പറയേണ്ടതെന്നറിയാതെ കുഴങ്ങുകയായിരുന്നു. എങ്കിലും സോമന്റെ അത്ഥഗർഭമായ നോട്ടം കണ്ടിട്ടു കായ്യം തുറന്നു പറയാമെന്ന് അവർ തീർച്ചപ്പെടുത്തി. "കുടുംബകായ്യങ്ങളം നോക്കുന്നതിനു വേറേ പുരുഷന്മാരില്ലായിരുന്നതിനാൽ മേനോന്റെ സഹായം അപേക്ഷിക്കുകയും, മേനോൻ ഇവിടെവന്നു താമസമാക്കുകയുംചെയ്തു. അങ്ങിനെയിരിക്കെ ഇവിടത്തെ സ്വത്തുക്കളിൽ മേനോൻ കണ്ണോടു് ഉടമ്പടിവാങ്ങിച്ചു ഇപ്പോൾ ഇവിടത്തെ കായ്യങ്ങളെല്ലാം മേനോൻതന്നെയാണു നടത്തിവരുന്നതു്."

സോമൻ:—കൊള്ളാം. നല്ല കായ്യം. പുരുഷന്മാരില്ലാത്ത വീട്ടിൽ സ്ത്രീകളെ കളിപ്പിച്ചു് എന്തും ചെയ്യകളയാമെന്നോ? അപ്പോൾ മേനോന്റെ വരുതിക്കുടാതെ നമുക്കിവിടെ പ്രവേശിക്കാൻതന്നെ കായ്യമില്ല.

പാറുക്കുട്ടി:—അമ്മ ഈകാര്യം എന്നോടുപോലും പറഞ്ഞില്ലല്ലോ. ബുദ്ധിമതിയായ എന്റെ അമ്മയ്ക്ക് ഇങ്ങനെ ഒരു ചതിവുപ്രയോഗത്തിൽ ഞാൻ അത്ഭുതപ്പെടുന്നു.

മാധവി:—കുഞ്ഞേ! സോമൻ മരിച്ചെന്നു കേട്ടപ്പോൾ തന്നെ നിന്നോടൊപ്പം എന്റെയും ബുദ്ധി മങ്ങിപ്പോയി. എനിക്കു സ്വത്തിലും, സുഖത്തിലും, ഒന്നിലുംതന്നെ നിഷ്കർഷ ഇല്ലാതെയായി. നിന്നെ വിവാഹജീവിതത്തിലേയ്ക്കു കടത്തുവാനുള്ള എന്റെ ശ്രമങ്ങളും പരാജയപ്പെട്ടു. ഇങ്ങനെ എന്റെ മനസ്സ് ഏറ്റവും ദുർബലമായിത്തീർന്ന അവസരത്തിലാണ് മേനോൻ ഉടമ്പടിയേക്കുറിച്ചു പറയുന്നത്. അയാൾ തന്നെ വിവാഹംചെയ്യാനാലോചിച്ചതും നിനക്കറിയാമല്ലോ. അതുകൊണ്ട്, അയാൾ നമ്മുടെ ബന്ധുവാകുന്നതു വിചാരിച്ചു് ഞാൻ ഉടമ്പടികൊടുത്തുപോയതാണു്.

സോമൻ:—അമ്മ പറഞ്ഞതെല്ലാം പരമാർത്ഥമാണു്. ഞാൻ മരിച്ചുപോയെന്നു് അറിയുകിട്ടിയ സ്ഥിതിക്കു മേനോനെ ബന്ധുവായി സ്വീകരിക്കാമെന്നു വിചാരിച്ചതിൽ തെറ്റില്ല. അയാളെ വിശ്വസിച്ചു് ഉടമ്പടി കൊടുക്കുക എന്നതുമാത്രമേ സാധാരണമായിരുന്നുള്ളൂ.

പാറു:—പക്ഷേ ബന്ധുവാകാൻവന്ന മേനോൻ ശത്രുവായിട്ടാണു വർത്തിച്ചിരുന്നതെന്നു് അമ്മയ്ക്കറിയാമോ?

മാധവി:—അറിയാം. ആ ദ്രോഹി എന്റെ കുഞ്ഞിനെ കൊല്ലുവാൻ ശ്രമിച്ചു. അവളെ മോഷണക്കേസ്സിൽ കുടുക്കുന്നതിനു് ആ മഠാമ്മയെ സഹായിച്ചു. ഞാൻ അയാളോടു താണുപേക്ഷിച്ചിട്ടും അയാൾ നമ്മെ സഹായിക്കാൻ തയ്യാറായില്ല.

സോമൻ:—അതുകൊണ്ടു്, ആ മഠാമ്മയേയും, മേനോനേയും പ്രോസിക്യൂട്ടുചെയ്യുന്നതിനു് കോടതിയിൽ അപേക്ഷ ബോധിപ്പിച്ചേയ്ക്കാം.

അവരെല്ലാവരും കാപ്പികുടികഴിഞ്ഞു. സോമൻ മേനോനെയും, മദാമ്മയെയും കാണുന്നതിനു വെളിയിൽപോയി. അദ്ദേഹം ആദ്യം ഡിസ്പെൻസറിയിലേക്കാണു ചെന്നതു്. അദ്ദേഹം അവിടെ ചെല്ലുമ്പോൾ മദാമ്മ ഭയചരവശയായി ഒരു സോഫയിൽ കിടക്കുന്നു. സോമനെ കണ്ടപ്പോൾ അവരുടെ പരവശ്യം കൂടുതൽ വർദ്ധിച്ചു. അവർ തൊണ്ടയിടറിക്കൊണ്ടു് "സോമാ! എന്റെ സോമാ! എന്നെ രക്ഷിക്കൂ. ഞാൻ നിന്റെ ജീവനെ രക്ഷിച്ചുവല്ലേ" എന്നു ദീനസ്വരത്തിൽ അപേക്ഷിച്ചു. സോമന്റെ ഹൃദയം അലിഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു. അദ്ദേഹം പറഞ്ഞു. "പ്രിയപ്പെട്ട യുവതീ! സമാശ്വസിക്കൂ. ഞാൻ കൃതഘ്നനല്ല. പക്ഷേ അനർഘമായ എന്റെ പ്രേമത്തിനുവേണ്ടി ഭവതി എന്തെന്തു സാഹസങ്ങളാണു പ്രവർത്തിച്ചുപോയി.

മദാമ്മ:—സോമാ! ഞാൻ തെറ്റുകാരിതന്നെ. നിന്റെ അനർഘമായ പ്രേമം നേടാൻവേണ്ടി ഞാനിതൊക്കെ പ്രവർത്തിച്ചുപോയി. നിന്റെ ആ അമൂല്യപ്രേമത്തിനു് ഞാൻ അനർഹതന്നെ. എന്റെ തെറ്റുകൾ ക്ഷമിച്ചു് എന്നിൽ മാപ്പു തരൂ.

സോമൻ മദാമ്മയെ സമാധാനപ്പെടുത്തി. അദ്ദേഹത്തിൽനിന്നും തനിക്കു് അഭയം ലഭിക്കുമെന്നു തീർച്ചയായപ്പോൾ മദാമ്മ ഒരു തെറ്റുചീട്ടുപോലെ എഴുന്നേറ്റിരുന്നു.

അവർ വീണ്ടും പറഞ്ഞു. "സോമാ ഞാൻ ആ പാവക്കുട്ടിയെ വഞ്ചിച്ചു. എന്റെ തെറ്റു് എത്ര ഭീമമാണെന്നു ഞാൻ മനസ്സിലാക്കുന്നുണ്ടു്. ഞാൻ അതിൽ പശ്ചാത്തപിക്കുന്നു. എനിക്കവളോടു മാപ്പു ചോദിക്കണം. നിന്നോടൊന്നിച്ചു ഞാൻക്രൂടി വരുന്നു. ദയവുചെയ്തു് എന്നെക്കൂടി പൂമംഗലത്തേക്കു കൊണ്ടുപോകണം.

സോമൻ സമ്മതിച്ചു. പക്ഷേ, താൻ പോകുന്നതു പൂമംഗലത്തേക്കല്ലെന്നും, ഈ ദ്രോഹപ്രവൃത്തികൾക്കെല്ലാം സഹായിയായിരുന്ന മേനോനെ കണ്ടു് അല്പം സംസാരിക്കാനുള്ളതിനാൽ അങ്ങോട്ടാണു പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. "എങ്ങോട്ടായാലും ഞാൻക്കൂടി വരുന്നുണ്ടെ" ന്നുപറഞ്ഞു മദാമ്മ തയ്യാറായി. സോമനും, മദാമ്മയുംകൂടി അവിടെനിന്നു യാത്രയാവുകയുംചെയ്തു.

മുപ്പതാം അദ്ധ്യായം.

സോമനും മദാമ്മയുംകൂടി മേനവന്റെ വക്കീലാഫീസിലേക്കു പോയി. പൂമംഗലത്തെ ഭരണമേറ്റതിൽപിന്നെ മേനോൻ വക്കീൽവൃത്തിയിൽനിന്നും വിരമിച്ചിരുന്നതിനാൽ പഴയ ആഫീസ് മറ്റാരോ ഉപയോഗിച്ചുവരികയാണു്. മേനോനെ അവിടെ ഇല്ലെന്നു മനസ്സിലായതിനാൽ മദാമ്മയുടെ അഭിപ്രായമനുസരിച്ചു അവർ കേശവൻനായരുടെ ആഫീസിലേക്കു ചെന്നു. അപ്പോഴും മേനോൻ കേശവൻനായരുടെ അടുക്കലിരുന്നു രണ്ടുപേരുംകൂടി എന്തോ ആലോചിക്കുകയായിരുന്നു. സോമനും, മദാമ്മയുംകൂടി ഒരുമിച്ചു ചെല്ലുന്നതുകണ്ടു മേനോൻ പരിഭ്രാന്തനായി. കേശവൻനായക്കു് ഒരു കുലുക്കവും കണ്ടില്ല. അയാൾ രണ്ടുപേരോടും ഇരിക്കാൻ പറഞ്ഞിട്ടു് "എന്താ വല്ല കേസും തരാൻ ഭാവമുണ്ടോ?" എന്നു് ഹാസ്യസൂചകമായ ഒരു പുഞ്ചിരിയോടെ ചോദിച്ചു. സോമൻ പറഞ്ഞു! "ഉണ്ടു്. പക്ഷേ കേസിലെ പ്രതി നിങ്ങളുടെ മുമ്പിൽ ഇരിക്കുന്നല്ലോ. പിന്നെ എങ്ങിനെയാണു് കേസിനെപ്പറ്റി നിങ്ങളോടാലോചിക്കേണ്ടതു്."

കേ: നായർ:—ആര്? മേനോനോ? ഇദ്ദേഹം ഒരു കേസിലും പ്രതിയാകാൻ ഇടയില്ലല്ലോ.

സോമൻ:—ഇയാൾ ഈ മഹാമ്മയുമായി ചേർന്നുകൊ
ണ്ടു് ആ പാവക്കുട്ടിയെ ദ്രോഹിച്ചു. അവളുടെ മാതാവിനെ
വഞ്ചിച്ചു പൂമംഗലംവക സ്വത്തുക്കൾകൈക്കലാക്കും ഉടമ്പടി
വാങ്ങിച്ചു. പുരുഷന്മാരില്ലാത്ത ആ വീട്ടിൽക്കടന്നു് അവ
രോടു ബന്ധുത്വം നടിച്ചുംകൊണ്ടു് ഇയ്യവക ദുഷ്കൃത്യങ്ങൾ
ചെയ്തിരിക്കുന്നു. ഇയാളുടെ വഞ്ചന കോടതിക്കും മനസ്സി
ലായിട്ടുണ്ടു്. ഇയാളെ പ്രാകൃതപ്പെടുത്തുന്നതിനു് അപേ
ക്ഷ കൊടുക്കുന്നതിനു മുൻപായി എന്റെ മുമ്പാകെവന്നു
നേരിട്ടു വിവരം പറയാൻ വന്നതാണു്.

മേനോന്റെ ശിരസ്സു ലജ്ജാഭാരംകൊണ്ടു കുനിഞ്ഞു
പോയി. സോമൻ തിരിച്ചുവരുകയും, പാവക്കുട്ടി വിമോചി
തയാവുകയും ചെയ്തതോടെ മേനോന്റെ മനസ്സു ഭയസംഭ്രമ
ങ്ങൾക്കു് അധീനമായിത്തീർന്നു. അനന്തരകരണീയം എന്താ
ണെന്നു് അയാൾ കേശവൻനായരുമായി ആലോചിച്ചുകൊ
ണ്ടിരിക്കുമ്പോഴാണു സോമൻ അവിടെ ചെന്നു് ഇങ്ങനെ
പ്രസ്താവിച്ചതു്. പ്രോസിക്യൂഷനു വിധേയനാകരുതെന്നു മാ
ത്രമേ അയാൾക്കുദ്ദേശമുണ്ടായിരുന്നുള്ളു. അയാൾ കേശവൻ
നായരോടു പറഞ്ഞു. ഇവിടെ വാദിയുടെ ആളും, പ്രതിയും
വന്നിട്ടുണ്ടു്. ഒരു നല്ല വക്കീലിന്റെ ലക്ഷണമാണു്, വാദി
യേയും പ്രതിയേയും യോജിപ്പിച്ചു കേസ്സു് രാജിയാക്കിത്തീ
ർക്കുന്നതു്.

നായർ:—അതിനു വിരോധമില്ല. ഫീസൊട്ടും കുറയ
രുതെന്നേയുള്ളു.

മേനോൻ:—ഫീസു മുഴുവനും ഞാൻതന്നെ തന്നേക്കാം

നായർ:—നിങ്ങൾതന്നെയാണു തരേണ്ടതു്.

മഠാമ്മ:—പോരെങ്കിൽ ഞാനും തന്നേക്കാം.

ഏതായാലും വന്നതു വന്നു. ഈ സംഗതി ആർക്കുമാ
രും കുഴപ്പംകൂടാതെ പര്യവസാനിച്ചാൽ മതി.

നായർ:—മി. സോമൻ ഒന്നും പറയുന്നില്ലല്ലോ. നിങ്ങൾ വിശാലഹൃദയനും, സംസ്കാരസമ്പന്നനുമായ ഒരു യുവാവാണെന്നു് എനിക്കറിയാം മേനോൻ അവിവേകമായി വല്ല തെറ്റുകളും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽതന്നെ രമ്യമായി തീരണമെന്നു് ആഗ്രഹം പ്രദർശിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ മഹാമനസ്കതയാണു് ഇതിനു മാപടി പറയേണ്ടതു്.

സോമൻ:—എനിക്കാരേയും ദ്രോഹിക്കണമെന്നു താല്പര്യമില്ല. ഞാൻ മടങ്ങിവന്നതേയുള്ളൂ. എല്ലാവരുമായി രമ്യമായിരിക്കണമെന്നേ എനിക്കുഗ്രഹമുള്ളൂ മേനോൻചെയ്തതു തെറ്റാണെന്നു സ്വയം മനസ്സിലാക്കിയല്ലോ എന്തു പരിഹാരമാണു് അയാൾ നിർദ്ദേശിക്കുന്നതു"?

മേനോൻ:—പ്രിയപ്പെട്ട സോമാ! ക്ഷമിക്കൂ. ഞാൻ ചെയ്തതെല്ലാം തെറ്റാണെന്നു സമ്മതിക്കുന്നു. എനിക്കു തന്നിട്ടുള്ള ഉടമ്പടി ഞാൻ വലിച്ചെറിയുന്നു. അതു നാളെത്തന്നെ തിരിയെ കൊടുത്തുകൊള്ളാം.

നിവൃത്തിയുള്ളിടത്തോളം കേസുകളൊന്നുംക്രമാതെ കായ്ക്കും ഒതുക്കിത്തീർക്കാനുള്ള സോമന്റെ ആഗ്രഹം സാധിതപ്രായമായതിൽ അദ്ദേഹം കൃതാർത്ഥനായി മേനോനോടുംമറ്റും യാത്ര പറഞ്ഞിട്ടു് അദ്ദേഹം മദാമ്മയോടൊന്നിച്ചു പൂമംഗലത്തേക്കു തിരിച്ചുപോയി. മദാമ്മ പാറുക്കുട്ടിയോടു മാപ്പു ചോദിക്കുകയും, ശത്രുതയെല്ലാം മറന്നുകളയണമെന്നു് അപേക്ഷിക്കുകയും ചെയ്തു.

അടുത്തദിവസംതന്നെ പൂമംഗലംവക സകല സ്വത്തുക്കളും തിരിയെ മാധവിയമ്മയ്ക്കു നൽകിക്കൊണ്ടു മേനോൻ ഉടമ്പടി രജിസ്റ്റരാക്കി. അവരുടെ എല്ലാവരുടെയും അഭിപ്രായമനുസരിച്ചു പാറുക്കുട്ടിയുടെ വിവാഹം അടുത്തുതന്നെ നടത്തുന്നതിനു തീരുമാനിച്ചു. പാറുക്കുട്ടിയുടേയും, മാധവിയമ്മയുടേയും ഹൃദയം ആനന്ദസാന്ദ്രമായി.

ആ ശുഭമുഹൂർത്തവും വന്നണഞ്ഞു. ഒരു നവമഹോത്സവത്തിന്റെ സകല ചടങ്ങുകളും പൂമംഗലത്തു ദൃശ്യമായി. വിവാഹാഘോഷങ്ങളുടെ ചുമതല വഹിച്ചുകൊണ്ടു മേനോനും, മാമ്മയും അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു വിവാഹകാര്യങ്ങളിൽ പങ്കെടുക്കുന്നതു കണ്ടപ്പോൾ സോമനും, പാറുക്കുട്ടിക്കു ഉണ്ടായ സംതൃപ്തിയും സന്തുഷ്ടിയും നിസ്സീമമായിരുന്നു.

ചിരപ്രതീക്ഷിതരായ ആ വധൂവരന്മാർ അതെ, പാറുക്കുട്ടിയും സോമനും—വിവാഹവേദിയിൽ പ്രവേശിച്ചു. സദസ്യരുടെ ജയഘോഷം മുഴക്കി. എല്ലാവരുടെയും അനുമതിയോടുകൂടി സോമൻ ആ വജ്രമാല വധുവിന്റെ കണ്ഠത്തിൽ അണിയിച്ചു. സദസ്സ് വീണ്ടും കുളകളാരവംകൊണ്ടു മുഖരിതമായി. മാമ്മ വികാരപരവശയായി എഴുന്നേറ്റുനിന്നു് ആ നവദമ്പതികൾക്കു മംഗളമാശംസിച്ചുകൊണ്ടു് ഇങ്ങനെ പ്രസ്താവിച്ചു.

"ഞാൻ സോമനെ ഉള്ളുഴിഞ്ഞു സ്നേഹിക്കുന്നു. ആ സ്നേഹത്തിന്റെ പ്രചോദനത്താൽ ഞാൻ സോമനും, പാറുക്കുട്ടിക്കും ചില അഹിതങ്ങളെല്ലാം പ്രവർത്തിച്ചുപോയി. ഞാനതിൽ പശ്ചാത്തപിക്കുന്നു. യഥാർത്ഥമായ പ്രേമം എന്തെല്ലാം പ്രതിബന്ധം നേരിട്ടാലും ഒടുവിൽ വിജയിച്ചുരുകതന്നെ ചെയ്യും. പാറുക്കുട്ടിയുടേയും, സോമന്റേയും വൃത്താന്തം ഇതിനു ഉത്തമസാക്ഷ്യം വഹിക്കുന്നു. ഞാൻ നവദമ്പതികൾക്കു മംഗളമാശംസിക്കുന്നതോടെ വിവാഹപാരിതോഷികമായി മുകുന്ദപുരത്തുള്ള എന്റെ ഡിസ്പെൻസറിയും ഇംഗ്ലണ്ടിലുള്ള എന്റെ നേഴ്സിംഗ്ഹോമും മാത്രമല്ല അനേകലക്ഷം രൂപാ വിലപിടിപ്പുള്ള എന്റെ സകല സ്വത്തുക്കളും സോമനു നൽകിയിരിക്കുന്നു. ഞാനദ്ദേഹത്തിന്റെ ഹിതപ്രകാരം ഇവിടെയുള്ള ഡിസ്പെൻസറിസ

യിൽതന്നെ താമസിച്ചു ദീനജനസേവനം നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

മദാമ്മയുടെ ഈ പ്രഭാഷണം ആ വധൂവരന്മാരെ വികാരതരളിതരാക്കി. അവരുടെ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. കൃതജ്ഞത പറയുന്നതിനുപോലും അവർ അശക്തരായിത്തീർന്നു.

അടുത്തദിവസംതന്നെ മദാമ്മ തന്റെ സ്വത്തുക്കളെല്ലാം സോമന്റെ പേർക്ക് ഉടമ്പടി കൊടുത്തു. അങ്ങനെ സോമൻ ആ ഡിസ്പെൻസറിയുടെ ഉടമസ്ഥനായിത്തീർന്നു. ക്രമേണ ആ ഡിസ്പെൻസറി ഒരു നേഴ്സിംഗ്ഹോമായി രൂപാന്തരപ്പെട്ടു. സോമൻ അവിടത്തെ പ്രധാന ഡോക്ടറായും, പാറുക്കുട്ടിയും മദാമ്മയും ആതുരസംരക്ഷണത്തിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടും ആനന്ദകരമായി ജീവിതം നയിച്ചു.

ശുഭം.